MUNAVIRVL ISLAM HIGH SCHOOL
Date..........
ERNAKULAM

# ബാലസാഹിത്യ ഗ്രന്ഥാവലി

## ലെനിൻ



സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരള.

ബാലസാഹിത്യഗ്രന്ഥാവലി

MUNAVVIRUL ISLAM HIGH SCHOOL
Date..........
ERNAKULAM.

# ലെനിൻ

1971 — 1972

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ
തിരുവനന്തപുരം.

# ഉള്ളടക്കം


1. മഷിക്കുപ്പി
2. പുതിയതാരാട്ട്
3. അടിയാന്റെപുത്രൻ
4. ജീവിതസഖി
5. ഇണപ്രാവുകൾ
6. മിടുക്കന്മാരും മിടുക്കികളും
7. സമർത്ഥനായ വ്ളാദിമീർ
8. എല്ലാർക്കും പ്രിയപ്പെട്ടവൻ
9. ദീപം പൊലിഞ്ഞു.
10. യാഗഭൂമി
11. പരീക്ഷണങ്ങൾ
12. പുതിയവെളിച്ചം
13. നക്ഷത്രം ഉദിക്കുന്നു.
14. ചരിത്ര സത്യങ്ങൾ
15. അണിയറയിൽ
16. സൈബീരിയ
17. കൊടുങ്കാററാരംഭിച്ചു.
18. യുദ്ധവും വിപ്ലവവും
19. തൊഴിലാളിഗവണ്മെൻറ്
20. ജീവിതസായാഹ്നം
21. സ്മാരകങ്ങൾ

# ആമുഖം

1971 ജൂൺ–ജൂലായ് മാസങ്ങളിൽ സ്റേററ് ഇൻസ്ററിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ വച്ച് ഒരു ബാലസാഹിത്യരചനാലയം സംഘടിപ്പിച്ചു. സാഹിത്യകാരന്മാരായ പതിനേഴ് അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപം കൊണ്ട ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പ്രൈമറി വിദ്യാത്ഥികൾക്കു വേണ്ടി രചിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ. വിദ്യാത്ഥികൾക്കു വായനയിലുള്ള ശീലവും താൽപര്യവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ
സ്റേററ് ഇൻസ്ററിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

1971 – 1972 ലെ

## പുസ്തക രചനാലയത്തിൽ പങ്കു കൊണ്ടവർ

1. ശ്രീ. വി. കെ. ബാലചന്ദ്രൻ
2. ,, മണിയൂർ ഇ. ബാലൻ
3. ,, എൻ. ഭാസ്കരപിള്ള
4. ,, സി. എൻ. ഗംഗാധരൻനായർ
5. ,, പി. ഗോപാലകൃഷ്ണൻ നായർ
6. ,, ജെയിംസ് മണിമല
7. ജോസഫ് കുറവിലങ്ങാട്
8. ,, എൻ. കൃഷ്ണൻകുട്ടി
9. ,, കെ. കൃഷ്ണൻനായർ
10. ,, സി. പി. കുഞ്ഞിരാമപ്പൊതുവാൾ
11. ,, കുര്യൻ വേമ്പനി
12. ,, എ. നാരായണൻ എംപ്രാന്തിരി
13. ,, കെ. വി. രാമനാഥൻ
14. ,, സി. കെ. ശ്രീവത്സൻ
15. ,, കെ. സുകുമാരൻ നായർ
16. ,, എൻ. വാസുദേവൻ നമ്പ്യാതിരി
17. ,, കെ. വേലായുധൻ

# ലെനിൻ

## ഒന്നു്

## മഷിക്കുപ്പി

പ്രിയപ്പെട്ടവരേ,

ഞാൻ ഇന്ന ആറു മഷിക്കുപ്പി വിഴുങ്ങി. മഷി നിറച്ചു വച്ചിരുന്ന ആറെണ്ണം. ആ കഴുകന്മാർ എന്നെ കൈയോടെപിടിക്കാൻ നടക്കുകയാണു്. പക്ഷേ ഫലിച്ചില്ല. ഞാൻ അവരെ തോല്പിച്ചുകളഞ്ഞു"

നിങ്ങളുടെ ലെനിൻ

എങ്ങനെ വിശ്വസിക്കാനാണു് ? ഒരു മനുഷ്യൻ ആറു മഷിക്കുപ്പി വിഴുങ്ങുക ! പക്ഷേ ലോകപ്രസിദ്ധനായ ഒരു വിപ്ലവകാരി ജയിലിൽ ഇരുന്നുകൊണ്ടു് തന്റെ കൂട്ടുകാർക്കെഴുതിയതാണു്. അതു കള്ളമാകാൻ തരമില്ല. അദ്ദേഹത്തിന്റെ മഷിയും മഷിക്കുപ്പിയും നാം വിചാരിക്കുന്ന തരത്തിലുള്ളതല്ല. ജയിലിൽ കിടന്നപ്പോൾ അദ്ദേഹം കൂട്ടുകാരെ വിവരങ്ങളറിയിക്കാൻ ഒരുപായം കണ്ടുപിടിച്ചു. തിന്നാൻ കൊടുക്കുന്ന റൊട്ടി നനച്ചു് കൊച്ചുകൊച്ചു മഷിക്കുപ്പികളുണ്ടാക്കും. അവയിൽ നിറയെ പാലൊഴിച്ചു വയ്ക്കും. പുസ്തകങ്ങളുടേയും മാസികകളുടേയും വരി

കൾക്കിടയിൽ പാൽ കൊണ്ടെഴുതും. കടലാസ്സ് ചൂടാക്കുന്നതുവരെ എഴുത്തുകൾ തെളിയുകയില്ല. കടലാസു ചൂടാക്കുമ്പോൾ എഴുത്തുകൾ തെളിയും.

ജയിലർമാരുടെ മണം തട്ടിയാൽ മതി, മഷിക്കുപ്പികളൊക്കെ ഒററ നിമിഷത്തിനുള്ളിൽ അദ്ദേഹം വിഴുങ്ങിക്കളയും. ചിലപ്പോൾ വായിക്കാൻ കിട്ടുന്ന പുസ്തകങ്ങളിൽ ആവശ്യമുള്ള വാക്കുകൾക്കടിയിൽ കുത്തുകളിട്ട് അങ്ങനെയും അദ്ദേഹം കൂട്ടുകാർക്കു കത്തെഴുതാറുണ്ടായിരുന്നു. എന്തൊരു സൂത്രശാലിയായ മനുഷ്യൻ! നൂററാണ്ടുകൾ നീണ്ടുനിന്ന ഒരു രാജവാഴ്ച ഈ അതിബുദ്ധിമാൻെറ മുമ്പിൽ തോററു തൊപ്പിയിട്ടു. ലോകത്തിൽ അങ്ങനെ ആദ്യമായി തൊഴിലാളികളുടെ ഭരണകൂടം സ്ഥാപിതമായി.

അതൊരു നീണ്ട കഥയാണ്. ഒരു മനുഷ്യൻെറ കഥ മാത്രമല്ല. മഹത്തായ ഒരു ജനതയുടെ കഥ കൂടിയാണ് അത്.

## രണ്ട്

# പുതിയ താരാട്ട്

ഭാരതത്തിന്റെ വടക്ക് മഞ്ഞു മൂടിക്കിടക്കുന്ന ഹിമാലയത്തിനുമപ്പുറത്തായി അലയാഴി വരെ നീണ്ടു കിടക്കുന്ന വിശാലമായ ഒരു രാജ്യമുണ്ട്. ലോകത്തിന്റെ ആറിലൊന്നു പരപ്പുണ്ടതിനു്. ചാര നിറത്തിൽ മഞ്ഞിൻ കമ്പിളി പുതച്ച് എന്നുമെന്നുമുറങ്ങുന്ന ചതുപ്പുകളുണ്ട് അവിടെ. ആകാശത്തിൽ തുളച്ചു കയറുന്ന സൂചിയിലക്കാടുകളുണ്ട്. ഗോതമ്പ് വിളഞ്ഞു കിടക്കുന്ന വളക്കൂറുള്ള കരി നിലങ്ങളുണ്ട്. മനുഷ്യനേക്കാൾ ഉയരത്തിൽ പുല്ലുകൾ നിറഞ്ഞ മൈതാനങ്ങളുണ്ട്. കൊല്ലത്തിൽ കുറേക്കാലം കൊടിയ തണുപ്പാണവിടെ. പിന്നെ കുറേക്കാലം കടുത്ത വേനലും. രണ്ടും ഒന്നുപോലെ കഠിനമാണ്.

ജനങ്ങളാണെങ്കിൽ ഭൂമിയെപ്പോലെ ക്ഷമയുള്ളവർ. തേനീച്ചകളെപ്പോലെ അദ്ധ്വാനിക്കുന്നവർ. എളുപ്പം ക്ഷോഭിക്കുന്നവരല്ല. ക്ഷോഭിച്ചാൽ കാട്ടുതീയേക്കാൾ വേഗത്തിൽ ക്ഷോഭം കത്തിപ്പടരുകയും ചെയ്യും.

ആ രാജ്യത്തിന്റെ ഏതാണ്ട് തെക്കു പടിഞ്ഞാറരികു പാറി വോൾഗാ നദി ഒഴുകുന്നു. അതിന്റെ കരയിലായി മഹാനഗരങ്ങളിൽ നിന്നെല്ലാം ഒറ്റപ്പെട്ടു കിടക്കുന്ന ഒരു ചെറിയ പട്ടണമുണ്ട്. സിംബിർസ്ക്. സമ്പത്തിലും സംസ്കാരത്തിലും ഒന്നുപോലെ ദരിദ്രമാണതു്. ഒരു നൂറാണ്ടു മുമ്പ് അവിടെ വൃത്തിയും വെടിപ്പുമുള്ള ഒരു ചെറിയ വീടുണ്ടായിരുന്നു.

അതിന്റെ താഴത്തെ നിലയിൽ നിന്നു് മധുരമായ ഒരു താരാട്ട് ഒഴുകി വരാറുണ്ടു്. റഷ്യൻ ഭാഷയുടെ ഗ്രാമീണ ഭംഗിയിൽ നീട്ടിനീട്ടിപ്പാടാറുള്ള ഒരു പാട്ടു്. ആ താരാട്ടിന്റെ ഈണത്തിനും താളത്തിനും മാത്രമല്ല, അർത്ഥത്തിനും ഒരു പുതുമയുണ്ടായിരുന്നു. അതിന്റെ പൊരുൾ ഏതാണ്ടിങ്ങനെയാണു്.

എന്റെ പിഞ്ചോമനേ,

നിന്റെ മുമ്പിൽ എവിടെയും, വേദനയും വറുതിയുമേയുള്ളു;

അതുകൊണ്ടു്,

ജീവിത വിജയത്തിനു വേണ്ടി,

കർത്തവ്യങ്ങൾ നിറവേററുന്നതിനു വേണ്ടി

നീ സുഖമായുറങ്ങു.

സുഖമായുറങ്ങു.

സാധാരണ അമ്മമാരെപ്പോലെ പൂനിലാവിന്റെ കുളിരെന്നോ, പനിനീരിന്റെ മണമെന്നോ, പാലെന്നോ, തേനെന്നോ ഒന്നും ആ അമ്മ മകനെ വിളിച്ചില്ല. ഈ താരാട്ടു് കേട്ടു് തൊട്ടിലിൽ ഉറങ്ങിയ ശിശു വ്ളാദാമീറും, അതു പാടിയ അമ്മ മേരിയായും ആയിരുന്നു.

കടുത്ത വേനലും, കൊടിയ മഞ്ഞും, മനോഹരമായ വസന്തവും, സുഖകരമായ ശരത്തും പിന്നിട്ടു കൊണ്ടു് കാലം കടന്നു പോയി. ആ ശിശു വളന്നു. ഒടുവിൽ ഒരു വിപ്ലവകാരിയായി ഉയന്നു. ലോകത്തിന്റെ മുഴവൻ ശ്രദ്ധയും ഒന്നിച്ചാകർഷിച്ച ആ മഹാവിപ്ലവകാരി. ആ ശിശുവിനെ അത്തരം ഒരു വിപ്ലവകാരിയാക്കി വളത്തിയ ചുററുപാടുകൾ പലതാണു്. പക്ഷേ ആ അമ്മയുടെ താരാട്ടിനും അതിൽ കാര്യമായ ഒരു പങ്കുണ്ടായിരുന്നു.

ജീവിതകാലം മുഴവൻ അദ്ദേഹം ആ താരാട്ട് ഓർമ്മിച്ചിരു ന്നത്രേ. ചരിത്രകാരന്മാർ അങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ആ മനുഷ്യസ്നേഹിയെ ലോകചരിത്രം "ലെനിൻ" എന്നാണ് വിളിക്കുന്നത്. പക്ഷേ ഉല്യാനോവ് കുടുംബത്തിൽ അദ്ദേഹം വ്ളാദിമീറായിരുന്നു. അച്ഛനും അമ്മയും കൂടി അദ്ദേഹത്തിനി ട്ടപേർ അതാണ്. പക്ഷേ, "ലെനിൻ" ഇന്നു ലോകത്തെവി ടെയും സുപരിചിതമായ ഒരു പേരായിട്ടുണ്ട്.

## മൂന്നു്

# അടിയാൻെറ പുത്രൻ

ലെനിൻെറ കഥ നേരെ അറിയണമെങ്കിൽ അല്പം മുമ്പു നിന്നു തുടങ്ങണം, ഏകദേശം ഒന്നര നൂററാണ്ടുകൾക്കപ്പുറം നിന്നു്. അക്കാലത്തു റഷ്യാക്കാരനായ ഒരടിയാൻ ജീവിതവൃത്തിതേടി പലെടത്തും മാറിമാറി താമസിച്ചു. ഒടുവിൽ ആസ്ട്രഖാൻ പട്ടണത്തിൽ അയാൾ വന്നെത്തി. അവിടെ പാർക്കുമ്പോൾ അന്നാട്ടുകാർ അയാളെ ഇടത്തരക്കാരുടെ കൂട്ടത്തിൽപ്പെടുത്തി. പട്ടണത്തിലെ ഒരു വ്യാപാരശാലയിൽ തുന്നലായിരുന്നു അയാൾക്കു വേല. അയാൾ ദരിദ്രനായി ജനിച്ചു. ദരിദ്രനായി വളന്നു. ദരിദ്രനായിത്തന്നെ മരിക്കുകയും ചെയ്തു. കുടുംബത്തെ നിത്യദുഃഖത്തിലാഴ്ത്തിക്കൊണ്ടു് ആ മനുഷ്യൻ ഈ ലോകത്തോടു യാത്ര പറയുമ്പോൾ മൂത്തമകനായ വാസിലിക്കു പതിനേഴ വയസ്സു പ്രായമെത്തിയിരുന്നുള്ളു.

വിദ്യാഭ്യാസത്തിലുള്ള എല്ലാ ആശകളും വാസിലി കൈവെടിഞ്ഞു. കുടുംബഭാരം ഒററയ്ക്കു ചുമലിലെടുത്തു. ആ പ്രായത്തിലും വാസിലിക്കു ഒരു വാശിതോന്നി. അനുജനായ നിക്കോലായേവിനെ പഠിപ്പിക്കണം. തനിക്കു നഷ്ടപ്പെട്ടതു് അവനെങ്കിലും ലഭിക്കട്ടെ. നിസ്സാരനായ ഒരു തയ്യൽക്കാരൻെറ മകൻ അക്കാലത്തു് അങ്ങനെ ആശിച്ചുകൂടാത്തതാണു്. റഷ്യയിലെ അന്നത്തെ സാമൂഹ്യക്രമം അത്തരത്തിലായിരുന്നു. ആ അനുജനാണെങ്കിലോ ? അതിബുദ്ധിമാനും അധ്യാനശീലനും. വാസിലിയുടെ ആശ സാധിച്ചു. ഒരു വെള്ളി മെഡൽ നേടിക്കൊണ്ടു്

ആ കൊച്ചുമനുജൻ അഭിമാനത്തോടെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

തുടർന്നു പഠിക്കാൻ തന്നെ ആ സാഹസികൻ തീരുമാനിച്ചു കാസിൻ സർവ്വകലാശാലയിൽ ഒരു ശാസ്ത്രവിദ്യാർത്ഥിയായി കൂടി. എങ്ങനെ നിത്യവൃത്തി നേടുമെന്നു ചിന്തിച്ചില്ല. എങ്ങനെയും പഠിക്കണമെന്നു തീരുമാനിച്ചു. ക്ലേശങ്ങളും കഷ്ടപ്പാടുകളും മനക്കരുത്തിന്റെ മുമ്പിൽ പനിനീർപ്പൂക്കളെക്കാൾ മാർദ്ദവമേറിയവയാണ്. ജ്യേഷ്ഠൻ അയച്ചു കൊടുക്കാറുള്ള വളരെ ചെറിയ തുക ഒന്നിനും മതിയാകുന്നില്ല. ആവശ്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഒഴിഞ്ഞ കൈയുമായി വർഷങ്ങൾ തള്ളിനീക്കിക്കൊണ്ടുള്ള ആ ജീവിതയാത്ര ഒരു വിദ്യാർത്ഥിയുടെ ആരോഗ്യത്തെ മാത്രമല്ല, ഉത്സാഹത്തെക്കൂടി തളർത്തിക്കളയാൻ പോരുന്നതാണ്. പക്ഷേ ക്ലേശങ്ങൾ കണ്ട് ഈ വിദ്യാർത്ഥി പിൻവാങ്ങിയില്ല. അവയൊക്കെ അനുഭവിച്ചു. ആ അനുഭവങ്ങളിൽ നിന്ന് അയാൾക്ക് പല നേട്ടങ്ങളുമുണ്ടായി. ഉന്നത ബിരുദം മാത്രമല്ല അയാൾക്കു ലഭിച്ചത്. ഉത്തമമായ സ്വഭാവശുദ്ധി, ക്ഷീണിക്കാത്ത മനശ്ശക്തി, തളരാത്ത പ്രവർത്തനശേഷി ഇവയൊക്കെ കൈമുതലായിക്കിട്ടി. അവയായിരുന്നു വാസ്തവത്തിൽ ബിരുദത്തേക്കാൾ വലിയ നേട്ടം. ജീവിതത്തിന്റെ അന്ത്യനിമിഷം വരെ അവയൊക്കെ ആ മനുഷ്യനു കൂട്ടനിന്നു. അയാൾ ഒടുവിൽ ആറു സന്താനങ്ങളുടെ പിതാവായി. തന്റെ പ്രിയപ്പെട്ട ആറു മക്കൾക്കും നല്ലവനായ ആ പിതാവ് ഈ നേട്ടങ്ങൾ പകർന്നു കൊടുത്തു. മക്കൾക്കു കൊടുക്കാൻ അവ മാത്രമേ അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നുള്ളു. ആ മനുഷ്യന്റെ ജീവിതം പരാജയമായിരുന്നില്ല. ആ മക്കളിൽ ആരും തന്നെ പരാജയപ്പെട്ടില്ല. അടിയാന്റെ പുത്രന്റെ പുത്രനായ നിക്കോലായേവിനു ഇവിടെ എന്താണ് കാര്യമെന്നു സംശയിച്ചേക്കാം. വ്ളാദാമീറിന്റെ, ലോക പ്രസിദ്ധനായ ലെനിന്റെ, പിതാവു് ഈ മനുഷ്യനായിരുന്നു.

## നാല്

# ജീവിതസഖി

നിക്കോലായേവിന് ഏറെത്താമസിയാതെ ഒരു സർക്കാർജോലികിട്ടി. പെൻസാപ്രോവിൻസിലെ ഒരു വിദ്യാഭ്യാസസ്ഥാപനത്തിലായിരുന്നു അതു്. അദ്ദേഹം അവിടെ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഗണിതവും ഭൗതികശാസ്ത്രവും പഠിപ്പിക്കുക, അദ്ദേഹത്തിനു അത്യന്തം രസകരമായിരുന്നു. സഹപ്രവർത്തകരുടേയും വിദ്യാർത്ഥികളുടെയും ഇടയിൽ ഏററവും നല്ല അദ്ധ്യാപകൻ എന്ന ബഹുമതി നേടാൻ അദ്ദേഹത്തിനു വളരെ സമയം വേണ്ടിവന്നില്ല.

അദ്ധ്യാപകർക്കു കിട്ടുന്ന ശമ്പളം മറെറവിടെയുമെന്നപോലെ റഷ്യയിലും അന്നു് അത്ര മെച്ചമൊന്നുമായിരുന്നില്ല. പക്ഷേ വേലയും അതിനു ലഭിക്കുന്ന കൂലിയും തമ്മിൽ അദ്ദേഹം തട്ടിച്ചുനോക്കിയില്ല. യാതൊരു സ്വാർത്ഥമോഹവുമില്ലാതെ വിദ്യാർത്ഥികൾക്കു് അറിവുപകർന്നു കൊടുക്കുന്നതിലൊരുസുഖമുണ്ടു്. ആ സുഖമാണു് അദ്ധ്യാപകജീവിതത്തിൻെറ പ്രതിഫലം. അദ്ദേഹം അങ്ങനെ വിശ്വസിച്ചു. ജീവിതം മുഴുവൻ സേവനത്തിനുവേണ്ടിത്തന്നെ അദ്ദേഹം ചെലവഴിക്കുകയും ചെയ്തു.

ഒരു സുഹൃത്തിൻെറ ഭവനത്തിൽ വച്ചാണു് അതു സംഭവിച്ചതു്. തൻെറ സഹപ്രവർത്തകനായ ഒരു മാന്യൻെറ വീട്ടിൽ അദ്ദേഹം ഇടയ്ക്കിടെ പോകാറുണ്ടായിരുന്നു. ആരുമാരും അതു

പ്രതീക്ഷിച്ചിരുന്നില്ല. ഒരു സായാഹ്നത്തിലാണ് മേരിയായെ കണ്ടുമുട്ടിയതു്. നിക്കോലായേവിന് അവളുടെ സംഭാഷണവും മട്ടും മാതിരിയും, അടക്കവും ഒതുക്കവും എല്ലാം നന്നേ പിടിച്ചു. മേരിയായ്ക്കും ആ പുതിയ മനുഷ്യനെക്കുറിച്ച് നല്ല അഭിപ്രായമാണ് തോന്നിയതു്. നിക്കോലായേവിന്റെ വാക്കുകളിൽ തന്നെ ആ സംഭവം വിവരിക്കാം. "ജീവിതത്തിലെ അത്യാനന്ദകരവും അതിപ്രധാനവുമായ ഒരു സംഭവമായിരുന്നു ആ നിമിഷം." ഒരു് ആഗസ്റ്റ് മാസത്തിൽ അവർവിവാഹിതരായി. അക്കൊല്ലം തന്നെ നിഷ്നിനാവ്ഗോറാഡിൽ അവർ താമസമാക്കുകയും ചെയ്തു.

പല വർഗ്ഗക്കാരായ പതിമൂന്നുലക്ഷം ജനങ്ങൾ കുടി പാർത്തിരുന്ന ഒരു പ്രവിശ്യയായിരുന്നു അന്നു സിംബിർസ്ക്. നാല്പത്തിമൂവായിരം ചതുരശ്ര കിലോമീററർ പരപ്പുണ്ടതിന്. അവിടെ വോൾഗാതീരത്തിലെ നിഷ്നി പോലെ പരിഷ്കാരത്തിലും സംസ്കാരത്തിലും പേരുകേട്ട വേറൊരു പട്ടണം ഉണ്ടായിരുന്നില്ല. നിഷ്നിയിലെ ഒരു ഹൈസ്കൂളിൽ നിക്കോലായേവിന് ജോലികിട്ടി. മേരിയായുമൊത്തു് അദ്ദേഹം അവിടെതാമസമാക്കി. ഒച്ചപ്പാടും ബഹളവുമില്ലാത്ത ജീവിതം സുഖത്തിലും ആഡംബരത്തിലും ഭ്രമമില്ല. ശാന്തവും ലളിതവുമായ ആ കുടുംബജീവതം, സമതലത്തിലൂടെ ഒഴുകുന്ന കൊച്ചരുവിപോലെയായിരുന്നു. ആയ്ക്കും അവരൊരു നല്ല കുടുംബ മാതൃകയായിത്തോന്നി.

നിക്കോലായേവ് സ്നേഹമുള്ള ഭർത്താവായിരുന്നു. മേരിയാ അനുസരണയുള്ള ഭാര്യയും. ഒരിക്കലും ഒന്നിന്റെ പേരിലും

അവർ പിണങ്ങിയിട്ടില്ല. ഒച്ചവച്ച് അന്യോന്യം സംസാരിച്ചിട്ടില്ല. പരസ്പരം പരാതിപ്പെട്ടിട്ടുമില്ല. വീട്ടിൽ വന്നാൽ ഭർത്താവു് വായനയിലോ പഠിപ്പിക്കുവാനുള്ള ഒരുക്കക്കൂട്ടലിലോ മുഴുകിയിരിക്കും. മേരിയാ കുടുംബകാര്യങ്ങളൊക്കെ ഒററയ്ക്കുനോക്കിനടക്കാറുള്ളം. ഭർത്താവിനെ ഒരിക്കലും അവൾ അലട്ടുകയില്ല. തേനീച്ചകളെപ്പോലെ ചുറുചുറുക്കോടെ പണിയെടുക്കുന്നവരാണു് രണ്ടു പേരും. പണിയിൽ അവരിരുവരും പരസ്പരം മത്സരിക്കുന്നതുപോലെ തോന്നി.

## അഞ്ച്

# ഇണപ്രാവുകൾ

മേരിയായുടെ അച്ഛൻ സെൻറ് പീറേറഴ്സ്ബർ ഗ്ഗിലെ ഒരു ഡോക്ടരായിരുന്നു. അവളുടെ മൂന്നാമത്തെ വയസ്സിൽ അമ്മ മരിച്ചുപോയി. പിന്നീട് ആ കുടുംബം കസാൻ പ്രവിശ്യയിലെ ഒരു ഗ്രാമത്തിലേക്കു താമസം മാററി. മേരിയാ അവളുടെ ശൈശവ കൗമാരങ്ങൾ അവിടെയാണ് കഴിച്ചുകൂട്ടിയത്. നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുക ആ വീട്ടിലെ ഒരു പ്രത്യേക ചിട്ടയായിരുന്നു. വില കുറഞ്ഞ ഭക്ഷണങ്ങളാണ് അവർ കഴിച്ചിരുന്നത്. അവളും അനുജത്തിയും പരുക്കൻ വസ്ത്രങ്ങളേ ധരിച്ചിട്ടുള്ളൂ. വീട്ടിലെ എല്ലാ ജോലികളും അവർ തന്നെ ചെയ്യണം. അതായിരുന്നു അച്ഛൻെറ ഏർപ്പാട്.

മററു പെൺകുട്ടികളെപ്പോലെ മേരിയായും ചെറുപ്പത്തിൽ ഉന്നത വിദ്യാഭ്യാസം സ്വപ്നം കണ്ടിരുന്നു. ആ നാട്ടിൽ പെൺകുട്ടികൾക്കുവേണ്ടി ഒരു ബോർഡിംഗ് സ്കൂളേ ഉണ്ടായിരുന്നുള്ളൂ. അവിടെ അയച്ചു അവളെ പഠിപ്പിക്കാൻ, പരിഷ്കാരിയായിരുന്നെങ്കിലും, എന്തുകൊണ്ടെന്നറിഞ്ഞുകൂടാ അച്ഛൻ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും ഇളയമ്മയുടെ സഹായത്തോടെ ബുദ്ധിശാലിനിയായ ആ പെൺകുട്ടി കുറേയൊക്കെ പഠിച്ചു. ജർമ്മനം ഫ്രഞ്ചും ഇംഗ്ലീഷും അവൾ വശമാക്കി. പടിഞ്ഞാറൻസാഹിത്യവും റഷ്യൻഭാഷയും തനിയേപഠിച്ചു. സ്കൂളിൽ പോകാ

തെ തന്നെ പതിനെട്ടാമത്തെ വയസ്സിൽ അവൾ പരീക്ഷയും കൂടി. ഒരു പ്രൈമറി സ്കൂളിൽ അദ്ധ്യാപികയായി പണിയെടുക്കാനുള്ള യോഗ്യത സമ്പാദിച്ചു. അവൾ പലപ്പോഴും പറയുമായിരുന്നു. "വേണ്ടിവന്നാൽ എനിക്കും കൂടി ഒരു ജോലിക്കു പോകാമല്ലോ. അങ്ങനെയായാൽ അദ്ദേഹത്തിന്റെ പ്രയാസങ്ങൾക്ക് അല്പമെങ്കിലും കുറവുണ്ടാകുമായിരുന്നു. കുടുംബഭാരം മുഴുവൻ അദ്ദേഹം ഒററയ്ക്കു താങ്ങുകയാണ്." പക്ഷേ അതു വേണ്ടിവന്നില്ല.

മേരിയ ആറു കുട്ടികളെ പ്രസവിച്ചു. അന്നയും അലക്സാൻഡറും, വ്ളാദാമീറും ഓൾഗയും, ദ്മിത്രിയും മേരിയായും; അങ്ങനെ ആറു സന്താനങ്ങൾ. മൂന്ന് ആൺ കുട്ടികളും മൂന്നു പെൺ കുട്ടികളും. പിൽക്കാലത്ത് "ലെനിൻ" എന്ന പേരിൽ ലോകപ്രസിദ്ധി നേടിയ വിപ്ളവകാരി നിക്കോലായേ ദമ്പതിമാരുടെ രണ്ടാമത്തെ പുത്രനായിരുന്ന വ്ളാദാമീർ ആണ്. 1870 ഏപ്രിൽ 22-ാം തീയതിയാണ് വ്ളാദാമീർ ജനിച്ചത്. മക്കൾക്കു നല്ല വിദ്യാഭ്യാസം കൊടുക്കണം; അവരെ അദ്ധ്വാനശീലരും സത്യസന്ധരുമാക്കി വളർത്തണം. അത്ര മാത്രമേ ആ അച്ഛനമ്മമാർ ആശിച്ചുള്ളു. എപ്പോഴും വായനയിൽ മുഴുകിയിരിക്കുന്ന അച്ഛൻ, ഒരിക്കലും വിശ്രമിക്കാതെ പണിയെടുക്കുന്ന അമ്മ, അവർ രണ്ടുപേരെയാണ് ഏതു നേരവും ആ വീട്ടിൽ കുട്ടികൾ കാണുക. അദ്ധ്വാനിക്കാനുള്ള മോഹവും, അറിവു നേടാനുള്ള ആഗ്രഹവും ആ കുട്ടികളിലും തനിയേ വളന്നു.

വായിക്കാനുള്ള സൗകര്യം ആ വീട്ടിൽ ധാരാളമുണ്ടായിരുന്നു. അക്കാലത്തു റഷ്യയിൽ വിലക്കപ്പെട്ടിരുന്ന പുസ്തകങ്ങൾ പോലും അവരുടെ പിതാവ് രഹസ്യമായി വീട്ടിൽ കൊണ്ടുവന്നു. അദ്ദേഹം അവയൊക്കെ മക്കൾക്കും വായിക്കാൻ കൊടുത്തു. പണിയാണെങ്കിൽ പ്രായത്തിനിണങ്ങിയ മട്ടിൽ എല്ലാവക്കും

വേണ്ടത്ര ഉണ്ടായിരുന്നു. ഓരോരുത്തരും സ്വന്തം ആവശ്യങ്ങൾ തനിയേ നിർവഹിക്കണം. വീട്ടുകാര്യങ്ങളിൽ അമ്മയെ സഹായിക്കുകയും വേണം. തോട്ടം നനയ്ക്കേണ്ടതും അവരാണ്. അങ്ങനെ പലതും, പലതും. പഠനത്തിലും പണിയെടുക്കലിലും അവർ അന്യോന്യം മത്സരിച്ചു. അമ്മയായിരുന്നു എല്ലാവരുടേയും ആദ്യത്തെ അദ്ധ്യാപിക.

നിക്കോലായെവിന്റെ ചുമതലകൾ നാൾക്കുനാൾ ഏറിവന്നു. അദ്ദേഹം സിംബിർസ്കിലെ പബ്ളിക്ക് സ്കൂളുകളുടെ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടു. അതോടെ അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനും ആ വഴിക്കായി. വിദ്യാഭ്യാസത്തിൽ അവിടത്തെ ജനങ്ങൾ വളരെ താണ നിലവാരത്തിലായിരുന്നു. പുതിയ സ്കൂളുകൾ സ്ഥാപിക്കുക, അദ്ധ്യാപകർക്കു പരിശീലനം നൽകുക, വിദ്യാഭ്യാസസമ്മേളനം വിളിച്ചുകൂട്ടുക, ഇങ്ങനെ നൂറു കൂട്ടം കാര്യങ്ങളുമായി ആ നല്ല മനുഷ്യൻ ഓടി നടന്നു. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹം സിംബിർസ്കിലെ വിദ്യാഭ്യാസ ഡയറക്ടറായി ഉയർന്നു. അപ്പോൾ ചുമതലകൾ ഒന്നുകൂടി വർദ്ധിച്ചു. പറയത്തക്ക സാമ്പത്തികനേട്ടമൊന്നും അദ്ദേഹത്തിനു് അതു മൂലമുണ്ടായതുമില്ല. ആ നാട്ടുകാർക്കു വേണ്ടി അദ്ദേഹം സഹിച്ച ത്യാഗത്തിന്റെ കഥ വളരെ നീണ്ടതാണ്.

കുടുംബ കാര്യങ്ങളിൽ മേരിയായുടെ നോട്ടം നല്ലപോലെ എത്തിയിരുന്നു. അവരുടെ മക്കൾ തമ്മിൽ കലഹിക്കുകയില്ല. ഒരിക്കലും അവർ സമയം പാഴാക്കിക്കളയുകയുമില്ല. പരസ്പരം സ്നേഹിച്ചും വിശ്വസിച്ചും അവർ വളർന്നു. നല്ല അനുസരണ

യും വിവരവുമുള്ള കുട്ടികൾ. അവരുടെ പെരുമാററം ആരിലും കൗതുകം വളർത്തി. അയലത്തെ അമ്മമാർ വികൃതികളായ സ്വന്തം കുട്ടികളെ പലപ്പോഴും ഇങ്ങനെ ഗുണദോഷിക്കാറുണ്ടായിരുന്നു. "ആ മേരിയായുടെ മക്കളെ കണ്ടുപഠിക്കിൻ!" ആ വാക്കുകൾ തികച്ചും അർത്ഥപൂർണ്ണങ്ങളായിരുന്നു.

## ആറ്

# മിട്ടക്കന്മാരും മിട്ടക്കികളും

മേരിയാ കുട്ടിക്കാലത്തു സംഗീതം അഭ്യസിച്ചിരുന്നു. അവർക്ക് സംഗീതത്തിൽ നല്ല വാസനയുമുണ്ടായിരുന്നു. അതുപോലെ തന്നെ തുന്നൽപ്പണിയിലും. അവരുടെ കമനീയമായ തുന്നൽ വേലകളിൽ പലതും ഉല്യാനോവിലെ ലെനിൻ മ്യൂസിയത്തിൽ, സന്ദർശകർക്കുവേണ്ടി ഇന്നും സൂക്ഷിച്ചിട്ടുണ്ട്. കുട്ടികളിൽ കലാവാസനകൾ വളർത്തി എടുക്കാൻ അവർ വേണ്ടത്ര ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ വ്ളാദിമിർ തന്റെ കൊച്ചനുജത്തിക്കു ഒരു ജോടി കൊററികളുടെ രൂപം തടിയിൽ കൊത്തിയുണ്ടാക്കിക്കൊടുത്തു. പോപ്ലർ മരത്തിന്റെ കറുത്ത മാർദ്ദവമുള്ള തടിയിൽ, ബോട്ടുകൾ ആ അനുജത്തിക്കു തന്നെ അവൻ പിന്നെ ഒരിക്കൽ നിർമ്മിച്ചു നൽകി. പച്ചക്കറികളും കായ്കനികളും പൂച്ചെടികളും നട്ടു പിടിപ്പിച്ചിരുന്ന ഒരു തോട്ടം അവരുടെ വീട്ടിൽ ഉണ്ടായിരുന്നു. ആ തോട്ടം നനയ്ക്കാൻ എന്നും സായംകാലത്തു് കിണററിനരികിൽ, ആദ്യമെത്തുന്നതു് വ്ളാദിമിർ ആയിരിക്കും. വേലയെടുക്കുന്നതിൽ അവർ ആരും അലസത കാണിച്ചില്ല. ചെടികളെ നനക്കുന്നതിൽ, അവർ പരസ്പരം മത്സരിച്ചുപോന്നു.

തോട്ടം നനച്ചു കഴിഞ്ഞാൽ, എല്ലാവരും ഒരുമിച്ചിരുന്നു ചായ കഴിക്കും. ചിലപ്പോൾ പറമ്പിന്റെ നടുക്കുള്ള

വേനൽക്കാലവിശ്രമമന്ദിരത്തിൽ വച്ചായിരിക്കും അതു്. വ്ളാദിമിറും, അലക്സാൻഡറും കൂടിയായിരിക്കും അപ്പോൾ ചായ തയ്യാറാക്കുക. സഹോദരിമാർ സഹായിക്കും. അച്ഛനും അമ്മയും അവരുടെ പ്രവൃത്തികൾ കൗതുകത്തോടെ നോക്കിയിരിക്കും.

രാത്രി വീട്ടിന്റെ മുകളിലത്തെ നിലയിൽ അച്ഛൻ സ്വന്തം പഠനജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സമയം വ്ളാദിമിറും, അലക്സാൻഡറും തൊട്ടടുത്ത സന്ദർശകമുറിയിലിരുന്നു് അവരുടെ പാഠങ്ങൾ പഠിക്കുകയായിരിക്കും. താഴെ ഭക്ഷണമുറിയിലെ മേശക്കു ചുററുമാണു് മററുള്ളവരെല്ലാം. അന്നയും ഓൾഗായും അവരുടെ ഗൃഹപാഠങ്ങൾ ചെയ്യുകയായിരിക്കും. ഏററവും ഇളയകുട്ടികൾ ഉൾപ്പെടെ എല്ലാവരും സ്വന്തംജോലികളിൽ മുഴുകിയിരിക്കുകയാണു്. അമ്മയ്ക്കാണെങ്കിൽ വേണ്ടുവോളം തുന്നൽപ്പണിയും കാണും. തികഞ്ഞ നിശ്ശബ്ദതയാണു്. വീട്ടിൽ ശബ്ദമുണ്ടാക്കി മുതിന്നവരെ ആരും ശല്യം ചെയ്യരുതെന്നു നിർബ്ബന്ധമുണ്ടു്. പക്ഷേ കർശനമായ ഈ പതിവു് ചിലപ്പോൾ തെററിയെന്നു വരും.

വ്ളാദിമീർ തന്റെ ജോലികൾ എളുപ്പം ചെയ്തുതീർത്തിട്ടു് ഒച്ചയുണ്ടാക്കാതെ താഴെ ഇറങ്ങിവരും. പിന്നെതാമസമുണ്ടാവില്ല, അവിടെനിന്നു് ഒച്ചയും ബഹളവും ഉയരുകയായി. അടുത്തനിമിഷംതന്നെ വാതിലിൽ, അച്ഛൻ പ്രത്യക്ഷപ്പെടും. അദ്ദേഹം ഗൗരവമായി അന്വേഷിക്കും.

"എന്തിനാണു് ഇവിടെ ഒച്ചവയ്ക്കുന്നതു്? "

എല്ലാരെയും തറപ്പിച്ചു നോക്കിയിട്ടു് അദ്ദേഹം തിരിഞ്ഞു കോണിപ്പടികയറും. അതിനിടയിൽ ഇങ്ങനെ കൂട്ടിച്ചേർക്കാറുണ്ടു്

"എനിക്കിതൊന്നും ഇഷ്ടമല്ല."

"ഓർമ്മിച്ചോളൂ."

സാധാരണ ഗതിയിലാണെങ്കിൽ കാര്യം അത്രയുംകൊണ്ടവസാനിക്കും. കൂടുതൽ ക്ഷമകെട്ടാണ് അദ്ദേഹം വരുന്നതെങ്കിൽ, കുററവാളിയെ കൈയോടെ കണ്ടുപിടിക്കും. ഒപ്പം കൂട്ടിക്കൊണ്ടുപോവുകയും ചെയ്യും. അവിടെ സ്വന്തം വായനമുറയിലിരുത്തി വല്ലഗൃഹപാഠങ്ങളും ചെയ്യിക്കും. മിക്കവാറും വ്ളാദിമീറെയാണ് പിടികൂടാറ്. ആ വീട്ടിൽ അച്ചടക്കം കാണാമായിരുന്നു.

ഏഴ്

# സമത്ഥനായ വ്ളാദിമീർ

അഞ്ചാമത്തെവയസ്സിൽ വ്ളാദിമീർ പഠിച്ചുതുടങ്ങി. ഒൻപതു വയസ്സു തികഞ്ഞതിനുശേഷമേ സിംബിർസ്ക്കിലെ ഗ്രാമർ സ്ക്കൂളിൽ അവൻ ചേൎന്നുള്ളു. ഒന്നാം ക്ലാസിലെ ഏററവും മിടുക്കനായ വിദ്യാൎത്ഥി അവനായിരുന്നു. ഓരോ കൊല്ലവും ആ ബാലൻ ക്ലാസ്സിൽ ഒന്നാമനായി ജയിക്കുകയും ചെയ്തു. പാഠപുസ്തകങ്ങൾക്കു പുറമേ ധാരാളം മററു പുസ്തകങ്ങളും അവൻ വായിക്കാറുണ്ടായിരുന്നു.

കളികളിലും അവൻ മോശമായിരുന്നില്ല. നീന്തലും ചതുരംഗവുമായിരുന്നു അവനു് ഏററവും പ്രിയപ്പെട്ട വിനോദങ്ങൾ. ഒൻപതാമത്തെ വയസ്സിൽ അവൻ ചതുരംഗം കളിക്കാൻ പഠിച്ചു. അച്ഛൻ ഒരു നല്ല ചതുരംഗക്കളിക്കാരനായിരുന്നു. പതിനഞ്ചു വയസ്സെത്തിയപ്പോൾ പിതാവിനെപ്പോലും ആ കളിയിൽ പല തവണ തോല്പിക്കാൻ അവനു കഴിഞ്ഞു. മഞ്ഞിൻമുകളിൽ തെന്നി നടക്കുന്ന സ്കേററിങ്ങിലും, മഞ്ഞിൽ ചക്രമില്ലാത്ത വണ്ടി ഓടിക്കുന്ന സ്ലഡ്ജിങ്ങിലും അവനു കലശലായ ഭ്രമമുണ്ടായിരുന്നു. പുതിയ തരം കളികൾ കണ്ടുപിടിക്കുന്നതിലും അവൻ സാമത്ഥ്യം കാണിച്ചു. പക്ഷേ പഠിത്തം കളഞ്ഞുള്ള കളി അവനുണ്ടായിരുന്നില്ല.

ഒഴിവു ദിവസങ്ങളിൽ ആ ജ്യേഷ്ഠാനുജന്മാർ — അലക്സാൻഡറും വ്ളാദിമീറും — ദീർഘനേരം ചതുരംഗം കളിക്കമായിരുന്നു. ഒരിക്കൽ, കൃത്യമായിപറഞ്ഞാൽ 1886—ലെ ഒരു വേനൽക്കാല സായാഹ്നത്തിൽ, അവരിരുവരും കൂടി മുറിയിലിരുന്നു ചതുരംഗം കളിച്ചു. വ്ളാദിമീർക്കു് ഹൈസ്കൂൾ വിദ്യാഭ്യാസം പൂത്തിയാക്കാൻ പിന്നെ ഒരു വർഷമേ വേണ്ടിയിരുന്നുള്ളു അവസാനമായി അവർ ഒന്നിച്ചു കൂടിയ ഒഴിവുകാലമായിരുന്നു അതു്. മററുള്ളവർ മുററത്തു സംഘം ചേർന്നു് പലതരം കളികളിൽ ഏർപ്പെട്ടിരിക്കയാണു് അപ്പോൾ. കളിയിൽതന്നെ ശ്രദ്ധിച്ചുകൊണ്ടുള്ള നിശ്ചലമായ അവരുടെ ഇരുത്തം, ജനലിൽകൂടെ നോക്കിക്കൊണ്ടു് അയലത്തെ ഒരു വായാടിപ്പെണ്ണു പറഞ്ഞു.

"ഇതേ, നോക്കൂ. ഈ ഇരുമ്പഴിയുള്ളിൽ രണ്ടു തടവുകാർ"

ആ സഹോദരന്മാർ രണ്ടുപേരും ഒപ്പം അങ്ങോട്ടു നോക്കി. അപ്പോഴേക്കും അവൾ ഓടി മറഞ്ഞുകളഞ്ഞു. അന്നു് അവൻ ജയിൽജീവിതത്തെക്കുറിച്ചു് ചിന്തിച്ചിരുന്നതേയില്ല. സ്വപ്നത്തിൽപ്പോലും അത്തരം ഒരനുഭവം അവൻ പ്രതീക്ഷിച്ചിരുന്നതുമില്ല. പക്ഷേ എത്ര കണിശമായിട്ടാണു് അതു സംഭവിച്ചതു്! അടുത്ത ഒരു വർഷത്തിനുള്ളിൽ അവർ രണ്ടു പേരും ജയിലിൽ കിടക്കേണ്ടിവന്നു.

നിക്കോലായേവിന്റെ ആറു മക്കളും പഠനത്തിൽ മിടുക്കരായിരുന്നു. എങ്കിലും വ്ളാദിമീറായിരുന്നു ഏററവും സമത്ഥൻ. സഹോദരരുടെ ഉന്നത വിജയങ്ങളിൽ അവൻ ആഹ്ളാദിച്ചു. അവരെ കൂടുതൽ കൂടുതൽ അവൻ പ്രോത്സാഹിപ്പിച്ചു. പക്ഷേ ഒരിക്കലും പുകഴ്ത്തിയില്ല. ആരെയും പുകഴ്ത്തുന്നതു അവനു് ഇഷ്ടമായിരുന്നില്ല; തന്നെ ആരും പുകഴ്ത്തുന്നതും

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ അന്ന ഒരു വെള്ളി മെഡലിനർഹയായി. അലക്സാൻഡർ ഒരു സ്വർണ്ണ മെഡൽ നേടിക്കൊണ്ടാണ് ഹൈസ്കൂൾ ജീവിതം അവസാനിപ്പിച്ചത്. വ്ളാദിമീറിനു് ഓരോ ക്ലാസ്സിലും ഒന്നാം സമ്മാനം മാത്രമല്ല, സ്വഭാവത്തിനും, യോഗ്യതയ്ക്കും പ്രത്യേകം സർട്ടിഫിക്കറ്റുകൾ കൂടി കിട്ടിയിരുന്നു.

# എട്ട്

# എല്ലാക്കും പ്രിയപ്പെട്ടവൻ

ഓരോ ദിവസവും സ്കൂളിൽ നിന്നു് മടങ്ങി വന്നാൽ അന്നന്നു പഠിച്ചതൊക്കെ അച്ഛന്റെ മുമ്പിൽ അവൻ കാണാപ്പാഠം ചൊല്ലുമായിരുന്നു. എങ്കിലും പഠനകാര്യങ്ങളിൽ അവൻ അലസനെപ്പോലെ കാണപ്പെട്ടു. ഇതു് അച്ഛനെ പലപ്പോഴും കണ്ഠിതപ്പെടുത്തി. അതുകൊണ്ടു് ഇടയ്ക്കിടെ അദ്ദേഹം വ്ളാദിമീറെ വിളിച്ചു് ധാരാളം ചോദ്യങ്ങൾ ചോദിക്കുമായിരുന്നു; പഠിച്ചു കഴിഞ്ഞതും പഠിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ പാഠഭാഗങ്ങളെക്കുറിച്ചും അവന്റെ ഉത്തരങ്ങൾ അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. എല്ലാം നല്ലപോലെ അവനറിയാം. അവന്റെ പഠനരീതിക്കുതന്നെ ഒരു പ്രത്യേകതയുണ്ടായിരുന്നു. ക്ലാസ്സിൽ നല്ലപോലെ ശ്രദ്ധിച്ചു് എല്ലാം വ്യക്തമായി ഗ്രഹിച്ചുകൊള്ളും. അതുകൊണ്ടു് വീട്ടിൽ വച്ചു് വളരെ പഠിക്കേണ്ട ആവശ്യം അവനുണ്ടാകാറില്ല.

ഗൃഹപാഠങ്ങൾ സാധാരണ വിദ്യാർത്ഥികളെപ്പോലെ അവസാന നിമിഷത്തിലേക്കു് അവൻ മാററി വയ്ക്കുകയില്ല. സ്കൂൾ വിട്ടു വീട്ടിൽ വന്നാൽ ആദ്യത്തെ ജോലി ഗൃഹപാഠങ്ങളായിരിക്കും. പിന്നീടു മാത്രമേ കളിക്കാനിറങ്ങൂ. ആദ്യം പഠനം; അതു മാററി വച്ചിട്ടു് മറെറാരു പണിയില്ല, എത്ര ആവേശം

കൊള്ളിക്കുന്ന കളിയായിരുന്നാൽപ്പോലും. അതായിരുന്നു വ്ളാഡിമീറിന്റെ രീതി.

ഒരിക്കൽ ഒരു കൂട്ടുകാരൻ ചോദിച്ചു.

"വ്ളാഡിമീറിനു് എപ്പൊഴെങ്കിലും ക്ലാസ്സിൽ പാഠഭാഗങ്ങൾ അറിയാതെ വന്നിട്ടുണ്ടോ ?"

"ഇതുവരെ അങ്ങനെ വന്നിട്ടില്ല; മേലിൽ അതു വരികയുമില്ല."

അവൻ തറപ്പിച്ചു പറഞ്ഞു.

വ്ളാഡിമീറിന്റെ മൂത്ത സഹോദരി അവരുടെ ജീവിത സ്മരണകളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു

" വ്ളാഡിമീർ പഠനത്തിൽ കാണിച്ച അദ്ധ്യാനശീലം, ജീവിതകാലം മുഴുവൻ നിലനിറുത്തിയിരുന്നു. മറിച്ചായിരുന്നെങ്കിൽ ഇന്നു നാം അറിയുന്ന മട്ടിലുള്ള ഒരു വലിയ മനുഷ്യൻ ഉണ്ടാകുമായിരുന്നില്ല."

വിഷയം ഏതുമാകട്ടെ, ക്ലാസ്സിൽ ഏററവും കൂടുതൽ മാർക്കു് എപ്പോഴും വ്ളാഡിമീറിനായിരിക്കും. ഗ്രീക്കിനും, ലാററിനും, ജർമ്മനും, ആൾജിബ്രയ്ക്കും മുഴുവൻ മാർക്കും അവൻ നേടാറുണ്ടു്. പക്ഷേ ലോജിക്കിനു മാത്രം അങ്ങനെ കിട്ടാറില്ല. എത്ര തൃപ്തികരമായ ഉത്തരമെഴുതിയാലും തർക്കശാസ്ത്രം പഠിപ്പിക്കുന്ന അദ്ധ്യാപകൻ മുഴുവൻ മാർക്കും കൊടുക്കുകയില്ല. അതദ്ദേഹത്തിന്റെ പതിവായിരുന്നു. സാഹിത്യം പഠിപ്പിച്ചിരുന്ന അദ്ധ്യാപകന്റെ രീതി നേരേ മറിച്ചായിരുന്നു. മുഴുവൻ മാർക്ക് കൊടുത്താലും വ്ളാഡിമീറിന്റെ ഉത്തരങ്ങൾക്കു് പോരെന്നു അദ്ദേഹത്തിനു തോന്നും. അതുകൊണ്ടു് അദ്ദേഹം മറെറാരു കാര്യം ചെയ്തു.

ആ കുട്ടിയുടെ കഴിവിനെ മാനിച്ച് മാക്കിൻെറ മുൻഭാഗത്ത് ഒരധിക ചിഹ്നം കൂടി ഇട്ടമായിരുന്നു.

ജ്യേഷ്ഠനായാണ് ഏതിനും മാതൃകയായി വ്ളാദിമീർ മുമ്പിൽ കണ്ടത്. അലക്സാൻഡർക്ക് വ്ളാദിമീറിനെക്കാൾ നാലുവയസ്സ് പ്രായക്കൂടുതലായിരുന്നു. അവർ ഒരേ മുറിയിലിരുന്നു പഠിച്ചു; ഒരേ മുറിയിൽ ഉറങ്ങി. ഒരുമിച്ചു തോട്ടത്തിൽ പണിയെടുക്കുകയും അമ്മയെ സഹായിക്കുകയും ചെയ്തു. അവർ ഒരുമിച്ച് ചതുരംഗം വസ്തുകയും വോൾഗാ നദീതീരത്തിൽ ഓടിക്കളിക്കുകയും, നദിയിൽ നീന്തി മറിയുകയും ചെയ്തു. ഏതു നല്ല കാര്യത്തിനും, മാതൃകയായി അവൻ അലക്സാൻഡരെ ചൂണ്ടിക്കാണിച്ചു. ആരെന്തു ചോദിച്ചാലും "അലക്സാൻഡരെപ്പോലെ" എന്നായിരുന്നു അവൻെറ ഉത്തരം. പഠിക്കുന്നതും പറയുന്നതും നടക്കുന്നതും പെരുമാറുന്നതും എല്ലാം ആ ജ്യേഷ്ഠനെപ്പോലെ ആയിരിക്കണമെന്ന് അവൻ ആശിച്ചു.

അലക്സാൻഡരുടെ സ്വഭാവം വ്ളാദിമീറിനെ വളരെ സ്വാധീനിച്ചു. ചെറുപ്പത്തിൽ അവൻ അല്പം ശുണ്ഠിക്കാരനും മുൻകോപിയുമായിരുന്നു. തൻെറ കുറവുകൾ അവൻ എളുപ്പം മനസ്സിലാക്കി. അലക്സാൻഡരുടെ ക്ഷമയും, ശാന്തതയും, സഹനശക്തിയും ബോധപൂർവ്വം പകർത്താൻ അവൻ ശ്രമിച്ചു. അതു ഫലിക്കുകയും ചെയ്തു. ഭാവിയിൽ മഹത്തായ ഒരു ജനതയെ നയിക്കാൻ തന്നെ സഹായിച്ച ക്ഷമയും കരുത്തും ആ വഴിയ്ക്കാണ് അവൻ സമ്പാദിച്ചത്.

ഇളയവരുടെ സംശയങ്ങൾ തീർത്തു കൊടുക്കുക, അവരെ പരീക്ഷയ്ക്കു തയ്യാറാക്കുക, തുടങ്ങിയ പല കാര്യങ്ങളിലും അവൻ അമ്മയ്ക്കു വലിയ സഹായിയായിരുന്നു. വൈകുന്നേരം ചായ

കഴിക്കാൻ ഭക്ഷണമുറിയിൽ കൂടുമ്പോഠം സ്കൂളിലെയോ നാട്ടിലെയോ രസകരങ്ങളായ സംഭവങ്ങഠം വിവരിച്ച് ആ സന്ദർഭത്തിനു് അവൻ മോടികൂട്ടും. തരക്കാരുമൊത്തു് നാടകമഭിനയിക്കുന്നതും അവനു് പ്രിയപ്പെട്ട വിനോദമായിരുന്നു. കട്ടികഠം എഴുതിയ നാടകം കുട്ടികഠം തന്നെ അഭിനയിക്കുമ്പോഠം അതിലെ നടനും നടത്തിപ്പുകാരനും, എല്ലാം അവൻ തന്നെയായിരിക്കും.

ചങ്ങാതികളുമായി പലപ്പോഴും പല വിഷയങ്ങളെക്കുറിച്ചും അവൻ തർക്കിക്കാറുണ്ടായിരുന്നു തന്റെ വാദം യുക്തികഠം കൊണ്ടു് അവൻ എളുപ്പം സ്ഥാപിച്ചെടുക്കും. എന്നാൽ ആ വാദം ഒരിക്കലും വഴക്കിലോ വല്ലായ്മയിലോ എത്താറില്ല. ഇഷ്ടമില്ലാത്തവരുടെ കൂട്ടുകെട്ടിലും തക്കങ്ങളിലും നിന്നു് അവൻ എപ്പോഴും ഒഴിഞ്ഞുമാറി. അവന്റെ പ്രസന്നമായ മുഖഭാവവും സ്നേഹം നിറഞ്ഞ പെരുമാററവും സഹപാഠികഠംക്കെല്ലാം അവനെ അത്യന്തം പ്രിയപ്പെട്ടവനാക്കി. പഠനത്തിൽ ക്ലാസ്സിൽ ഏറ്റവും മിടുക്കൻ അവനായിരുന്നെങ്കിലും, അങ്ങനെ ഭാവിച്ചുകൊണ്ടു് മററുള്ളവരുടെ ഇടയിൽ അവൻ ഞെളിയാറില്ലായിരുന്നു.

ഒരിക്കൽ ഒരു ചങ്ങാതിയുമായി വ്ളാദിമീർ സംസാരിച്ചു, അവൻ വായിച്ചിട്ടുള്ള പുസ്തകങ്ങളെക്കുറിച്ച്. സംഭാഷണമാരംഭിച്ച് അല്പം കഴിഞ്ഞപ്പോഠം തന്നെ ആ സ്നേഹിതനു് ഒരു കാര്യം ശരിക്കും ബോധ്യമായി; വ്ളാദിമീർ തന്നേക്കാഠം വളരെ കൂടുതൽ വായിച്ചിട്ടുണ്ടെന്നു്. ഓരോ പുസ്തകത്തെക്കുറിച്ചും വ്ളാദിമീർ ചോദിക്കും, അതു വായിച്ചിട്ടുണ്ടോ എന്നു്. " ഇല്ല, ഇല്ല ", എന്നു മറുപടി പറഞ്ഞു് പറഞ്ഞു് ആ ചങ്ങാതി മടുത്തു. പെട്ടെന്നായിരുന്നു വ്ളാദിമീറിന്റെ

മറെറാരു ചോദ്യം. റഷ്യയിലെ പ്രശസ്തനായ ഒരു സാഹിത്യ കാരൻെറ പേരെടുത്ത ഒരു നോവലിനെക്കുറിച്ച്. എങ്ങനെ യെങ്കിലും ശല്യമൊഴിയട്ടെ എന്നു കരുതി അയാൾ " ഉണ്ട് " എന്നു മറുപടി കൊടുത്തു. ചോദ്യം പിന്നെ പുസ്തകത്തിൻെറ ഉള്ളടക്കത്തെക്കുറിച്ചായി. എന്തിനു ? സ്നേഹിതൻെറ പൂച്ച് എളുപ്പം തെളിഞ്ഞുപോയി. കള്ളം പുറത്തായതിൽ അയാൾക്കു അത്യന്തം ഇളിഭ്യത തോന്നി ഈ സംഭവം വ്ളാദിമീർ ആരോടെങ്കിലും പറയുമോ എന്നായിരുന്നു കൂട്ടുകാരൻെറ ഭയം. അതുണ്ടായില്ല എന്നു മാത്രമല്ല അവർ പിന്നെ കണ്ടുമുട്ടിയിട്ടു ള്ളപ്പോഴൊന്നും, അങ്ങനെ എന്തെങ്കിലും ഉണ്ടായിട്ടുള്ളതായി വ്ളാദിമീർ ഭാവിച്ചതുപോലുമില്ല. അവസരം കിട്ടിയാൽ ആരെ യും അവൻ വാദിച്ചു തോല്പിക്കും. പരിഹസിക്കും. പക്ഷേ അതൊക്കെ വളരെ രഹസ്യമായിരിക്കും. വ്ളാദിമീറിൻെറ പ്രത്യേകതകളായിരുന്നു ഇവ.

കിട്ടിയ പുസ്തകങ്ങളൊക്കെ വായിച്ചു തീർത്തു. എന്നിട്ടും അറിവിനു വേണ്ടി തീരാത്ത ദാഹം !

# ഒൻപതു്

# ദീപം പൊലിഞ്ഞു

വ്ളാദിമീർ ചേരുമ്പോൾ ഒന്നാം ക്ളാസ്സിൽ ഇരുപ ത്താറ് വിദ്യാൎത്ഥികൾ ഉണ്ടായിരുന്നു അവൻ ഹൈസ്ക്കൂളി ലെ ഉയർന്ന ക്ളാസ്സിൽ എത്തിയപ്പോൾ അവരിൽ നാലുപേരു മാത്രമേ കൂടെ എത്തിയിരുന്നുള്ളു. പലരും തോററു തോററു പിന്നിലായി. ചിലർ വിദ്യാഭ്യാസം തന്നെ നിറുത്തി. അതിനു കാരണമുണ്ടു്. അന്നത്തെ ഹൈസ്ക്കൂൾ പാഠപദ്ധതി അത്ര വി ഷമം പിടിച്ചതായിരുന്നു. മിടുക്കന്മാരായ വിദ്യാർത്ഥികൾക്കു വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടതായിരുന്നു അതു്.

1886—ലാണു് അതു സംഭവിച്ചതു്. ഹൈസ്ക്കൂൾ ജീ വിതം പൂൎത്തിയാക്കാൻ വ്ളാദിമീർക്കു പിന്നെ ഒരു കൊല്ലം കൂ ടിയേ വേണ്ടു. അന്നു്യും അലക്സാൻഡരും സെൻറ്പീറേറ ഴ്സ്ബർഗ്ഗിലാണു്. അവരവിടെയാണു് സർവ്വകലാശാലാ വിദ്യാ ഭ്യാസം ചെയ്തതു്. എങ്കിലും അന്നു ശൈത്യകാലത്തെ അവധി ദിവസങ്ങൾ കഴിച്ചുകൂട്ടാൻ വീട്ടിൽ എത്തിയിരുന്നു. ആ സംഭ വം വ്ളാദിമീറിന്റെ ഹൃദയത്തിൽ ലേശം പോലും മങ്ങൽ പ ററാതെ തെളിഞ്ഞു നിൽക്കുന്നുണ്ടു്.

“ജനുവരിമാസത്തെ ഒരു പകൽ. ഏതാണ്ടു മൂന്നു മണി സമയം. അമ്മവരെ അച്ഛൻ വിദ്യാഭ്യാസത്തെക്കുറിച്ചു് ഏതോ

ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയായിരുന്നു. അദ്ദേഹം വല്ലാതെ ക്ഷീണിച്ചിട്ട് ഒന്നു വിശ്രമിക്കാൻ കിടന്നു. ഉറങ്ങുകയാണെന്ന് കരുതി ഞങ്ങൾ ഒച്ചയുണ്ടാക്കാതെ തൊട്ടടുത്ത മുറിയിൽ ഭക്ഷണം കഴിക്കാനിരുന്നു. അച്ഛൻ പെട്ടെന്ന് മുറിയുടെ വാതിലിൽ പ്രത്യക്ഷപ്പെട്ടു. തീർത്തും പ്രതീക്ഷിച്ചിരുന്നതല്ല അത്. അദ്ദേഹം ഞങ്ങളെ എല്ലാവരേയും നോക്കി. മാറി മാറി വീണ്ടും വീണ്ടും നോക്കി. സ്നേഹത്തിന്റെ ദാഹം ആ കണ്ണുകളിൽ ഞാൻ കണ്ടു. ആ നോട്ടത്തിനു എന്തൊരു തിളക്കം! വാസ്തവത്തിൽ അതൊരു വിടവാങ്ങലായിരുന്നെന്ന് അപ്പോഴും ഞങ്ങൾ അറിഞ്ഞില്ല. ജീവിതത്തിൽ നിന്നുള്ള. ലോകത്തിലെ എല്ലാ സ്നേഹബന്ധങ്ങളിൽ നിന്നുമുള്ള അവസാനത്തെ വിടവാങ്ങൽ. അദ്ദേഹം സ്വന്തം മുറിയിലേക്കു മടങ്ങിപ്പോയി. വീണ്ടും പഴയ പഠന ജോലികളിൽ മുഴുകിയിരിക്കുന്നപോലെ കാണപ്പെട്ടു. പക്ഷേ ആ ഇരുപ്പിൽ നിന്നും പിന്നെ അദ്ദേഹം എണീററില്ല. അന്നു വൈകിട്ട് അഞ്ചുമണിക്കാണ് വീട്ടിൽ ഒരു ഡോക്ടരെ അറിയിച്ചു. എങ്കിലും പ്രയോജനമുണ്ടായില്ല. അദ്ദേഹം വളരെ താമസിച്ചു പോയിരുന്നു! അങ്ങനെ ഏഴു ജീവിതങ്ങളെ കരകാണാത്ത ദുഃഖത്തിൽ ആഴ്ത്തിക്കൊണ്ട് ഞങ്ങൾക്കൊക്കെയും ആശയം ആശ്വാസവുമായിരുന്ന ആ ദീപം പൊലിഞ്ഞുപോയി."

റഷ്യയിലെ പത്രങ്ങളെല്ലാം അദ്ദേഹത്തെ പുകഴ്ത്തി. ആയിരമായിരം അദ്ധ്യാപകർ പൊട്ടിക്കരഞ്ഞു. പെട്രോവ്സ്കിയിലെ സെമിത്തേരിയിലാണ് ശവം സംസ്കരിച്ചത്. ഇന്ന് ആ ശ്മശാനത്തിൽ ഒരു സ്മാരകം പണിതുയർത്തിയിട്ടുണ്ട്. പൊക്കമേറിയ ഒരു വലിയ പീഠത്തിനുമുകളിൽ, നിക്കോലായേവിന്റെ ഒരു വെങ്കല പ്രതിമ സ്ഥാപിച്ചിരിക്കുന്നു. അതിന്റെ പീഠത്തിൽ ഒരു ഗ്രാമീണ ബാലന്റെ രൂപവും കൊത്തിയിട്ടുണ്ട്. അവന്റെ ഒരു കൈയിൽ ഇടയച്ചെറുക്കന്റെ വടി. മറേറ

കൈയിൽ നിവർത്തിപ്പിടിച്ച ഒരു പുസ്തകവും. സിംബർസ്കു് പ്രവിശ്യയുടെ ഉന്നതിക്കുവേണ്ടി ആ നല്ല മനുഷ്യൻ അനുഷ്ഠിച്ച സേവനങ്ങളും തന്മൂലമുണ്ടായ നേട്ടങ്ങളുമാണത്രേ ആ പ്രതിമ പ്രതിനിധാനം ചെയ്യുന്നതു്.

പല നൂററാണ്ടുകൾ റഷ്യൻ ജനത സാർ ചക്രവർത്തിമാരുടെ ഭരണത്തിൻ കീഴിൽ കൊടിയ ക്ലേശങ്ങൾ അനുഭവിച്ചു. ആ കഷ്ടപ്പാടുകളിൽ നിന്നു അവരെ മോചിപ്പിച്ച ഒരു മഹാവിപ്ലവകാരിയായിരുന്നു ലെനിൻ. നിക്കോലായേവ്വ് ലെനിന്റെ പിതാവു മാത്രമായിരുന്നില്ല. അത്തരമൊരു വിപ്ളവകാരിയെ വാത്തെടുത്തു റഷ്യക്കു സമ്മാനിച്ച ഒരു മഹാശില്പിക്കൂടിയായിരുന്നു അദ്ദേഹം. അതു റഷ്യൻ ജനതയ്ക്കു നല്ല ഓർമ്മയുണ്ടു്. ആ സ്മാരകം അതു വിളിച്ചു പറയുകയാണു്.

# പത്തു്

# യാഗഭൂമി

ദിവസങ്ങൾ കടന്നുപോയി — വേദന നിറഞ്ഞ നിശ്ശബ്ദതയുടെ ദിവസങ്ങൾ. അച്ഛന്റെ മരണത്തോടെ വീട്ടിൽ പല കാര്യങ്ങൾക്കും വ്ളാദിമീറിന്റെ സഹായം വേണ്ടി വന്നു. പക്ഷേ അതൊന്നും അവന്റെ പഠനത്തെ തകരാറിലാക്കിയില്ല. തന്നെയുമല്ല, അത്ഭുതകരമായ അഭിവൃദ്ധിയോടെ അവൻ പഠിപ്പിൽ മുന്നേറുകയും ചെയ്തു. അച്ഛന്റെ അഭാവം മൂലം അവനു കനത്ത ഒരു നിസ്സഹായത അനുഭവപ്പെട്ടു. ആരുമറിയാതെ അവൻ അതു് ഉള്ളിലൊതുക്കിയതേയുള്ളു. അമ്മയുടെ സഹായത്തിനു് വിദ്യാഭ്യാസം നിറുത്തി വീട്ടിൽ നിൽക്കാൻ അന്ന തയ്യാറായി. പക്ഷേ മേരിയാ അതു സമ്മതിച്ചില്ല. അതു കൊണ്ടു് അവൾ സെൻറ് പീറേറഴ്സ് ബർഗ്ഗിലേക്കു മടങ്ങിപ്പോയി. വ്ളാദിമീർ ഹൈസ്കൂളിലെ ഉയന്ന ക്ലാസിലുമെത്തി.

അച്ഛന്റെ മരണം മൂലമുണ്ടായ നടുക്കം മാറിയില്ല. അതിനു മുമ്പു് സെൻറ് പീറേറഴ്സ് ബർഗ്ഗിൽ നിന്നു് ഞെട്ടിപ്പിക്കുന്ന മറെറാരു വാത്ത കൂടി വന്നെത്തി. അന്നയും അലക്സാൻഡറും അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു. കാരണം അറിയാതെ മേരിയാ സംഭ്രമിച്ചു. അവർ കുടുംബഭാരം മുഴുവൻ വൈദ്യനെ ഏല്പിച്ചു. അന്യ നാട്ടിൽ കിടക്കുന്ന മക്കളുടെ സഹായത്തിനായി ആ അമ്മ അങ്ങോട്ടു പാഞ്ഞു.

അക്കാലത്തു റഷ്യയിലെ ചക്രവത്തി അലക്സാൻഡർ മൂന്നാമനായിരുന്നു. അദ്ദേഹത്തെ വധിക്കാൻ രഹസ്യമായി ഒരു വിപ്ലവസംഘം പരിപാടിയുണ്ടാക്കി. കാരണം, സ്സാർ ചക്രവത്തിമാരുടെ സ്വേച്ഛാധിപത്യം അതിക്രൂരവും ഭയങ്കരവുമായിരുന്നു. ഈ രഹസ്യ സംഘടനയിൽ അലക്സാൻഡറും ഉൾപ്പെട്ടിരുന്നതായി തെളിഞ്ഞു. അതിബുദ്ധിമാനായ ആ ശാസ്ത്രവിദ്യാത്ഥിക്കു ലോകപ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞനായിത്തീരാൻ നിഷ്പ്രയാസം സാധിച്ചേനേ. അലക്സാൻഡറുടെ അദ്ധ്യാപകർ അങ്ങനെയാണു പ്രതീക്ഷിച്ചിരുന്നതും. പക്ഷേ റഷ്യയിലെ ജനങ്ങൾക്കു നല്ലൊരു ഭാവി നേടിക്കൊടുക്കണമെന്നു ആ യുവാവിനു തോന്നി. അയാൾ അതിനുവേണ്ടി പ്രവത്തിക്കുകയും ചെയ്തു.

വളരെയേറെ പ്രയാസങ്ങൾക്കു ശേഷം ഒടുവിൽ മകനെ കാണാൻ അമ്മയ്ക്കു അനുവാദം കിട്ടി. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മകനെ ഇരുമ്പഴികളുടെ ഇടയിൽ കൂടി പൊററമ്മ നോക്കിക്കണ്ടു. ദയനീയമായ ആ കൂടിക്കാഴ്ച മിക്കവാറും നിശ്ശബ്ദമായിരുന്നു. പക്ഷേ വേദനകൾ ഇരമ്പിമറിഞ്ഞു. വികാരത്തള്ളൽ കൊണ്ടു വളരെ നേരം ഒന്നും സംസാരിക്കാൻ അമ്മയ്ക്കും മകനും കഴിഞ്ഞില്ല.

"ചക്രവത്തിയോടു മാപ്പുചോദിക്കു മോനേ!"

"അങ്ങനെയായാൽ അവർ നിന്നെ വിട്ടയയ്ക്കും. എനിക്കുറപ്പു തന്നിട്ടുണ്ടു്." ഒടുവിൽ മേരിയാ അപേക്ഷിച്ചു.

"ഇല്ലമ്മേ, ഇല്ല. എനിക്കതു സാദ്ധ്യമല്ല."

പൊട്ടിക്കരഞ്ഞു കൊണ്ടു് അലക്സാൻഡർ യാചിച്ചു.

"അങ്ങനെ ചെയ്താൽ ആളുകൾ എൻെറ ആത്മാർത്ഥതയെ പഴിക്കും. മാത്രമോ ? വീട്ടിനോടുള്ളതിനേക്കാൾ ഗൌരവമേറിയ ഒരു കടമ നമുക്കു നാട്ടിനോടില്ലേ ? അതു മറക്കാമോ ?"

മേരിയാ നിശ്ശബ്ദയായി നിന്നതേയുള്ളു.

അവൾ കരഞ്ഞില്ല.

"എനിക്കു മാപ്പുതരൂ അമ്മേ ! ഞാൻ അമ്മയെ എത്രമാത്രം വേദനിപ്പിച്ചിരിക്കുന്നു !"

പിന്നെയും നിശ്ശബ്ദമായി ഒരു നിമിഷം കടന്നു പോയി. അലക്സാൻഡർ തുടർന്നു.

"അമ്മ ദുഃഖിക്കരുതു്. എൻെറ ഇളയ സഹോദരങ്ങളെക്കുറിച്ചാലോചിക്കു. വിശേഷിച്ചും വ്ളാദിമീറിനെ. മിടുമിടുക്കനായി പഠിച്ചു വരുന്ന അവൻ അമ്മയ്ക്കു ആശയും ആശ്വാസവും തരും."

മേരിയായ്ക്കു പൊട്ടിക്കരയണമെന്നു തോന്നി.

"രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുക അഭിമാനമുള്ള ഓരോരുത്തൻേറയും കടമയാണു്."

മേരിയാ അടക്കി നിറുത്തിയിരുന്ന വേദനകൾ ഒന്നിച്ചു പൊട്ടിത്തെറിച്ചു.

"അതിനു ഈ മാർഗ്ഗമാണോ നീ കണ്ടതു് ?"

"മറെറാരു മാർഗ്ഗവും മുന്നിലില്ലാതെ വന്നാൽ ഒരു മനുഷ്യൻ പിന്നെ എന്തു ചെയ്യണം ?"

മേരിയാ മറുപടി പറഞ്ഞില്ല.

പല തവണ അവർ ജയിലിൽ പോയി മകനെ കണ്ടു. ഒടുവിലത്തെ സന്ദർശനം കഴിഞ്ഞു പിരിഞ്ഞപ്പോൾ മേരിയാ ഇത്രമാത്രമേ മകനോടു പറഞ്ഞുള്ളു.

"ധൈര്യമായിരിക്കു മോനേ !"

താൻ നിരപരാധിയാണെന്നു കോടതിയിൽ അലക്സാൻഡർ വാദിച്ചില്ല. താൻ ചെയ്തതു തെററാണെന്നു് സമ്മതിച്ചതുമില്ല. എല്ലാ കുററങ്ങളും സ്വന്തം ചുമലിൽ ഏറെറടുക്കാനും, അങ്ങനെ തന്റെ നാലു കൂട്ടുകാരേയും രക്ഷിക്കുവാനും, അലക്സാൻഡർ ഒരവസാന പരിശ്രമം നടത്തി നോക്കി. പക്ഷേ അതു ഫലിച്ചില്ല. 1887 മേയ് 8-ാം തീയതി അലക്സാൻഡറേയും കൂട്ടുകാരേയും സ്സാറിന്റെ സക്കാർ വെടിവെച്ചു കൊന്നു.

"അലക്സാൻഡർ വീരമൃത്യു വരിച്ചു." സെൻറ് പീറേറഴ്സ് ബർഗ്ഗിൽ നിന്നു് അന്ന അമ്മയ്ക്കെഴുതി. അലക്സാൻഡറെ വധിച്ച വാർത്ത സിംബിർസ്കിലെത്തിയപ്പോൾ വ്ളാദിമീറിന്റെ വർഷാവസാന പരീക്ഷ ആരംഭിച്ചിട്ടു് അഞ്ചു് ദിവസമായിരുന്നു. ആ രാജദ്രോഹക്കുററവുമായി ബന്ധിപ്പിച്ചു് അറസ്റ്റു ചെയ്യപ്പെട്ട അന്നയെ അധികാരികൾ കൊക്കുഷ്ക്കിനോവിലേക്കു് നാടു കടത്തി.

# പതിനൊന്ന്

# പരീക്ഷണങ്ങൾ

മാർച്ച് മാസം ഒന്നാം തീയതിയാണ് അലക്സാൻഡർ അറസ്റ്റ് ചെയ്യപ്പെട്ടത്. അപ്പോൾ വ്ളാദിമീർ വർഷാവസാന പരീക്ഷയ്ക്കു ഉത്സാഹിച്ച് തയ്യാറാവുകയായിരുന്നു വാർത്ത അറിഞ്ഞ ഉടൻ മേരിയാ സെൻറ് പീറേറഴ്സ് ബർഗ്ഗിലേക്കു പോയി. അതോടെ വീട്ടിൻെറ ചുമതല മുഴുവൻ കൊച്ചു വ്ളാദിമീർക്കായി. ഇളയസഹോദരങ്ങളുടെ സുഖസൗകര്യങ്ങളന്വേഷിക്കണം. അലക്സാൻഡറുടെ വിവരമറിഞ്ഞു് അവൻ വേദനിക്കാതിരിക്കണം. സ്വന്തം ദുഃഖങ്ങൾ അവരിൽ നിന്ന് മറച്ചു വയ്ക്കുകയും വേണം. അങ്ങനെ എന്തെല്ലാം പ്രയാസങ്ങൾ !

തനിക്കാണെങ്കിലോ, ആ ജ്യേഷ്ഠൻ മററാരേയുംകാൾ അച്ഛനേക്കാൾ, സ്വന്തം ജീവനേക്കാൾ പ്രിയതരനായിരുന്നു. കുററത്തിൻെറ ഗൗരവവും അതിനു ലഭിക്കാവുന്ന ശിക്ഷയുടെ കാഠിന്യവും ഊഹിക്കത്തക്ക പ്രായവും, വിവരവും, ലോക പരിചയവും അന്നു വ്ളാദിമീർക്കുണ്ടായിരുന്നുതാനും. ഒരു നിമിഷം പോലും മനസ്സമാധാനമില്ല. എങ്കിലും ഇളയ സഹോദരങ്ങളുടെ മുമ്പിൽ അവൻ എപ്പോഴും പ്രസന്നത കൈവിടാതെ പെരുമാറി.

അച്ഛൻെറ മരണം വ്ളാദിമീറെ ഇത്രത്തോളം തളർത്തിയില്ല. അലക്സാൻഡറുടെ അറസ്റ്റ് അങ്ങനെയായിരു

ന്നില്ല. ആത്മ സുഹൃത്തുക്കളെപ്പോലെയോ അതിനുമപ്പുറത്തെ നിലയിലോ ഒക്കെയാണ് അവർ ജീവിച്ചത്. ആ സഹോദര ബന്ധത്തെ നിർവചിക്കാൻ വാക്കുകളില്ല. പറഞ്ഞറിയിക്കാനാവാത്ത ആഴവും പരപ്പും പരിശുദ്ധിയും ആ സ്നേഹബന്ധത്തിനുണ്ടായിരുന്നു.

മേയ് അഞ്ചാം തീയതി വ്ളാദിമിറുടെ പരീക്ഷ ആരംഭിച്ചു. അതു ജൂൺ ആറാം തീയതി കൊണ്ടേ അവസാനിക്കൂ. വാർഷിക പരീക്ഷ ആരംഭിച്ചതിന്റെ അഞ്ചാം ദിവസം, അതായതു് മേയ് 10–ാം തീയതി ആണ് അലക്സാൻഡർ വധിക്കപ്പെട്ട വാർത്ത സിംബിർസ്കിലെത്തിയതു്. ജീവിതത്തിലെ ഏറ്റവും കഷ്ടപ്പമേറിയ ഒരു പരീക്ഷണഘട്ടം. ഒന്നുകിൽ ദുഃഖത്തിന്റെ പാറക്കെട്ടിലിടിച്ച് ഒന്നോടെ തകരണം അല്ലെങ്കിൽ കടുത്ത ആത്മ നിയന്ത്രണം കൊണ്ടു് ആ നിമിഷത്തെ നേരിടണം. രണ്ടാമത്തേതാണ് സംഭവിച്ചതു്. വാസ്തവത്തിൽ വ്ളാദിമിർ രണ്ടു പരീക്ഷകളുടെ നടുവിലായിരുന്നു; വിധിയുടേയും മനുഷ്യന്റേയും പരീക്ഷകൾ.

അസഹ്യമായ ദുഃഖം കൊണ്ടു ഹൃദയം ഞെരിഞ്ഞു. എങ്കിലും ആ വിദ്യാർത്ഥി തന്റെ കർത്തവ്യത്തിൽ ഉറച്ചു നിന്നു. അതുല്യനായ ഒരു നേതാവായി വ്ളാദിമിറെ ഉയർത്തിയ ശക്തിയും അതുതന്നെയായിരുന്നു. ആത്മ നിയന്ത്രണം വിടാതെ ലക്ഷ്യത്തിൽ തന്നെ മനസ്സുറപ്പിച്ചുകൊണ്ടുള്ള യാത്ര; അതു ധീരന്മാർക്കേ സാധ്യമാവൂ. തുരുതുരു് എതിർപ്പുകളുടെ നടുവിൽ പതറാതെ നിന്നു് ഒരു മഹാവിപ്ലവം നയിച്ച ലെനിൻ വളർന്നതങ്ങനെയാണ്.

ജ്യേഷ്ഠന്റെ തന്റേടത്തിലും ധൈര്യത്തിലും വ്ളാദിമിർ അഭിമാനം കൊണ്ടു. എങ്കിലും സഹോദരന്റെ ജീവാർപ്പണം,

അവനു് ജീവിതത്തിൽ ഏററ ഒരു ആഘാതം തന്നെയായിരുന്നു. പക്ഷേ അതൊരു പുതിയ വെളിച്ചം നൽകി. വിപ്ലവത്തിൻെറ ബലിപീഠത്തിൽ സ്വന്തം ജീവിതം സമർപ്പിക്കുവാൻ വ്ളാദിമീർ പ്രതിജ്ഞ ചെയ്തു. അലക്സാൻഡറുടെ മാർഗ്ഗം തെററായിരുന്നെന്നു് ആ പ്രായത്തിലും അവൻ വിധിയെഴുതി. അതിനെക്കുറിച്ചോർക്കുമ്പോഴൊക്കെ അവൻ തന്നോടായിട്ടു് ഇങ്ങനെ പറയാറുണ്ടായിരുന്നു.

"ഇല്ല, ഞങ്ങളാ മാർഗ്ഗം സ്വീകരിക്കുകയില്ല."

"അതു തികച്ചും തെററായിരുന്നു."

വ്ളാദിമീറിൻെറ പരീക്ഷ അവസാനിച്ചു. പക്ഷേ പരീക്ഷകസംഘം അത്ഭുതപ്പെട്ടുപോയി. ആ വിദ്യാർത്ഥി നേടിയ മാർക്കുകളും, അവൻ സമ്പാദിച്ചിരുന്ന അറിവിൻെറ വ്യാപ്തിയും കണ്ടു് അത്ഭുതപ്പെടുകയല്ലാതെ വേറെ മാർഗ്ഗമുണ്ടായിരുന്നില്ല. ഒരു സ്വർണ്ണ മെഡൽ നൽകി അവർ ആ വിദ്യാർത്ഥിയുടെ കഴിവിനെ മാനിച്ചു. അതിനപ്പുറം അവരെക്കൊണ്ടു് ഒന്നും ആകുമായിരുന്നില്ല.

"സ്വർണ്ണ മെഡൽ നേടിയ വിദ്യാർത്ഥി" എന്നു പേരിനു നേരേ രേഖപ്പെടുത്തിയിട്ടുള്ള വ്ളാദിമീറിൻെറ സ്കൂൾ ലിവിംഗ് സർട്ടിഫിക്കററും, സ്കൂൾ രജിസ്റ്ററിൻെറ ബന്ധപ്പെട്ട പുറവും, ഒപ്പം ഹെഡ്മാസ്റ്റർ നൽകിയ സ്വഭാവ സർട്ടിഫിക്കററും, ഇന്നു് ഉല്യാനോവിലെ ലെനിൻ സ്മാരക മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ടു്. ആ സ്വഭാവ സർട്ടിഫിക്കററിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"വാസനയും ഉത്സാഹവും കൃത്യനിഷ്ഠയും ഒത്തിണങ്ങിയ ഒരു വിദ്യാർത്ഥി. എല്ലാ സ്ററാൻഡേർഡിലും പഠനത്തിൽ

ഒന്നാമനായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ പ്രശസ്ത വിജയം കൊണ്ടു് സ്വർണ്ണമെഡൽ നേടി. ഉത്തമമായ സ്വഭാവം."

ഈ സർട്ടിഫിക്കറ്റിന്റെ വില ശരിക്കു് അറിയണമെങ്കിൽ ആ വിദ്യാർത്ഥി പരീക്ഷയ്ക്കെഴുതിയ ചുറമപാട്ടുകൾ കൂടി അറിഞ്ഞിരിക്കണം. മിടുക്കനായ ജ്യേഷ്ഠനെ സൃഷ്ടിച്ചു വിട്ട അതേ പാഠശാലയിൽ നിന്നു് മിടുമിടുക്കനായ അനുജൻ പഠിച്ചു തീർന്നു് പുറത്തിറങ്ങി.

## പന്ത്രണ്ട്

# പുതിയവെളിച്ചം

അന്ന് എട്ടു വയസ്സുള്ള ഒരു ബാലികയായിരുന്നു അന്ന. വ്ളാദിമിർക്ക് കഷ്ടിച്ച് അഞ്ചു വയസ്സ് പ്രായം കാണും. അവർ വീട്ടുമുററത്തു നിന്നു ഒരു കവിതയിലെ വരികൾ പാടി. അച്ഛൻ തനിച്ചിരിക്കുമ്പോൾ പലപ്പോഴും പാടി രസിക്കാറുള്ള ഒരു കവിതയാണതു്.

"എൻെറ പ്രിയപ്പെട്ട നാടേ!
നിൻെറ മേൽ പതിക്കുന്ന ഈ ചാട്ടവാറടി

എനിക്കു സഹിക്കുന്നില്ല.
അതു നിലച്ചിട്ട്
അതേ, അന്നേ നാം മരിക്കൂ"

പാട്ടവസാനിച്ചില്ല. അതിനുമുമ്പ് അകത്തുനിന്ന് അമ്മയുടെ വിളി പൊങ്ങി.

"അന്നേ !"

അവൾ വിളികേട്ടു.

"ഇവിടെ വരൂ."

അന്ന അമ്മയുടെ അടുത്തു ചെന്നു.

"ഈ പാട്ട് വെളിയിൽ ആരും കേൾക്കെ നീ പാടരുത്."
അതൊരു താക്കീതായിരുന്നു. അന്ന കാര്യമറിയാതെ അമ്മയുടെ മുഖത്തു പകച്ചു നോക്കിക്കൊണ്ടിരുന്നു. അവർ തുടർന്നു.

"നിന്റെ ഈ പാട്ട് അച്ഛനെ കുഴപ്പത്തിലാക്കും."

"എല്ലാവർക്കും ശത്രുക്കൾ കാണും."

അന്നയ്ക്ക് അപ്പോഴും കാര്യം പിടികിട്ടിയില്ല. മേരിയാ പറഞ്ഞു.

"സിംബിർസ്കിലെ പബ്ളിക്ക സ്കൂളുകളുടെ ഡയറക്ടറാണ് അച്ഛൻ. അദ്ദേഹത്തിന്റെ വീട്ടുമുററത്തു നിന്ന് ഈ പാട്ട കേട്ടതായി ആരെങ്കിലും പറഞ്ഞാൽ അതു കുഴപ്പമാണ് മോളേ!"

ഇതു കേട്ടു കൊണ്ട് വ്ളാദിമീർ അമ്മയുടെ അടുക്കൽ നിൽക്കുകയായിരുന്നു. റഷ്യയിൽ വിലക്കപ്പെട്ടതായി എന്തൊക്കെയോ ഉണ്ടെന്ന് അവ്യക്തമായിട്ടാണെങ്കിലും അന്ന് അവൻ ധരിച്ചു.

വർഷങ്ങൾ പലതു കഴിഞ്ഞു. പഠിക്കാൻ അന്ന സെൻറ്പീറേറഴ്സ് ബർഗ്ഗിലേക്കു യാത്ര പുറപ്പെട്ടപ്പോൾ അച്ഛൻ അവളെ ഓർമ്മിപ്പിച്ചു.

"അവിടെച്ചെന്നാൽ അലക്സാൻഡരോട് നീ ഒരു കാര്യം പറയണം. ഞങ്ങളെ ഓർത്തെങ്കിലും അല്പം സൂക്ഷിച്ചു ജീവിക്കണേ എന്ന്."

അച്ഛന്റെ വാക്കുകളിൽ അടങ്ങിയിരുന്ന അർത്ഥവും അതുൾക്കൊണ്ടിരുന്ന വികാരവും അന്നയ്ക്കു മാത്രമല്ല വ്ളാദിമീർക്കും അപ്പോൾ നല്ലപോലെ മനസ്സിലായി. രാഷ്ട്രീയകാര്യങ്ങൾ

വീട്ടിൽ സംസാരിക്കാറുണ്ട്. നന്നേ ചെറുപ്പം മുതൽ വ്ളാഡിമീർ അതൊക്കെ ശ്രദ്ധിച്ച് കേൾക്കുമായിരുന്നു. പത്തു വയസ്സിനു താഴെ പ്രായമുള്ള ആ കുട്ടിക്ക് രാഷ്ട്രീയ കാര്യങ്ങൾ പറയുന്നതു കേൾക്കാൻ വലിയ കൗതുകമായിരുന്നു. വീട്ടിലെ ചുററുപാടുകൾ അതിനു സഹായിച്ചു. ഭക്ഷണമുറിയിലെ മേശയ്ക്കു ചുററുമിരുന്ന് മാതാപിതാക്കളും പ്രായമെത്തിയവരും അത്തരം കാര്യങ്ങൾ സംസാരിക്കും. അപ്പോഴൊക്കെ അവൻെറ ശ്രദ്ധയും മുഖഭാവവും കാണേണ്ടതായിരുന്നു.

പ്രാപ്തിയെത്തുന്നതിനു മുമ്പ് അച്ഛൻെറ ഗ്രന്ഥശേഖരം മുഴുവൻ അവൻ വായിച്ചുതീർത്തു. നിരോധിക്കപ്പെട്ട പുസ്തകങ്ങൾ അക്കൂട്ടത്തിലുണ്ടായിരുന്നു. കിട്ടാൻ പ്രയാസമായ പുസ്തകങ്ങളുടെ കൈയെഴുത്തു പ്രതികൾ അദ്ദേഹം രഹസ്യമായി സൂക്ഷിച്ചുപോന്നു. ആ വിലക്കപ്പെട്ട പുസ്തകങ്ങൾ അവൻ വായിക്കുക മാത്രമല്ല ചെയ്തതു്. വിശ്വാസമുള്ള കൂട്ടുകാരെ തേടിപ്പിടിച്ച് അവരെയും കൂടി അവൻ വായിച്ചു കേൾപ്പിച്ചു. അതിൽ ഒരു പ്രത്യേകസുഖം തന്നെ അവനു തോന്നി.

വ്ളാഡിമീർ എട്ടാം സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ അദ്ധ്യാപകൻ ആവശ്യപ്പെട്ടതനുസരിച്ച് ഒരുപന്യാസമെഴുതി. ജനക്ഷേമത്തിന്നുള്ള മാർഗ്ഗങ്ങളെക്കുറിച്ചെഴുതിയ ആ ഉപന്യാസത്തിൽ മുതലാളിത്തം ജനങ്ങളെ മർദ്ദിക്കുന്നതായി വ്ളാഡിമീർ ഉന്നയിച്ചിരുന്നു. അതു വായിച്ച് ഹെഡ്മാസ്റ്റർ വല്ലാതെ ക്ഷോഭിച്ചു. അദ്ദേഹം അവനെ വിളിച്ചു കണക്കിലേറെ ശകാരിച്ചു.

"ഏതു മർദ്ദനത്തെക്കുറിച്ചാണ് നീ സംസാരിച്ചതു്?"

ആവശ്യമില്ലാതെ രാഷ്ട്രീയകാര്യങ്ങളിൽ തലയിടരുതു്. "

അതൊരു ശക്തിയായി താക്കീതായിരുന്നു. വ്ളാദിമീർക്ക് എത്ര ചിന്തിച്ചിട്ടും മനസ്സിലായില്ല. അദ്ദേഹം ക്ഷോഭിക്കത്തക്ക നിലയിൽ കുററകരമായി തന്റെ ഉപന്യാസത്തിൽ എന്തുണ്ടായിരുന്നു എന്ന്. ശരിയാണെന്നു തോന്നുന്ന കാര്യങ്ങൾ മറച്ചുപിടിക്കാതെ ആരുടെ മുമ്പിലും തുറന്നു പറയുക—അതല്ലേ അന്തസ്സായ പെരുമാററം ? മുതലാളിത്തത്തേയും മുതലാളികളുടെ മർദ്ദനത്തേയുംകുറിച്ച് പറയുന്നത് അപരാധമാണോ ?

വിലക്കപ്പെട്ട സാഹിത്യമെന്നു കേട്ടാൽ അന്നു സ്കൂൾ അധികാരികൾക്ക വെകിളിപിടിക്കുമായിരുന്നു. ഒരിക്കൽ ഒരു സംഭവമുണ്ടായി. വിദ്യാർത്ഥികളുടെ വിശ്രമമുറിയിലെ വാഷ്ബേസിനടിയിൽ നിന്ന് കുറെ വിപ്ളവഗാനങ്ങൾ കണ്ടുകിട്ടി. അതറിഞ്ഞു് ഹെഡ്മാസ്റ്റർ വല്ലാതെ ക്ഷോഭിച്ചു. അദ്ദേഹം സ്കൂളിലെ എല്ലാ വിദ്യാർത്ഥികളേയും വിളിച്ചുവരുത്തി. ആരാണ് അവ കൊണ്ടുവന്നതെന്നും ആരൊക്കെ അതു വായിച്ചെന്നും അദ്ദേഹത്തിനറിയണം. പക്ഷേ വിദ്യാർത്ഥികൾ മൗനമായി നിന്നതേയുള്ളു. പഠിച്ച തന്ത്രങ്ങളൊക്കെ അദ്ദേഹം പ്രയോഗിച്ചു നോക്കി. യാതൊരു ഫലവുമുണ്ടായില്ല.

സ്വാതന്ത്ര്യത്തിന്റെ പോരാളികളിൽ ചിലരുടെ ജീവചരിത്രങ്ങളുമായി വ്ളാദിമീർ പരിചയപ്പെട്ടു. ഗാരിബാൾഡിയും, എബ്രഹാംലിങ്കണും അവനെ വളരെ ആകർഷിച്ചു. അടിമത്തം നിരോധിക്കുന്നതിന് ലിങ്കണും അനുയായികളും നടത്തിയ പോരാട്ടം അവനെ ആവേശം കൊള്ളിച്ചു. ലോകത്തിലെ പേരുകേട്ട മിക്ക വിപ്ളവകാരികളെപ്പററിയും അവൻ നല്ലപോലെ പഠിച്ചറിഞ്ഞു.

സെൻറുപീറററഴ്സ്ബർഗ്ഗിൽ പഠിക്കാൻപോയ ജ്യേഷ്ഠൻ കിട്ടിയ വിപ്ളവസാഹിത്യങ്ങളൊക്കെ അനുജന് അയ

ച്ചുകൊടുത്തു. അതെല്ലാം രഹസ്യമായി അവൻ തന്റെ കൂട്ടുകാക്ക് കൈമാറി. അലക്സാൻഡർ അയച്ചുകൊടുത്ത മാർക്സിന്റെ മൂലധനം വായിക്കുമ്പോൾ അവനു പതിനഞ്ചു വയസ്സെത്തിയിരുന്നില്ല. ആ മഹാഗ്രന്ഥം മുഴുവൻ എന്തൊരു ദാഹത്തോടെയാണ് അവൻ വായിച്ചുതീർത്തത്. അടുത്തകൊല്ലം ഒരു സഹപാഠിയുമൊത്ത് അതു റഷ്യൻ ഭാഷയിൽ വിവർത്തനം ചെയ്യാൻ ഒരു പരിശ്രമം പോലും അവൻ നടത്തിക്കളഞ്ഞു. അലക്സാൻഡരുടെ വധം വ്ളാദിമിറുടെ ഹൃദയത്തിലെ വിപ്ളാഗ്നിയെ കെടുത്തിയില്ല. മറിച്ച് അതിന്റെ ചൂടും ജ്വാലയും അതു വളർത്തിയതേയുള്ളൂ. ആ അഗ്നിജ്വാല ഒരിക്കൽ ആളിപ്പടർന്നു. സ്സാർ ചക്രവർത്തിമാരുടെ സ്വേച്ഛാധിപത്യം അതിൽ കത്തിയെരിഞ്ഞു. അവശേഷിച്ചതോ ? ഒരു പിടിച്ചാരം മാത്രം !

## പതിമൂന്ന്

# നക്ഷത്രം ഉദിക്കുന്നു.

1887–ഹേമന്തത്തിൽ വ്ളാദിമീർ കസാൻ സർവകലാശാലയിൽ നിയമപഠനത്തിനു ചേൻറു. അമ്മ ഇളയ കുട്ടികളുമൊത്തു് അന്നയെ നാടുകടത്തിയ കൊക്കുഷ്ക്കിനോയിൽ താമസമാക്കി. അവർക്കു സർക്കാർ ഒരു ചെറിയ പെൻഷൻ അനുവദിച്ചിരുന്നു. ക്ലേശങ്ങളിൽ തകരാതെ അവർ ഒരു വിധം പിടിച്ചുനിന്നു. എങ്കിലും അലക്സാൻഡരുടെ മരണത്തോടെ അവർ ആകെ തകർന്നുപോയി. ശേഷിച്ച മക്കൾക്കുവേണ്ടിയെങ്കിലും അവർക്കു ജീവിച്ചേ മതിയാവൂ. അതിനു മേരിയാ സ്വയം തയ്യാറെടുത്തു.

പക്ഷേ വ്ളാദിമീറിന്റെ പഠനം നീണ്ടുനിന്നില്ല. വിദ്യാർത്ഥികളുടെ ഒരു നിയമവിരുദ്ധ സംഘടനയിൽ അവൻ പങ്കുചേർന്നു. അതിനു കോളേജിൽ നിന്നു് അവനെ പുറത്താക്കി. തുടർന്നു് വ്ളാദിമീർ അറസ്റ്റുചെയ്യപ്പെട്ടു. കാര്യങ്ങൾ എല്ലാം പെട്ടെന്നു കഴിഞ്ഞു. ഒരു കൊല്ലത്തെ നാടുകടത്തലായിരുന്നു വ്ളാദിമീർക്കു് കോടതി നൽകിയ ശിക്ഷ. ഭാഗ്യത്തിനു് അതും കൊക്കുഷ്ക്കിനോയിലേക്കായിരുന്നു. അവിടത്തെ ജീവിതത്തെക്കുറിച്ചു് വ്ളാദിമീർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"ആ കുഗ്രാമത്തിൽ കഴിച്ചു കൂട്ടിയ ഒരു കൊല്ലത്തിലെന്നപോലെ ഇത്രയധികം ജീവിതത്തിലൊരിക്കലും, സെൻറു്

ചീറോഴ്സ് ബർഗ്ഗിലെ ഇറങ്കിലോ, സൈബീരിയായിൽ പോലുമോ ഞാൻ വായിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല."

ഒരു വർഷം കടന്നുപോയി. ശിക്ഷയുടെ കാലാവധിയും കഴിഞ്ഞു. വ്ളാദിമീർ മടങ്ങി വന്നു. പക്ഷേ സർവകലാശാല ആ വിദ്യാർത്ഥിക്കു പ്രവേശം അനുവദിച്ചില്ല. മൂന്നു തവണ മേരിയാ അധികാരികളുടെ മുമ്പിൽ നിവേദനം നടത്തി. പഠിച്ചിരുന്ന കോളേജിൽ തന്നെ അവനെ തിരിച്ചെടുക്കുകയോ മറേറതെങ്കിലും ഒരു കോളേജിൽ പ്രവേശിപ്പിക്കുകയോ ചെയ്യണമെന്നു്. എല്ലാം അധികാരികൾ തള്ളിക്കളഞ്ഞു. കോളേജിൽ ചേർത്തു പഠിപ്പിച്ചില്ലെങ്കിൽ നിയമ പരീക്ഷയ്ക്കിരിക്കാനെങ്കിലും അനുവദിച്ചാൽ മതിയെന്നായി പിന്നെ അപേക്ഷ. അതും തള്ളപ്പെട്ടു. രാജ്യം വിട്ടു പോകാനുള്ള അനുവാദത്തിനുവേണ്ടിയാണു് പിന്നെ അപേക്ഷിച്ചതു്. അതും അധികാരികൾ നിഷേധിച്ചു. പക്ഷേ മേരിയാ നിരാശപ്പെട്ടില്ല. അവസാനത്തെയായി 1890–ൽ സെൻറ് പീറേറഴ്സ് ബർഗ്ഗിൽ പോയി ഒന്നുകൂടി പരിശ്രമിച്ചു നോക്കാമെന്നു് അവർ ഉറച്ചു. ഈ പരിശ്രമം ആശിച്ച ഫലം ഉളവാക്കി. അവിടത്തെ അധികാരികൾ വ്ളാദിമീർക്കു പരീക്ഷയിൽ ഇരിക്കാൻ മാത്രം അനുവാദം നൽകി. വാസ്തവത്തിൽ അത്ര മാത്രമേ ആ വിദ്യാർത്ഥിക്കു വേണ്ടിയിരുന്നുള്ളു. നാലു വർഷം സർവകലാശാലയിൽ പഠിപ്പിക്കുന്ന നിയമശാസ്ത്രം മുഴുവൻ വെറും 18 മാസം കൊണ്ടു് വ്ളാദിമീർ സ്വയം പഠിച്ചു തീർത്തു. 1891–ൽ നിയമ പരീക്ഷയിൽ പ്രശസ്തമായ വിജയം വരിച്ചു, ഒരു ഓണേഴ്സ് ബിരുദം നേടി. അടുത്തകൊല്ലം തന്നെ സമാറാ ജില്ലാക്കോടതിയിൽ അഭിഭാഷകനായി വ്ളാദിമീർ പണിതുടങ്ങി.

ദുഃഖങ്ങൾ ഒരിക്കലും ഒററയ്ക്കു വരാറില്ലത്രേ. അതു ശരിയാണെന്നു് അനുഭവം അവരെയും പഠിപ്പിച്ചു. സെൻറുപീറേറ

ഴ്സ്ബർഗ്ഗിൽ പഠിച്ചു കൊണ്ടിരുന്ന ഓൾഗാ അക്കൊല്ലം ടൈഫോയിഡ് ബാധിച്ചു കിടപ്പിലായി. രോഗം അടിയ്ക്കടി വർദ്ധിച്ചു. അവളുടെ നില ആശങ്കാകരമാണെന്നു തോന്നിയപ്പോൾ വ്ളാദിമീർ അമ്മയെ വിവരമറിയിച്ചുവരുത്തി. മേരിയായുടെ വേദന വിതുമ്പി നിൽക്കുന്ന മുഖവും, നിറഞ്ഞൊഴുകുന്ന കണ്ണുകളും ഒരിക്കൽ കൂടി വ്ളാദിമീർ നോക്കി നിന്നു. മക്കൾ നിമിത്തം മേരിയായെപ്പോലെ ഇത്രയധികം ദുഃഖിച്ച അമ്മമാർ ചുരുങ്ങും. സഹോദരിമാരിൽ വ്ളാദിമീർക്കു് ഏററവും പ്രിയപ്പെട്ടവളായിരുന്നു ഓൾഗാ. മേരിയായുടെ രണ്ടു മക്കൾ നഷ്ടപ്പെട്ടു. അങ്ങനെ ആ സഹോദരങ്ങൾ നാലുപേരായി.

വ്ളാദിമീർ തന്റെ ആദർശങ്ങളും അഭിമാനങ്ങളും വിളയിച്ചെടുക്കാൻ ഇണങ്ങിയ ഭൂമിയും കാലാവസ്ഥയും അന്വേഷിച്ചു തുടങ്ങി. വളരെ വൈകിയില്ല, ആ വിപ്ളവകാരി സമാറയിലേക്കു നീങ്ങി. അതോടെ റഷ്യയുടെ ചക്രവാളത്തിൽ ഒരു പുതിയ നക്ഷത്രം കതിരുവീശി.

മേരിയാ മററു് മക്കളുമൊത്തു് മോസ്ക്കോയിലേക്കു പുറപ്പെട്ടു. വ്ളാദിമീറിന്റെ അനുജൻ ദ്മിത്രി മോസ്ക്കോ സർവകലാശാലയിൽ വൈദ്യശാസ്ത്ര വിദ്യാർത്ഥിയായി അപ്പോൾ പ്രവേശിച്ചു കഴിഞ്ഞിരുന്നു.

## പതിനാല്

# ചരിത്രസത്യങ്ങൾ

ഇതുവരെ നാം പരിചയപ്പെട്ട ഉല്യാനോവ് കുടുംബത്തിലെ വ്ളാദിമീർ ആകെ ഒരു പുതിയ മനുഷ്യനായി മാറിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ ഇനിയുള്ള ജീവിത കഥ അദ്ദേഹത്തിന്റെ മാത്രം കഥയല്ല; റഷ്യയുടെ ചരിത്രം തന്നെയാണ്. 1891-ൽ വ്ളാദിമീർ ലെനിൻ എന്ന പേരു സ്വീകരിച്ചു കഴിഞ്ഞിരുന്നു.

സൈബീരിയായിലെ "ലേനാ" നദിയെ ഓർമ്മിപ്പിച്ചു കൊണ്ടാണ് അദ്ദേഹം ആ പേരു സ്വീകരിച്ചതെന്നു പറയപ്പെടുന്നു. ഏതായാലും അതൊരു തൂലികാനാമമായിരുന്നു. തൊഴിലാളി വർഗ്ഗത്തിനുവേണ്ടി ലേഖനങ്ങളെഴുതാനും അവരുടെ ഇടയിൽ മാർക്സിന്റെ തത്വശാസ്ത്രം പ്രചരിപ്പിക്കുവാനും ശ്രമിച്ചു കൊണ്ടിരുന്നപ്പോൾ ഒരു പുതിയ പേരിന്റെ ആവശ്യം അദ്ദേഹത്തിനുണ്ടായി. അങ്ങനെ വ്ളാദിമീർ ലെനിനായി.

അക്കാലത്തെ റഷ്യയുടെ ചരിത്രം കൂടി അല്പം അറിഞ്ഞിരിക്കേണ്ടതുണ്ട്. നൂററാണ്ടുകളായി അവിടെ സ്സാർ ചക്രവർത്തിമാരുടെ ഭരണമായിരുന്നു. അവരാണെങ്കിൽ തികഞ്ഞ സ്വേച്ഛാധിപതികളും. എങ്കിലും പതിനെട്ടാം നൂററാണ്ടായപ്പോഴേക്കും മുതലാളിത്തം അവിടെ അതിവേഗം വളൎന്നു. ജന്മിത്തം അപ്പോഴും

അവിടെ മുടി ചൂടി നിന്നു. സാധാരണക്കാരായ അടിയാന്മാരു ടെയും, തൊഴിലാളികളുടെയും ഇടയിൽ അസ്വസ്ഥതകൾ തല പൊക്കി. അനേകം പുതിയ പുതിയ വ്യവസായങ്ങളും കമ്പനി കളും പിറവിയെടുത്തു. മുതലാളിത്തത്തിൻെറ അനുനിമിഷമുള്ള ഈ വളർച്ച നിമിത്തം നാടുവാഴിത്തത്തിനു ഉലച്ചിൽ തട്ടി. എങ്കിലും അതു തകർന്നില്ല. കർഷകരുടെ ഇടയിലും വലിയ മാററങ്ങൾ സംഭവിച്ചു. നല്ലൊരു വിഭാഗം ധനിക കർഷകരായി. കർഷകത്തൊഴിലാളികളുടെ ജീവിതമാണെങ്കിൽ അത്യന്തം ദുരിത പൂർണ്ണമായി. അവരിൽത്തന്നെ നല്ലൊരു വിഭാഗം ജീവിക്കാൻ വേണ്ടി ഗ്രാമങ്ങൾ വിട്ട് പട്ടണത്തെ അഭയം പ്രാപിച്ചു. 19-ാം നൂററാണ്ടിൻെറ മദ്ധ്യം കഴിഞ്ഞപ്പോഴേക്കും അടിയായ്മ അവസാ നിപ്പിക്കുന്നതിനും, ജനാധിപത്യം സ്ഥാപിക്കുന്നതിനും വേണ്ടി കലാപങ്ങൾ പലെടത്തും പൊട്ടിപ്പുറപ്പെട്ടു. വളരെത്താമസി യാതെ തൊഴിലാളികളുടെ പണിമുടക്കങ്ങളും തുടങ്ങി. മുതലാളി മാർ തൊഴിലാളികളെ ക്രൂരമായി ചൂഷണം ചെയ്തു. അവരുടെ ദാരിദ്ര്യത്തിനും, അവരനുഭവിച്ച മർദ്ദനത്തിനും, അറുതിയുണ്ടായി രുന്നില്ല. മുതലാളിമാരുടെ ചൂഷണത്തിൻെറ ഭയങ്കരത വെളി വാക്കാൻ ലെനിൻ പറഞ്ഞ ഒരു കഥയുണ്ട്.

"ഒരിക്കൽ ഒരു സിംഹവും കുറേ കാട്ടുമൃഗങ്ങളും കൂടി വേട്ട നടത്തി. കിട്ടിയ ഇര പങ്കിടാൻ തുടങ്ങി. സിംഹം അതു നാലായി പകുത്തു. ആദ്യത്തെ ഓഹരി അവൻ അവകാശം പറഞ്ഞെടുത്തു. രണ്ടാമത്തേതു് മൃഗരാജനെന്ന നിലയ്ക്കു അവ നെടുത്തു. മൂന്നാമത്തേതു് എല്ലാവരേക്കാൾ ശക്തനാണെന്ന കാ രണം പറഞ്ഞു് അവനെടുത്തു. നാലാമത്തെ പങ്കിനെക്കുറിച്ചാ ണെങ്കിൽ, അതിനുവേണ്ടി കൈനീട്ടുന്നവൻെറ ബാക്കിപോലും കാണുകയില്ലെന്നു് ഭീഷണിപ്പെടുത്തിക്കൊണ്ട് അവൻ എടുത്തു"

റഷ്യൻ തൊഴിലാളികളുടെ അക്കാലത്തെ ദയനീയമായ

ജീവിതമാണു് ഈ കഥ കൊണ്ടു് ലെനിൻ വിശദമാക്കിയതു്. എന്നാൽ റഷ്യയിൽ മുതലാളിത്തം വളരുകയില്ലെന്നും, കർഷകനാണു് അവിടത്തെ മുഖ്യവിപ്ലവശക്തിയെന്നും, വിശ്വസിച്ചിരുന്ന കുറേപ്പേർ ഉണ്ടായിരുന്നു. അവർ സ്വേച്ഛാധിപത്യത്തിനെതിരായി ഇളക്കിവിടാൻ ശ്രമിച്ചതു് കർഷകരെയാണു്. അവർ സ്സാറിസ്റ്റ് ഭരണത്തിൻെറ പ്രതിനിധികളെ ഓരോരുത്തരെയായി വധിച്ചു. അങ്ങനെ സ്വേച്ഛാധിപത്യത്തെ ഭയപ്പെടുത്താമെന്നു് അവർ കരുതി. അപ്പോഴം സ്സാർ ചക്രവത്തിമാർ അവരുടെ ഭരണനയം മാററിക്കൊള്ളുമല്ലൊ.

ഇത്തരം ഭീകര പ്രവത്തനങ്ങളെ ക്രൂരമായ മർദ്ദനം കൊണ്ടാണു് സ്സാറിൻെറ സക്കാർ നേരിട്ടതു്. കുറേപ്പേരെ തടവിലാക്കി. കുറേ അധികംപേരെ തൂക്കിക്കൊന്നു. അതിലുമധികം പേരെ നാടുകടത്തി. അവർ കാണിച്ച ധീരതയും വിപ്ലവമനോഭാവവും തൊഴിലാളികളെപ്പോലും സ്വാധീനിച്ചു. ലെനിനു് അവരുടെ നേരെ അഗാധമായ ആദരവുതോന്നി.

ലെനിൻെറ അഭിപ്രായത്തിൽ റഷ്യയിലെ ഏററവും വലിയ ശക്തി തൊഴിലാളികളാണു്. അവരെ അവഗണിക്കുക സാധ്യമല്ല. റഷ്യയിലെ സ്വേച്ഛാധിപത്യത്തിനു മാററം വരുത്താൻ തൊഴിലാളിവർഗ്ഗത്തിനേ കഴിയൂ. അതുകൊണ്ടു് തൊഴിലാളികളെ സംഘടിപ്പിക്കുകയാണു് ഒന്നാമതായി വേണ്ടതു്. അങ്ങനെ ചെയ്യില്ലെങ്കിൽ സ്സാർ ചക്രവത്തിമാരുടെ സ്ഥാനത്തു് മുതലാളിവർഗ്ഗത്തിൻെറ സ്വേച്ഛാധിപത്യം റഷ്യയിൽ ഉടലെടുക്കും. അതല്ലാതെ കാര്യമായ മാററമൊന്നും സംഭവിക്കുകയില്ല.

അതിനു് ആദ്യമായി തൊഴിലാളികളിൽ വർഗ്ഗബോധം ജനിപ്പിക്കണം. അവർ അനുഭവിക്കുന്ന ചൂഷണത്തെക്കുറിച്ചു് അവരെ ബോധവാന്മരാക്കുകയും വേണം. ഇതിനു മാർക്സിന്റെ

തത്ത്വശാസ്ത്രത്തെക്കാൾ മികച്ചൊരു സിദ്ധാന്തം വേറെയില്ല. ആ ഉന്നം വച്ചുകൊണ്ട് ലെനിൻ തൊഴിലാളികളുടെ ചെറിയ ചെറിയ സംഘങ്ങൾ ഉണ്ടാക്കി. അവരെ മാർക്സിന്റെ സിദ്ധാന്തങ്ങൾ പഠിപ്പിച്ചു. അവയിൽ ലെനിനോളം അറിവുള്ള ഒരു വിപ്ളവകാരി അന്ന് വേറെ ഉണ്ടായിരുന്നില്ല.

നിയമബിരുദം നേടിയശേഷം ലെനിൻ ഏകദേശം ഒരു കൊല്ലം സമാറയിൽ താമസിച്ചു. അക്കാലമത്രയും അദ്ദേഹം മാർക്സിന്റേയും എംഗൽസിന്റേയും സിദ്ധാന്തങ്ങൾ പഠിക്കുന്നതിന് തന്റെ മുഴുവൻ കഴിവും ശക്തിയും പ്രയോഗിച്ചു. അങ്ങനെ ലെനിൻ ഏററവും നല്ല ഒരു മാർക്സിസ്റ്റായി. വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ടാണ് ഇക്കാലമത്രയും അദ്ദേഹം ജീവിച്ചത്. ഇടയ്ക്കിടെ അവിടത്തെ സർക്കീട്ട കോടതിയിൽ വക്കീലായും പ്രവർത്തിച്ചിരുന്നു. എങ്കിലും ശ്രദ്ധ മുഴുവനും വിപ്ലവ പ്രവർത്തനങ്ങളിൽ ഒതുങ്ങി നിന്നു. മാർക്സിസം പഠിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനുമുള്ള ആദ്യത്തെ പഠന സങ്കേതം സമാറയിലാണ് അദ്ദേഹം സംഘടിപ്പിച്ചത്.

റഷ്യയിൽ സംഭവിച്ചു കൊണ്ടിരുന്ന മാററങ്ങൾ അദ്ദേഹം മനസ്സിരുത്തിപ്പഠിച്ചു. ലളിതമായ രീതിയിൽ കൂട്ടുകാർക്ക് അവ വിവരിച്ചു കൊടുത്തു. പോലീസിന്റെ പിടിയിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ഓരോ പുതിയ അടവുകൾ അദ്ദേഹം സ്വീകരിച്ചു. ലെനിൻ കൂട്ടുകാരുമൊത്ത് വോൾഗാ നദിയിലൂടെ തോണിയാത്ര യ്ക്കിറങ്ങും. ആ യാത്ര ചിലപ്പോൾ ആറേഴ ദിവസം നീണ്ടു നിൽക്കും. പുതിയ തത്ത്വശാസ്ത്രം കൂട്ടുകാർക്കു വിവരിച്ചു കൊടുക്കാൻ വേണ്ടത്ര സമയവും സൗകര്യവും അപ്പോൾ ലഭിക്കുമല്ലോ. എല്ലാം രഹസ്യമായി തന്നെ കഴിച്ചു കൂട്ടുകയും ചെയ്യാം. ചുരുക്കത്തിൽ പ്രചരണവും ഉല്ലാസവും ഒപ്പം സാധിച്ചു. ആ വിനോ

ദയാത്രക്കാരെ ആരും ഗൗനിച്ചതുമില്ല. മാർക്സിന്റെ തത്വങ്ങൾ ജീവിതത്തിൽ നിന്നു് സ്വീകരിച്ച ഉദാഹരണങ്ങളോടെ ലെനിൻ വിശദീകരിച്ച കൊടുത്തപ്പോൾ കഥകൾ പോലെ അവക്ക രസകരമായിത്തോന്നി.

പക്ഷെ വെറും ഒരു ഉൾനാടായ സമാറ ലെനിന്റെ വിപ്ളവപ്രവത്തനങ്ങൾക്കു് മതിയായ രംഗമായിരുന്നില്ല. അതുകൊണ്ടു് ഏതെങ്കിലും ഒരു തൊഴിലാളികേന്ദ്രത്തിൽ പോയി പ്രവത്തിക്കണമെന്നു് അദ്ദേഹം ആശിച്ചു. അതിനു യോജിച്ചതായി അദ്ദേഹം മനസ്സിൽ കണ്ടതു് സെൻറപീറേറഴ്സ്ബർഗ്ഗായിരുന്ന

അന്നു് അതു റഷ്യയുടെ തലസ്ഥാനം മാത്രമായിരുന്നില്ല അതിപ്രധാനമായ ഒരു തൊഴിലാളികേന്ദ്രവും കൂടിയായിരുന്നു. മുപ്പതുലക്ഷം തൊഴിലാളികളാണു് അന്നു റഷ്യയിൽ പണിയെടുത്തിരുന്നതു്, ഖനികളിലും വൻകിടഫാക്ടറികളിലും റയിൽവേയിലും കൂടി മൊത്തത്തിൽ. അവരിൽ വലിയൊരു വിഭാഗം സെൻറപീറേറഴ്സ്ബർഗ്ഗിലായിരുന്ന തൊഴിലാളികളാണെങ്കിൽ പൊതുവേ അസംതൃപ്തരായിരുന്നു. കാരണങ്ങൾ പലതുണ്ടു്. ജീവിതം തികച്ചും ദുരിതപൂർണ്ണം. വേലയാണെങ്കിൽ അതികഠിനം. കൂലിയോ വളരെ തുച്ഛവും. അസ്ഥി തുളച്ചുകയറുന്ന കൊടുംതണുപ്പിൽ പോലും ദിവസേന പതിനഞ്ചും പതിനാറും മണിക്കൂറുകൾ അവരെക്കൊണ്ടു് കേവലം മൃഗങ്ങളെക്കൊണ്ടെന്നപോലെ പണിയെടുപ്പിച്ചിരുന്നു. ഈ ചുററുപാടുകളിലാണു് യുവാവായ ലെനിൻ അവിടെ എത്തിയതു്. പോലീസിന്റെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ അദ്ദേഹം ഒരു സൂത്രം പ്രയോഗിച്ചു. പ്രശസ്തനാ

യ ഒരഭിഭാഷകന്റെക്കൂടെക്കൂടി. എങ്കിലും കോടതിയിൽ വളരെ ചുരുക്കമായിട്ടേ പോയുള്ളു. മിക്കവാറും മുഴുവൻ സമയത്തും രാഷ്ട്രീയപ്രവർത്തനങ്ങളായിരുന്നു. റഷ്യയിൽ നിന്നു് സ്സാർ ഭരണത്തേയും മുതലാളിത്തത്തേയും ഒന്നിച്ചു കെട്ടുകെട്ടിക്കാൻ തനിക്കു കഴിയുമെന്നു് അദ്ദേഹം വിശ്വസിച്ചു. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ലെനിൻ മുഴുകി.

## പതിനഞ്ച്

# അണിയറയിൽ

1893-ൽ ലെനിൻ സെൻറ് പീറ്റേഴ്സ്ബർഗ്ഗിൽ താമസമാക്കി. അക്കൊല്ലം ശരത്ക്കാലം പിറന്നതോടെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി. ഫാക്ടറികളിലും മില്ലുകളിലും മാർക്സിന്റെ തത്വശാസ്ത്രം പഠിപ്പിക്കുവാൻ ചെറിയ ചെറിയ സംഘങ്ങൾ രഹസ്യമായി സ്ഥാപിക്കപ്പെട്ടു. അവയുമായി ലെനിൻ ബന്ധം പുലർത്തി. അദ്ദേഹത്തിന്റെ പ്രവർത്തനം ചുററുപാടുമുള്ള ഉൾനാടുകളിലും വ്യാപിച്ചു. റഷ്യൻ തൊഴിലാളികളിൽ വീറും ആവേശവും വളർന്നു തുടങ്ങി. മുതലാളിത്തത്തേയും ചൂഷണത്തേയും കുറിച്ച് അവർ ബോധവാന്മാരായി. ആ ബോധം ക്രമേണ പ്രക്ഷോഭണങ്ങളും സമരങ്ങളും സൃഷ്ടിച്ചു തുടങ്ങി. സെൻറ് പീറേറഴ്സ് ബർഗ്ഗിലാണ് വമ്പിച്ച മാററങ്ങളുണ്ടായതു്. അവിടെ ഒരു ഫാക്ടറിയിൽ കൂലി നൽകാൻ കുറേ വൈകി. അതിൽ പ്രതിഷേധിച്ച് അവിടത്തെ തൊഴിലാളികൾ പ്രക്ഷോഭണം കൂട്ടി. ലെനിൻ നേരിട്ട് ആ പ്രക്ഷോഭണത്തെ നയിച്ചു. തുടർന്നു റഷ്യയിലെ വൻ നഗരങ്ങളിലൊക്കെ പണിമുടക്കുകളുണ്ടായി. ഖനികളിലും തുറമുഖങ്ങളിലും അതു വ്യാപിച്ചു. ചുരുക്കത്തിൽ റഷ്യൻ തൊഴിലാളികൾ ആകെ ഉണർന്നു കഴിഞ്ഞു.

1895-ലെ വസന്തകാലം. പീറേറഴ്സ് ബർഗ്ഗിലെ മാർക്സിസ്റ്റുകാരുടെ ആവശ്യ പ്രകാരം ലെനിൻ പടിഞ്ഞാറൻ രാജ്യങ്ങളിൽ ഒരു യാത്ര നടത്തി, അവിടത്തെ തൊഴിലാളി പ്രവർത്തനങ്ങൾ കണ്ടുപഠിക്കാൻ. സ്വിററ്സർലാൻഡ്, ഫ്രാൻസ്

ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചു. അവിടത്തെ തൊഴിലാളി പ്രവർത്തകരെ പരിചയപ്പെടുകയും, അവരുടെ യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. മടക്ക യാത്രയിൽ റഷ്യയിൽ പ്രധാനപ്പെട്ട എല്ലാ വ്യവസായ നഗരങ്ങളും അദ്ദേഹം സന്ദർശിച്ചു. അക്കൊല്ലം സെപ്തംബർ ആരംഭത്തിൽ പീറേറഴ്സ് ബർഗ്ഗിൽ അദ്ദേഹം മടങ്ങിയെത്തി. തൊഴിലാളി പ്രവർത്തനങ്ങൾ കൂടുതൽ ഉയർജ്ജിതമായി ആരംഭിച്ചു. പോലീസ് ജാഗ്രതയോടെ അദ്ദേഹത്തെ സൂക്ഷിക്കാൻ തുടങ്ങി. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ പല വിധത്തിൽ അവർ തടസ്സപ്പെടുത്തി. പോലീസിൻെറ ചാരന്മാരുടെ തിരക്കാണ്, അദ്ദേഹം എങ്ങോട്ടു തിരിഞ്ഞാലും. പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്ന് അദ്ദേഹം കുറേ വിപ്ലവ സാഹിത്യം കടത്തിക്കൊണ്ടുവന്നതായി അവർ എങ്ങനെയോ അറിഞ്ഞു. അവരുടെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ തക്ക സാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം കൂടക്കൂടെ തൻെറ താമസസ്ഥലം മാററിക്കൊണ്ടിരുന്നു.

സെൻറപീറേറഴ്സ്ബർഗ്ഗിലെ മാർക്സിസ്റ്റ സംഘങ്ങളെ യോജിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ അടുത്ത ജോലി. അങ്ങനെ ഒരൊററ സംഘടനയാക്കി കെട്ടിപ്പടുത്തു. റഷ്യൻ തൊഴിലാളിവർഗ്ഗമനുഭവിക്കുന്ന ക്ലേശങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുവാനുള്ള ഒരു സമരലീഗാക്കി അതിനെ മാററി. സംഘടനയ്ക്കു നല്ല അച്ചടക്കവും കെട്ടുറപ്പും ഉണ്ടായിരുന്നു. ഇനി സംഘടനയ്ക്കാവശ്യം ഒരു പത്രമാണ് എന്നു ലെനിൻ തീരുമാനിച്ചു. പത്രത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. ഒന്നാം ലക്കത്തിൻെറ പ്രസിദ്ധീകരണ ജോലികൾ പൂർത്തിയായി. പക്ഷേ അതിനിടയിൽ സ്സാറിൻെറ പോലീസുകാർ എല്ലാം മണത്തറിഞ്ഞു. പുറത്താകും മുമ്പുതന്നെ അവർ പത്രത്തിൻെറ പ്രഥമലക്കം മുഴുവൻ പിടിച്ചെടുത്തു. നിയമവിരുദ്ധമായ പത്ര പ്രവർത്തനം നടത്തിയ കുററത്തിന് ലെനിനെ അറസ്റ്റു ചെയ്തു.

## പതിനാറ്

# സൈബീരിയ

പതിന്നാലു മാസത്തിലധികം ലെനിൻ സെൻറ് പീറേറഴ്സ് ബർഗ്ഗിലെ ജയിലിൽ കിടന്നു. അവിടെ അദ്ദേഹത്തിനു് ഏകാന്തത്തടവായിരുന്നു. തുറുങ്കിൽ കിടക്കുമ്പോഴും അദ്ദേഹം വിപ്ലവ പ്രവൎത്തനങ്ങൾ അവസാനിപ്പിച്ചില്ല. പുസ്തകങ്ങളുടേയും മാസികകളുടേയും വരികൾക്കിടയിൽ പാൽ കൊണ്ടെഴുതി അദ്ദേഹം കൂട്ടുകാരെ വിവരങ്ങൾ അറിയിച്ചുകൊണ്ടിരുന്നു. ജയിലിൽ വച്ചു് അദ്ദേഹം ധാരാളം വായിച്ചു. ധാരാളം എഴുതി. കർശനമായ ദിനചര്യയാണു് അന്നു് അദ്ദേഹം സ്വീകരിച്ചിരുന്നതു്. കൊടിയ ശൈത്യത്തിൽ തടവുമുറി മഞ്ഞുകട്ടപോലെ തണുത്തുറഞ്ഞിരിക്കുമ്പോൾപ്പോലും, ഉറങ്ങാൻ കിടക്കുന്നതിനു മുമ്പു് എന്നും രാത്രി ശരീരത്തിനു ചൂടു തോന്നുമാറു് അത്രയേറെ വ്യായാമം ചെയ്തു. അതുകൊണ്ടു് സുഖമായി ഉറങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞു.

1897 ഫെബ്രുവരി 13-ാം തീയതി ലെനിനു് മൂന്നു കൊല്ലത്തെ നാടുകടത്തൽ ശിക്ഷ വിധിക്കപ്പെട്ടു. അങ്ങനെ മേയ് 8-ാം തീയതി വിദൂരസൈബീരിയയിലെ ഷൂഷൻസ്കോയേ ഗ്രാമത്തിൽ പോലീസു് അകമ്പടിയോടെ അദ്ദേഹം എത്തിച്ചേൎന്നു. വിപ്ളവ പ്രവൎത്തനങ്ങളുമായി ബന്ധിപ്പിച്ചു് മറെറാരു യുവതിയും ലെനിനോടൊപ്പം അറസ്റ്റുചെയ്യപ്പെട്ടിരുന്നു. നടാഷ

ക്രൂപ്സ്ക്കായ. ഒരു കൊല്ലം കഴിഞ്ഞു് ആ യുവതിയെയും സൈബീരിയയിലേയ്ക്കു തന്നെ അധികാരികഠം നാടു കടത്തി. അവക്കം ശിക്ഷ മൂന്നു കൊല്ലം ആയിരുന്നു. രണ്ടുപേരും ഒരേ ഗ്രാമത്തിൽതന്നെ എത്തിച്ചേന്നു. ലെനിനും ക്രൂപ്സ്കായയും തമ്മിൽ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നു. ആ വസ്തുത അവർ അധികാരികളെ അറിയിക്കുകയും, രണ്ടുപേരേയും ഒരേ ഗ്രാമത്തിൽ തന്നെ നാടുകടത്തണമെന്നു് അപേക്ഷിക്കുകയും ചെയ്തു. ആ അപേക്ഷ അനുവദിക്കപ്പെട്ടു.

സെൻറ് പീറേറഴ്സ് ബർഗ്ഗിലെ തുറുങ്കിൽ വച്ചാണു് ലെനിൻ തൻെറ ആഗ്രഹം ആദ്യമായി ക്രൂപ്സ്കായയെ അറിയിച്ചതു്. അവക്കു ആഹ്ലാദവും അഭിമാനവും തോന്നി. എങ്കിലും തടവിൽ കഴിയുമ്പോഠം വിവാഹിതരാകാൻ അവർ രണ്ടുപേരും ഇഷ്ടപ്പെട്ടില്ല. കല്യാണം നടക്കുന്നില്ലെങ്കിൽ ക്രൂപ്സ്കായയെ മറെറാരു വിദൂര ഗ്രാമത്തിലേക്കു കൊണ്ടു പോകുമെന്നു് പോലീസു് ഭീഷണിപ്പെടുത്തി. അങ്ങനെ അവർ സൈബീരിയയിൽ വച്ചു് വിവാഹിതരായി.

ഒരു റഷ്യൻ വിപ്ളവകാരിയുടെ പുത്രിയായിരുന്നു ക്രൂപ്സ്കായ. ഉന്നത വിദ്യാഭ്യാസത്തിനു ശേഷം അവർ വിപ്ലവ പ്രവത്തനങ്ങളിൽ ഏർപ്പെട്ടു. ലെനിൻ സെൻറ് പീറേറഴ്സ് ബർഗ്ഗിൽ തൊഴിലാളികളെ സംഘടിപ്പിക്കുമ്പോഠം അവർ അവിടെ തൊഴിലാളികഠംക്കു വേണ്ടി സായാഹ്ന ക്ലാസ്സുകഠം നടത്തുകയായിരുന്നു. വോഠംഗായിൽ നിന്നു് പണ്ഡിതനായ ഒരു യുവ മാർക്സിസ്റ്റു വന്നിട്ടുണ്ടെന്നു് സഖാക്കഠം പറഞ്ഞു് അവർ കേട്ടു. തമ്മിൽ കണ്ടതു പിന്നെയും കുറേ മാസങ്ങഠം കഴിഞ്ഞാണു്. ആ ചെറുപ്പക്കാരനുമായി പരിചയപ്പെടാൻ ഒരു കൂടിക്കാഴ്ച്ചയ്ക്കു ഏർപ്പാടു ചെയ്തു. പോലീസിനെ കബളിപ്പി

ക്കാൻ ഒരു വിരുന്നിൻെറ മട്ടിലാണ് അതു നടത്തിയതു്. ആ നവാഗതനുമായി അടുത്തു പരിചയപ്പെടാൻ പിന്നെയും കുറേ മാസങ്ങൾ കൂടി വേണ്ടി വന്നു. തൻെറടവും കാര്യശേഷിയും തികഞ്ഞ ഒരു നല്ല തൊഴിലാളി പ്രവത്തകയായിരുന്നു ക്രൂപ്സ്കായ. ജീവിതകാലം മുഴുവൻ അവർ അങ്ങനെ തന്നെ ചെലവഴിച്ചു.

1898 ജൂലായ് മാസം 22–ാം തീയതി ലെനിനും ക്രൂപ്സ്കായയും വിവാഹിതരായി. ജീവിതാവസാനം വരെ അവർ അദ്ദേഹത്തിൻെറ വിശ്വസ്ത സഖിയും, അനുസരണയുള്ള സഹായിയുമായിരുന്നു. സന്താനങ്ങളൊന്നുമുണ്ടായില്ല. എങ്കിലും അവരുടെ ദാമ്പത്യ ജീവിതം ആദ്യന്തം ആഹ്ലാദപൂണ്ണമായിരുന്നു.

സൈബീരിയയിലെ അതിവിദൂരമായ ഒരു ഗ്രാമമായിരുന്നു ഷൂഷൻസ്കോായേ. അവിടെ ഗതാഗത സൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. റയിൽവേപോലും നൂറു നൂറു മൈലുകൾക്കപ്പുറമായിരുന്നു. ആദ്യം അവർ ഒരു ചെറിയ കർഷക കുടുംബത്തിൽ പാത്തു. സ്വന്തമായി ഒരു വീടുണ്ടാക്കി അതിൽ താമസിച്ചു. ആ ദമ്പതിമാർ സൈബീരിയയിൽ സഹിച്ച ദാരിദ്ര്യവും കഷ്ടപ്പാടുകളും വിവരിക്കുക അസാദ്ധ്യം. ജയിൽ അലവൻസായി മാസം 8 റൂബിൾ മാത്രമേ അധികാരികൾ അനുവദിച്ചിരുന്നുള്ളു. ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്തും മററുമാണ് ലെനിൻ തൻെറ ആവശ്യങ്ങൾ നിറവേററിയതു്.

സൈബീരിയയിൽ താമസിക്കുമ്പോൾ അവിടത്തെ കർഷകർക്കു് അദ്ദേഹം ഉററ ചങ്ങാതിയായിത്തീർന്നു. പല കാര്യങ്ങളിലും അവർക്കു് അദ്ദേഹം നിയമോപദേശം നൽകി. മനുഷ്യൻെറ മജ്ജപോലും ഉറഞ്ഞുപോകുന്ന തണുപ്പാണവിടെ. സൈബീരിയ തളന്നു ഉറങ്ങിക്കിടക്കുന്ന രാത്രികൾ. നിശ്ശബ്ദമായ പാ

തിരാവിൽപോലും ലെനിൻ മാത്രം ഉണർന്നിരിക്കുന്നുണ്ടാവും. അദ്ദേഹത്തിൻെറ മുറിയിൽ നിന്നു് അപ്പോഴും വെളിച്ചം പ്രകാശിച്ചുകൊണ്ടിരുന്നു. ഈ കാലത്തു് അദ്ദേഹം തൊഴിലാളികൾക്കു വേണ്ടി മുപ്പതോളം ഗ്രന്ഥങ്ങളെഴുതി. വരാനിരിക്കുന്ന ഒരു വിപ്ലവത്തിനു വേണ്ടി ഈ കാലമത്രയും അദ്ദേഹം സ്വയം ഒരുക്കുകയായിരുന്നു. തന്നെമാത്രമല്ല, അനുയായികളേയും.

കഠിനമായ അദ്ധ്വാനത്തിനിടയിലും അദ്ദേഹം ധാരാളം വിശ്രമിച്ചു. വീട്ടിലേക്കു മുറയ്ക്കു കത്തുകളെഴുതി. കാട്ടിലെ പുൽപ്രദേശങ്ങളിൽ കൂടി വളരെ ദൂരം നടന്നു. സ്കേയിററിംഗിനോ നായാട്ടിനോ പോയി. വൃക്ഷങ്ങൾ നിറഞ്ഞകാടുകളും, നദീതീരങ്ങളിലെ മൈതാനങ്ങളും നോക്കിനിന്നു. സൈബീരിയൻ ഭൂപ്രകൃതിയുടെ ഗാംഭീര്യം, നിറഞ്ഞൊഴുകുന്ന അതിൻെറ സൗന്ദര്യം, ക്രൂററൻയെന്നീസേനദി, ഇതൊക്കെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ കൗതുകം വളർത്തി. ചിലപ്പോൾ അടുത്തു താമസിക്കുന്ന നാടുകടത്തപ്പെട്ട സ്നേഹിതന്മാരെപ്പോയി കാണുകയോ അവരെ സമാശ്വസിപ്പിക്കുകയോ ഒക്കെ ചെയ്തു.

1899-ൽ ഒരു സംഭവമുണ്ടായി. മേരിയാ സെൻറപീറേറഴ്സ്ബർഗ്ഗിൽപ്പോയി ഏററവും ഉയർന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെക്കണ്ടു. ലെനിനെ നാടു കടത്തിയ സൈബീരിയയുടെ അതിർത്തിക്കടുത്താണു് അവർ അന്നു പാർത്തിരുന്നതു്. അവരുടെ താമസസ്ഥലത്തിനടുത്തു് സൈബീരിയയിൽത്തന്നെ എവിടെയെങ്കിലും മാറിത്താമസിക്കുവാൻ തൻെറ മകനെ അനുവദിക്കണമെന്നു് അവർ ആ പോലീസ് മേധാവിയോടപേക്ഷിച്ചു. അയാൾ തികഞ്ഞ വെറുപ്പോടെ ആ അമ്മയെ നോക്കി പരിഹാസസ്വരത്തിൽ പറഞ്ഞു.

"നിങ്ങൾക്കു മക്കളെക്കുറിച്ചു് തീർച്ചയായും അഭിമാനിക്കാം. ഒരുത്തൻ കഴുകുമരം കയറി. ആ കൊലക്കയറ് അടുത്ത മകനുവേണ്ടി കാത്തു നിൽക്കുന്നു."

മേരിയായുടെ അഭിമാനബോധം ജ്വലിച്ചു. അവക്കു ഉയരം ഒന്നു കൂടി വദ്ധിച്ചപോലെ തോന്നി. ഉള്ളിൽ പൊങ്ങിയ അരിശവും വെറുപ്പും തീരെ മറയ്ക്കാതെ അയാളുടെ മുഖത്തു നോക്കി ഗൗരവമായി അവർ പറഞ്ഞു. "അതേ, ഞാൻ എന്റെ മക്കളെക്കുറിച്ചു് തികച്ചും അഭിമാനം കൊള്ളുന്നു. മറിച്ചൊന്നു മുണ്ടായിട്ടില്ലല്ലോ."

ആ സന്ദർശനം അങ്ങനെ അവസാനിച്ചു. ലെനിന്റെ നാടുകടത്തൽ കാലാവധി അവസാനിക്കാറായി. അക്ഷമയോടെ അദ്ദേഹം അതു കാത്തിരിക്കുകയായിരുന്നു. രാത്രിയിൽ അധികസമയവും അദ്ദേഹം ഉണർന്നിരുന്നു പണിയെടുത്തു. അതിനാൽ നന്നേ ശോഷിച്ചുപോയി.

ഒടുവിൽ പ്രതീക്ഷിച്ചിരുന്ന ആ ദിവസം വന്നെത്തി. 1900 ജനുവരി 29-ാം തീയതിയാണു് ലെനിന്റെ ശിക്ഷ അവസാനിച്ചതു്. പക്ഷേ ക്രൂപ്സ്കായയുടെ ശിക്ഷ പിന്നെയും ഒരു കൊല്ലം കൂടി അവശേഷിച്ചിരുന്നു. അദ്ദേഹത്തിനാണെങ്കിൽ മടങ്ങിപ്പോകാൻ വലിയ തിടുക്കവും. അവക്കു സൈബീരിയയിൽ താമസിക്കുവാനുള്ള എല്ലാം സൗകര്യങ്ങളും ഏർപ്പെടുത്തിയശേഷം അദ്ദേഹം യാത്ര തിരിച്ചു. ആ ഗ്രാമത്തിലെ ജനങ്ങൾ നിറഞ്ഞ കണ്ണുകളോടെ ലെനിനോടു വിടവാങ്ങി.

അദ്ദേഹം സെൻറ്പീറ്റേഴ്സ്ബർഗ്ഗിൽ തിരച്ചെത്തി. തലസ്ഥാന നഗരിയിലെ വ്യവസായകേന്ദ്രങ്ങളിലോ ലെനിൻ

താമസിക്കുന്നതു വിലക്കപ്പെട്ടു. അതുകൊണ്ടു് പീറേറഴ്സ്
ബർഗ്ഗുമായി ബന്ധം പുലർത്താൻ പററിയ ഒരു സ്ഥലത്തു് അദ്ദേ
ഹം തൽക്കാലം താമസമാക്കി.

നാടുകടത്തൽ വേളയിൽ ലെനിൻ താമസിച്ചിരുന്ന സൈബീരിയയിലെ ഗ്രാമം ഇന്നൊരു വലിയ ജില്ലാ കേന്ദ്രമാണു്. അനേകം വ്യവസായശാലകൾ, സ്കൂളുകൾ, സാങ്കേതിക വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ മററനവധി സ്ഥാപനങ്ങൾ—ഇങ്ങനെ പലതും ഇന്നവിടെയുണ്ടു്. അദ്ദേഹം പാർത്തിരുന്ന ഭവനത്തിൽ 1937–ൽ ഒരു ലെനിൻ മ്യൂസിയം തുറന്നു അതു സന്ദർശിക്കാൻ ധാരാളം വിദേശീയർ ഇന്നവിടെ വരുന്നുണ്ടു്.

## പതിനേഴ്

# കൊടുങ്കാററ് ആരംഭിച്ചു

റഷ്യയിൽത്താമസിച്ചു കൊണ്ടു് വിപ്ലവപ്രവത്തനങ്ങൾ തുടൻ പോകുക സാദ്ധ്യമല്ല. ലെനിനു് അതു എളുപ്പം ബോധ്യമായി. അദ്ദേഹം വിദേശ രാജ്യങ്ങളിലേക്കു താവളം മാററി. ഇംഗ്ലണ്ടു്, ഫ്രാൻസു്, ജർമ്മനി, പോളണ്ടു്, സ്വിററ്സർലാൻഡ് ഇവിടെയൊക്കെ അദ്ദേഹം മാറി മാറിത്താമസിച്ചു. തൊഴിലാളികളെ ഒററക്കെട്ടായി നിറുത്തണം; പ്രവത്തനം ഊർജ്ജിതപ്പെടുത്തണം. അതിനൊരു പത്രം കൂടിയേ തീരൂ എന്ന നില വന്നു. അങ്ങനെ തുടങ്ങിയതാണു് ഇസ്ക്രാ അല്ലെങ്കിൽ തീപ്പൊരി എന്ന പത്രം. പോലീസിൻെറ ശല്യം നിമിത്തം പത്രത്തിൻെറ പ്രസിദ്ധീകരണസ്ഥലം കൂടക്കൂടെ മാറേറണ്ടിവന്നു. അതു ചില രഹസ്യമാർഗ്ഗങ്ങളിൽ കൂടി റഷ്യയിൽ എത്തിച്ചു, രഹസ്യമായിത്തന്നെ തൊഴിലാളികളുടെ ഇടയിൽ വിതരണം ചെയ്തു. മേയർഎന്ന കപടനാമത്തിൽ ലെനിൻ മ്യൂണിക്കിൽ താമസിച്ചുകൊണ്ടു് 1900-ൽ ഒക്ടോബർ മാസത്തിലാണു് അതു ആദ്യമായി പ്രസിദ്ധീകരിച്ചതു്. ക്രൂപ്സ്കായയും അപ്പോഴേക്കും അവിടെ എത്തിച്ചേന്നു. സാമ്പത്തികമായി ലെനിൻ വളരെ അധികം ക്ലേശിച്ചകാലമായിരുന്നു അതു്. ഭക്ഷണത്തിനു വകയില്ലാതെ അനേകം ദിവസം തുടർച്ചയായി കട്ടം ചായ മാത്രം കഴിച്ചു കൊണ്ടു് അവർ പ്രവത്തിച്ചു.

തുടർന്നുള്ള രണ്ടു മൂന്നു വർഷങ്ങൾ വളരെയേറെ കുഴപ്പം പിടിച്ചതായിരുന്നു. ലോകം മുഴുവൻ ബാധിച്ച സാമ്പത്തിക തകർച്ച റഷ്യയേയും കടന്നു പിടിച്ചു. എങ്ങും തൊഴിലില്ലായ്മ. വ്യവസായങ്ങൾക്കു തകർച്ച. രാജ്യമാകെ പട്ടിണി. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും സർവത്ര സമരം. ഭീതിപൂണ്ട ഭരണാധികാരികളുടെ അരിശം മുഴുവൻ ഇസ്ക്രായുടെ നേർക്കായി. എങ്ങനെയും അതിനെ നശിപ്പിക്കണം. പത്രത്തെ അടിച്ചമർത്താൻ പല മാർഗ്ഗങ്ങളും അവർ നോക്കി. പക്ഷേ ഫലിച്ചില്ല. ലെനിനെ എങ്ങനെയെങ്കിലും വധിക്കണമെന്ന് ഉന്നതനായ ഒരു പോലീസുദ്യോഗസ്ഥൻ ഈ അവസരത്തിൽ നിർദ്ദേശിക്കുകയുമുണ്ടായി.

1905 ആരംഭിച്ചതോടെ തൊഴിലാളികളുടെ ഇടയിലും ചില കുഴപ്പങ്ങളുണ്ടായി. അഭിപ്രായ വ്യത്യാസത്തിൻെറ പേരിൽ സംഘടന രണ്ടായിപ്പിരിഞ്ഞു. ശാസ്ത്രീയ സോഷ്യലിസത്തിൽ വിശ്വസിച്ചിരുന്ന ലെനിൻെറ കൂട്ടർ ബോൾഷെവിക്കുകൾ എന്നു വിളിയ്ക്കപ്പെട്ടു. സംഘടനയിൽ അവർക്കായിരുന്നു ഭൂരിപക്ഷം. എങ്കിലും ഇസ്ക്രാ എതിരാളികളുടെ കൈവശം ആയിപ്പോയി. അതുകൊണ്ട് ബോൾഷെവിക്കു പാർട്ടിക്കു വേണ്ടി ലെനിൻ മറെറാരു പത്രം തുടങ്ങി. ലെനിൻ സംഘടിപ്പിച്ച റഷ്യയിലെ തൊഴിലാളിവർഗ്ഗം ബോൾഷെവിക്കു പാർട്ടി എന്ന പേരിൽ പിൽക്കാലത്തു ലോക പ്രസിദ്ധി നേടി.

1905 – ൽ റഷ്യയിലാകെ വിപ്ലവത്തിൻെറ ഒരു കൊടുങ്കാററ് ആഞ്ഞടിച്ചു. ആ മുന്നേററം ആരംഭിച്ചത് ജനുവരി 3–ാം തീയതി ആയിരുന്നു. സെൻറ് പീറേറഴ്സ്ബർഗ്ഗിലെ വമ്പിച്ച ഒരു ഫാക്ടറിയിൽ 12000 – ത്തിലധികം തൊഴിലാളികൾ പണിമുടക്കി. പണിമുടക്കു പെട്ടെന്നു പടർന്നു

പിടിച്ചു; ഒരു പൊതു പണിമുടക്കായി നാടു മുഴുവൻ പരന്നു. അങ്ങനെ റഷ്യയിലെ തൊഴിലാളി വർഗ്ഗം ഒരുമിച്ച് ആദ്യമായി സമരത്തിനിറങ്ങി. സ്സാർ ചക്രവർത്തിയുടെ 40000 പട്ടാളക്കാരു മായി അവർ ഏററുമുട്ടി. ആ സന്ദർഭത്തിൽ ലെനിൻ റഷ്യയിൽ എത്തിക്കഴിഞ്ഞിരുന്നു. തൊഴിലാളികളുടെ ഒരു ഉൗക്കൻ ഘോഷയാത്ര അദ്ദേഹം തന്നെ നേരിട്ടു നയിച്ചു; യുദ്ധവീരനായ ഒരു സർവ സൈന്യാധിപനെപ്പോലെ.

ജനവരി 10–ാം തീയതി മറെറാരു പണിമുടക്കു സമരം നടന്നു. ഏകദേശം ഒന്നരലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ഒരു ഘോഷയാത്ര. അതു സ്സാർ ചക്രവർത്തിയുടെ മുമ്പിലേക്കാണ് നയിക്കപ്പെട്ടതു്. ആ സമരത്തിൻെറ നേതാവു് ഒരു പാതിരിയായിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ ഏതോ ഒരു തൊഴിലാളി സംഘടനയുണ്ടായിരുന്നത്രേ. പക്ഷേ ആ പാതിരി പോലീസിൻെറ ഒററുകാരനായിരുന്നു. ഘോഷയാത്ര തെരുവിലൂടെ മഹാസമുദ്രം മാതിരി ഇരമ്പി ഒഴുകി. സ്സാറിൻെറ പോലീസും പട്ടാളവും തൊഴിലാളികളുടെ ആ ഘോഷയാത്രയെ പിന്നിൽനിന്നു വെടിവച്ചു തള്ളി. ആയിരം പേരോളം മരിച്ചു. അയ്യായിരത്തിലധികംപേർ മുറിവേററുവീണു. മനുഷ്യജീവൻ തെരുവിൽക്കിടന്നു പിടഞ്ഞു. നിരത്തിലൂടെ ചോര ഒഴുകി. ആ ഭീകര കാഴ്ച കണ്ടു് സ്സാറും കൂട്ടരും പൊട്ടിച്ചിരിച്ചു. തൊഴിലാളികൾ ഇനിയൊരിക്കലും ഉയിർത്തെഴുന്നേല്ക്കയില്ലെന്നു് അവർ ആശിച്ചു. രണ്ടു കൊല്ലത്തേക്കു വിപ്ളവത്തിൻെറ വേലിയേററമൊന്നു കുറഞ്ഞു. അത്രമാത്രമേ ആ നരവേട്ട കൊണ്ടു സാധിച്ചുള്ളു. പക്ഷേ അക്കാലത്തും നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും അങ്ങിങ്ങു് ഉജ്ജ്വലങ്ങളായ പോരാട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. ചിലടത്തൊക്കെ സായുധസമരങ്ങളുമുണ്ടായി.

ഇതിനൊക്കെ ഫലമുണ്ടാകാതിരുന്നില്ല. റഷ്യൻ ഭരണാധികാരികൾ അടവൊന്നു മാററി. നിയമനിർമ്മാണത്തിൽ യാതൊരു പങ്കുമില്ലാത്ത ഒരു പാർലമെൻറ് ജനങ്ങൾക്കു അനുവദിച്ചു കൊടുത്തു. നിരുപയോഗമായ അതിനെ തൊഴിലാളികൾ തന്നെ പൊട്ടിച്ചുകളഞ്ഞു.

ലെനിൻ ഈ സമയമത്രയും തൊഴിലാളികളുടെ വിപ്ലവവീര്യവും കെട്ടുറപ്പും നഷ്ടപ്പെടാതിരിക്കാൻ കരുതലോടെ പരിശ്രമിച്ചു. വിദേശരാജ്യങ്ങളിൽ വച്ച് അദ്ദേഹം പല തവണ തൊഴിലാളി സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. ഒരു പുതിയ സമരത്തെ നേരിടുവാൻ റഷ്യയെ പാകപ്പെടുത്തുകയായിരുന്നു അദ്ദേഹം.

1905-ലെ വിപ്ളവം വിജയിച്ചില്ല. എങ്കിലും സ്സാർ ഭരണത്തിൻെറ അടിത്തറ ഇളക്കുവാൻ അതിനു കഴിഞ്ഞു. ലെനിൻെറ പാർട്ടിക്കു് അതു നിമത്തം വളരെ സ്വാധീനം വർദ്ധിക്കുകയും ചെയ്തു. അന്നൊക്കെ അദ്ദേഹത്തിൻെറ ജീവിതം വളരെ വളരെ ക്ലേശം നിറഞ്ഞതായിരുന്നു. കള്ളപ്പേരിലും കള്ളപ്പാസ്പോർട്ടിലും അധികകാലവും അദ്ദേഹം റഷ്യയ്ക്കുള്ളിൽതന്നെ കഴിച്ചുകൂട്ടി. പോലീസ് അദ്ദേഹത്തെ വേട്ടയാടാൻ അന്വേഷിച്ചു നടന്നു. പക്ഷേ അവർക്കു അദ്ദേഹത്തെ പിടി കിട്ടിയില്ല.

രണ്ടു വർഷം പിന്നെയും കഴിഞ്ഞു. സ്സാർ ഭരണം തൊഴിലാളികളുടെ നേരെ ക്രൂരമായ പ്രതികാര നടപടികൾ ആരംഭിച്ചു. പതിനായിരക്കണക്കിനു വിപ്ളവകാരികളെ ജയിലിലടച്ചു. ആയിരക്കണക്കിനു ആളുകളെ കൊന്നുതള്ളി. അതിലേറെപ്പേരെ നാടുകടത്തി. തന്നിമിത്തം പാർട്ടി സംഘടനകൾ ക്ഷീണിച്ചു. ഇക്കാലത്തു ലെനിൻ ജനീവയിൽത്താമസിച്ചു കൊണ്ടാണ് വിപ്ളവ പ്രവത്തനങ്ങൾ നിയന്ത്രിച്ചതു്. പത്രങ്ങളിലൂടെ അദ്ദേഹം തൊഴിലാളികൾക്കു് ആശയും ആവേശവും പകന്നുകൊടുത്തു.

ഈ അവസരത്തിൽ റഷ്യയിലെ കൃഷിക്കാരെ പ്രീതിപ്പെടുത്തുന്ന ചില നീക്കങ്ങൾ സർക്കാരിൻെറ ഭാഗത്തുനിന്നുമുണ്ടായി. എങ്കിലും അതുകൊണ്ടു് ഉദ്ദേശിച്ച പ്രയോജനമൊന്നും ലഭിച്ചില്ല. ലെനിനാകട്ടെ ഈ അവസരത്തിൽ ജനീവയിൽ നിന്നു പാരീസിലേക്കുമാറി. അവിടെ നിന്നു് പോളണ്ടിലെ ഒരു ചെറിയ പട്ടണത്തിലേക്കും. റഷ്യയോടു് ഏററവും അടുത്തു കിടന്നിരുന്ന ആ പട്ടണത്തിലെത്താമസം മൂലം വാർത്തകൾ എളുപ്പം അറിയാൻ അദ്ദേഹത്തിനു കഴിഞ്ഞു. പക്ഷേ എങ്ങോട്ടു നീങ്ങിയാലും പോലീസിൻെറ വേട്ടയാടൽ. ഒരിടത്തും ഒരു സൈ്വരവുമില്ല.

1910–ൻെറ ആരംഭത്തോടെ റഷ്യയിൽ വീണ്ടും വിപ്ലവങ്ങൾ തലയുയർത്തി. വ്യവസായ കേന്ദ്രങ്ങളിലെല്ലാം തൊഴിലാളികൾ പണിമുടക്കുകളും പ്രകടനങ്ങളും ആരംഭിച്ചു. കൃഷിക്കാരും ഇളകി. മാത്രമല്ല, റഷ്യയിലെ കരസേനാ വിഭാഗത്തിലും ചെറിയ തോതിൽ കലാപങ്ങളുണ്ടായി. ഈ നിയമവിരുദ്ധ സമരങ്ങളെല്ലാം നയിച്ചതു് ബോൾഷെവിക്ക പാർട്ടിയായിരുന്നു. രണ്ടു കൊല്ലം പിന്നെയും കഴിഞ്ഞു. സൈബീരിയായിലെ സ്വർണ്ണഖനിയിൽ തൊഴിലാളികൾ പണിമുടക്കി. അവരെ പട്ടാളം നിർദ്ദയം വെടിവച്ചു വീഴ്ത്തി അതിൽ പ്രതിഷേധിച്ചു് തൊഴിലാളികളുടെ വമ്പിച്ച ഒരു പ്രകടനം വീണ്ടും അവിടെ ഉണ്ടായി. ആ പ്രകടനം കണ്ടു് സ്സാറിൻെറ ഭരണകൂടം ഞെട്ടിവിറച്ചു. ഈ ചുററുപാടുകളിലാണ് മെയ്മാസം 5–ാം തീയതി തൊഴിലാളികളുടെ ദിനപ്പത്രമായ പ്രവ്ദാ പ്രസിദ്ധീകരിക്കപ്പെട്ടതു്.

ആ പത്രത്തിൻെറ പ്രസിദ്ധീകരണം സർക്കാർ പല തവണ നിരോധിച്ചു. ഒട്ടേറെപ്പേരെ പ്രവ്ദയുമായി ബന്ധിപ്പിച്ചു് അറസ്റ്റു ചെയ്തു. അനവധിസംഖ്യ പലപ്പോഴായി പിഴ ചുമത്തി. എല്ലാം നീചമാർഗ്ഗങ്ങളും പ്രയോഗിച്ചു നോക്കി, പ്ര

വ്ദയെ നശിപ്പിക്കാൻ. പോളണ്ടിലെ ക്രൂക്കോവിലിരുന്നു കൊണ്ട് അതിൻെറ പ്രധാന പത്രാധിപരായി പ്രവത്തിച്ചതു് ലെനിനായിരുന്നു. ഒന്നാം ലോകമഹായുദ്ധം വരെ അങ്ങനെ തുടൻ പോയി. ഇന്നു പ്രവ്ദ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗികപത്രം മാത്രമല്ല റഷ്യയിൽ ഏററവും പ്രചാരമുള്ള പത്രവുമാണു്.

തുടരെത്തുടരെ റഷ്യയിൽ കലാപങ്ങളും പണിമുടക്കുകളുമുണ്ടായി. ഭരണത്തിൽ ചില മാററങ്ങൾ വരുത്തുവാൻ അവ ഗവണ്മെൻറിനെ നിർബന്ധിച്ചു. ജനഹിതത്തെ മാനിക്കാത്ത ഒരു ഗവണ്മെൻറിനും നിലനിൽക്കുക സാദ്ധ്യമല്ല. ഗവണ്മെൻറ് പാർലമെൻറിനു ചില പുതിയ അധികാരങ്ങൾ കൂടി നൽകി നോക്കി. എന്നിട്ടും കുഴപ്പങ്ങളും കോളിളക്കങ്ങളും ദിവസംപ്രതി പെരുകി വന്നതേയുള്ളു. എന്തിനേറെ ? തൊഴിലാളികളുടെ ചുടുരക്തം തെരുവുകളിലൂടെ ഒഴുകി. അങ്ങനെ തകർച്ചയിൽ നിന്നു് തകർച്ചയിലേക്കു സ്സാർ ചക്രവത്തിമാരുടെ ഭരണം നീങ്ങി. ആ ഭരണവും അതിൻെറ കാവൽക്കാരും ഒന്നാം ലോകമഹായുദ്ധത്തിൻെറ പടിവാതില്ക്കൽ വന്നെത്തി. അതോടെ ഒരു മഹാസാമ്രാജ്യത്തിൻെറ ശവസംസ്കാരത്തിനുള്ള സമയം സമാഗതമായി.

# പതിനെട്ട്

## യുദ്ധവും വിപ്ളവവും

ലോകം ഒരു മഹായുദ്ധത്തിനു തയ്യാറെടുക്കുകയാണ്. ആ തക്കംനോക്കി ബൂർഷ്വകളും ഭൂവുടമകളും തൊഴിലാളിവർഗ്ഗത്തെ തകർക്കാൻ ശ്രമിച്ചു; തൊഴിലാളി സംഘടനകളെ പരസ്പരം ശത്രുക്കളാക്കി മാററുക; രാജ്യങ്ങൾ തമ്മിൽ വൈരവും വെറുപ്പും ഇളക്കിവിടുക. ഇതൊക്കെയായിരുന്നു സാമ്രാജ്യദുർമ്മോഹികളുടെ നയങ്ങൾ. സ്സാറിന്റെ സർക്കാരാണെങ്കിൽ റഷ്യയിലെ വിപ്ളവ സംഘടനകളെ ഞെരിക്കുകയായിരുന്നു. ഈ അവസരത്തിൽ ലെനിൻ മറെറാരു ജോലിയിൽ മുഴുകി. പാശ്ചാത്യ രാജ്യങ്ങളിലെ തൊഴിലാളികളെ തമ്മിൽ അടുപ്പിക്കാനും, അവരിൽ ഐക്യബോധം വളർത്താനും അദ്ദേഹം പരിശ്രമിച്ചു. അതു ബോൾഷെവിക്ക പാർട്ടിയുടെ കടമയാണെന്ന് അദ്ദേഹം വിശ്വസിച്ചു.

റഷ്യയിൽ തുടരെത്തുടരെ വിപ്ളവങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അവിടെ പതിനഞ്ചു ലക്ഷത്തോളം തൊഴിലാളികൾ പണിമുടക്കി. പണിമുടക്കുകളുടെ പിന്നിൽ രാഷ്ട്രീയവും സാമ്പത്തികവുമായ ഉദ്ദേശങ്ങളുണ്ടായിരുന്നു. 1914-ലെ ഗ്രീഷ്മകാലത്ത് ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ജർമ്മനിയും ആസ്ത്രിയായും ഹംഗറിയും ഒരു വശത്ത്; ബ്രിട്ടനും റഷ്യയും ഫ്രാൻസും മറുവശത്ത്. മററു രാജ്യങ്ങളും ക്രമേണ ഓരോ ഭാഗം

പിടിച്ചു. യുദ്ധം സാമ്രാജ്യ ദുർമ്മോഹികളുടെ ഒരാവശ്യമായിരുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മഹാവിപത്തും. യുദ്ധച്ചെലവു് ഭാരിച്ചതാണു്. യുദ്ധം വരുത്തിവയ്ക്കുന്ന കെടുതികളും ക്ലേശങ്ങളും ചിന്തിക്കുകകൂടി വയ്യാ. ഇതൊക്കെ താങ്ങേണ്ടതോ, അദ്ധ്വാനിക്കുന്ന സാധാരണക്കാരും ! അതുകൊണ്ടു് ബോൾഷെവിക്കുകൾ യുദ്ധവിരോധികളായിമാറി. "ലോക തൊഴിലാളികൾ ഈ യുദ്ധത്തിനെതിരായി യുദ്ധം പ്രഖ്യാപിക്കണം. കാരണം, ഇതു സാമ്രാജ്യശക്തികൾ നടത്തുന്ന നരഹത്യയാണു്. അതിൽ പാവപ്പെട്ടവനു് യാതൊരു കാര്യവുമില്ല," ലെനിൻ ഉറക്കെ പ്രസ്താവിച്ചു.

അന്നു് ആസ്ത്രിയയുടെ അധീനതയിലുള്ള പൊറോസിനിൽ താമസിക്കുകയായിരുന്നു ലെനിൻ. യുദ്ധത്തിന്റെ തുടക്കത്തിൽ തന്നെ അദ്ദേഹത്തെ അറസ്റ്റു ചെയ്തു. ചാരവൃത്തി ചെയ്തു എന്ന കുററമാണു് അധികാരികൾ അദ്ദേഹത്തിന്റെ മേൽ ചുമത്തിയതു്. മരണശിക്ഷ വിധിക്കാവുന്ന കുററമാണതു്. പക്ഷേ പോളണ്ടിലേയും ആസ്ത്രിയയിലെയും ഒട്ടേറെ പ്രമാണികൾ അദ്ദേഹത്തിനുവേണ്ടി ശബ്ദമുയർത്തി. ഒടുവിൽ രണ്ടാഴ്ചത്തെ തടവിനുശേഷം അദ്ദേഹം മോചിപ്പിക്കപ്പെട്ടു. തന്റെ തൊഴിലാളി പ്രവർത്തനങ്ങൾ അവിടെ താമസിച്ചുകൊണ്ടു് തുടരുക പ്രയാസമാണെന്നു തോന്നിയ ലെനിൻ, യുദ്ധത്തിൽ നിഷ്പക്ഷത പാലിച്ച സ്വിററ്സർലാൻഡിൽ താമസമാക്കി.

യുദ്ധം ശരിക്കും തുടങ്ങിക്കഴിഞ്ഞില്ല. ആ സന്ദർഭം നല്ലപോലെ ഉപയോഗിച്ചു് റഷ്യൻ വിപ്ലവ പാർട്ടികളുടെ കഴുത്തു ഞെരിക്കാൻ സ്സാറിന്റെ സർക്കാർ തയ്യാറെടുത്തു. ഒരു ഭീകര ഭരണം തുടങ്ങി. സംശയത്തിന്റെ പേരിൽ കണ്ണിൽ കണ്ടവരെയൊക്കെ അറസ്റ്റുചെയ്തു. പ്രവ്ദയുടെ പ്രസിദ്ധീകരണം നിരോ

ധിച്ച. പ്രകടനക്കാരെ വെടിവച്ചുവീഴ്ത്തി. പക്ഷേ ഈ മർദ്ദനമുറകൾ കൊണ്ട് കലാപങ്ങൾ കൂടുതൽ പടർന്നു പിടിച്ചതേയുള്ളു. അകലെയിരുന്നു കൊണ്ടാണെങ്കിലും ലെനിൻ തന്നെയാണു ഇതെല്ലാം നയിച്ചത്. ഒരു നിമിഷം പോലും അദ്ദേഹം പാഴാക്കിയില്ല. റഷ്യയുടെ പുറം രാജ്യങ്ങളിൽ ഈ സന്ദർഭം ഉപയോഗിച്ച് യുദ്ധത്തിനെതിരായി അദ്ദേഹം പ്രചരണം നടത്തി.

വിലക്കയററവും പട്ടിണിയും കൊണ്ട് സാധാരണക്കാർ പൊറുതിമുട്ടി. അസംതൃപ്തിയും വെറുപ്പും രാജ്യത്തുടനീളം നടമാടി. പട്ടാളക്കാരുടെ ഇടയിലും യുദ്ധവിരോധവും വിപ്ളവവും പടർന്നു പിടിച്ചു. അനേകം തൊഴിലാളി പ്രവർത്തകരെ സൈബീരിയയിലേയ്ക്കു നാടുകടത്തി. കുറേപ്പേരെ യുദ്ധമുന്നണിയിലേക്ക് അയച്ചു, കുരുതികൊടുക്കാൻ തന്നെ. അങ്ങനെയെങ്കിലും ശല്യം ഇല്ലയട്ടെ എന്നു സർക്കാർ കരുതി. അവരെയൊക്കെ പട്ടാളക്കാർ കൊന്നുതുലച്ചു. ജനങ്ങളുടെ ഇടയിൽ സർവത്ര ഭയവും വിഷാദവും പരന്നു.

"ഒററമാർഗ്ഗമേയുള്ളു. റഷ്യരുടെ മണ്ണിൽ നിന്നു സ്സാർ ചക്രവർത്തിയേയും, ജന്മിമുതലാളിമാരേയും തുടച്ചു മാററുക. എന്നിട്ട് തൊഴിലാളികളുടെയും കർഷകരുടെയും സർവാധിപത്യം സ്ഥാപിക്കുക."

ലെനിൻ ഉറക്കെ പ്രസ്താവിച്ചു.

വളരെ ലളിതമായ ഒരു ജീവിതമാണ് അക്കാലത്തു ലെനിൻ നയിച്ചിരുന്നത്. ലേഖനങ്ങളും ഗ്രന്ഥങ്ങളുമെഴുതി കിട്ടുന്ന പണം കൊണ്ടാണു അദ്ദേഹം ജീവിച്ചത്. പക്ഷേ യുദ്ധവിരോധത്തെക്കുറിച്ചുള്ള ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കാൻ ആരും തയ്യാറായില്ല. പൊറുതിമുട്ടിയപ്പോൾ അദ്ദേഹം ഒരു സ്നേഹിതനെഴുതി.

"നേരുപറയണമല്ലോ. എന്റെ സ്വന്തം കാര്യത്തിനു എനിക്കു പണമുണ്ടാക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ ഞങ്ങൾ ശരിക്കും പട്ടിണികിടന്നുമരിച്ചുപോകും. ജീവിതച്ചെലവ് അത്യ ഭയങ്കരമാണ്. ചെലവാക്കാനാണെങ്കിൽ കൈയിൽ ഒന്നുമില്ല."

ഇതെഴുതുമ്പോൾ സൂറിക്കിൽ ഒരു ചെരുപ്പുകുത്തിയുടെ പഴയവീട്ടിൽ വാടകയ്ക്കെടുത്ത ഇരുളടഞ്ഞ ഒരു മുറിയിലാണ് ലെനിനും ക്രൂപ്സ്കായയും പാർത്തിരുന്നത്.

ഒരു പൊട്ടിത്തെറി അനിവാര്യമെന്ന നിലയായി റഷ്യയിൽ. പെട്രോഗ്രാഡിലെ തൊഴിലാളികളാണ് ആദ്യം അതിനു തയ്യാറായി ഇറങ്ങിയത്. (1914-ൽ ജർമ്മനിയും റഷ്യയും തമ്മിൽ ഒരു യുദ്ധമുണ്ടായി. ആ യുദ്ധത്തിനുശേഷം സെൻറ്പീറ്റേഴ്സ്ബർഗ്ഗിനു പെട്രോഗ്രാഡെന്നു പേരിട്ടു.) 1971 ജനുവരി 9-ാം തീയതി അവിടെ ഒരു ക്രൂരൻ യുദ്ധവിരോധ പ്രകടനം നടന്നു. തുടർന്നുള്ള എല്ലാ ദിവസങ്ങളിലും റഷ്യയിൽ പലെടത്തും പ്രകടനങ്ങളുണ്ടായി. ഫെബ്രുവരിയിൽ പെട്രോഗ്രാഡിൽ ബോൾഷേവിക്കു പാർട്ടി വമ്പിച്ച ഒരു പ്രകടനം നടത്തി. രണ്ടു ലക്ഷത്തിലധികം തൊഴിലാളികൾ അതിൽ പങ്കെടുത്തു. അതു കണ്ട് ഭരണാധികാരികൾ നടുങ്ങി. പട്ടാളത്തെ വിളിച്ചു. അവർ അനങ്ങിയില്ല. അവരും സ്സാറിന്റെ ഭരണത്തിനെതിരായി വിപ്ളവം ആരംഭിച്ചു. വിപ്ളവം! റഷ്യയിൽ സർവത്ര വിപ്ളവം തന്നെ. രാജ്യമാസകലം അതു പടർന്നു പിടിച്ചു. ഇനി രക്ഷയില്ല. ഭരണാധികാരികൾ സംഭ്രമിച്ചു. ആ ജനദ്രോഹികളെ നീക്കംചെയ്യാൻ പട്ടാളം തൊഴിലാളികൾക്കു കൂട്ടനിന്നു. അങ്ങനെ നൂററാണ്ടുകൾ പിന്നിട്ട് പഴകി ജീർണ്ണിച്ച സ്വേച്ഛാധിപത്യം തകന്ന് തരിപ്പണമായി. ഒരു പുതിയ ഭരണം റഷ്യയിൽ ഉടലെടുത്തു. അതിൽ ബോൾഷെവിക്കു പാർട്ടിക്കു ഭൂരി

പക്ഷമുണ്ടായിരുന്നില്ല. അതു ജന്മിമുതലാളിമാരുടെ കൈകളിൽ ഒതുങ്ങി. ലെനിൻ ഇതു നേരത്തേ പ്രതീക്ഷിച്ചതായിരുന്നു.

തൊഴിലാളി സർവാധിപത്യത്തിൻേറതായ ഒരു ഭരണക്രമം സ്ഥാപിച്ചെടുക്കാനായി ലെനിൻെറ അടുത്തശ്രമം. അതിനു്, പിന്നെയും ഒരു വിപ്ലവം വേണ്ടിവന്നു. പുതിയ ഗവണ്മെൻറു വന്നതോടെ ചില സൗകര്യങ്ങൾ ലഭിച്ചു. ഒളിവിൽ പോയിരുന്നവർ മടങ്ങിവന്നു. നാടുകടത്തപ്പെട്ടവർ തിരിച്ചെത്തി. രാഷ്ട്രീയത്തടവുകാർ മോചിപ്പിക്കപ്പെട്ടു. പ്രവ്ദയുടെ പ്രസിദ്ധീകരണം വീണ്ടും തുടങ്ങി. പക്ഷേ യുദ്ധം തുടർന്നുപോകാനും, മുൻ ഗവണ്മെൻറിൻെറ വാഗ്ദാനങ്ങൾ പാലിക്കാനും പുതിയഗവണ്മെൻറു് തയ്യാറായി. തൊഴിലാളിതാത്പര്യത്തിനു എതിരായിരുന്നു ഇതു്. ഈസന്ദർഭത്തിൽ ലെനിൻ നാട്ടിൽ തിരിച്ചു വരാൻ തിടുക്കംകൂട്ടി. പക്ഷെ ഗവണ്മെൻറു് അതിനു പല പ്രതിബന്ധങ്ങളും സൃഷ്ടിച്ചുകൊണ്ടിരുന്നു.

ഒടുവിൽ പത്തു വർഷത്തെ വിദേശ വാസത്തിനുശേഷം 1917 ഏപ്രിൽ 3–ാം തീയതി രാത്രി ലെനിൻ പെട്രോഗ്രാഡിലെത്തി. സ്വിററ്സർലൻഡിൽ നിന്നും ജർമ്മനിയുടെ സഹായത്തോടെ അടച്ചുപൂട്ടിയ ഒരു ട്രെയിനിൽ യാത്രചെയ്താണു് ലെനിനും കൂട്ടുകാരും റഷ്യയിലെത്തിയതു്. അദ്ദേഹം തീവണ്ടിയിറങ്ങിയപ്പോൾ ജനലക്ഷങ്ങൾ അദ്ദേഹത്തെ സ്വീകരിക്കാൻ അവിടെ കാത്തുനിന്നിരുന്നു. സ്റ്റേഷനിൽ പ്രത്യേകം തയ്യാറാക്കിനിറുത്തിയിരുന്ന ഒരു കവചിതവാഹനത്തിൻെറ മുകളിൽ കയറി നിന്നുകൊണ്ടു് ഒരു പുതിയ വിപ്ലവത്തിനൊരുങ്ങിക്കൊള്ളാൻ, തൊഴിലാളികളോടും, കർഷകരോടും, നാവികരോടും പട്ടാളക്കാരോടും അദ്ദേഹം പ്രസംഗിച്ചു.

## പത്തൊൻപത്

# തൊഴിലാളിഗവണ്മെൻറ്

സാമ്പത്തിക സമത്വം സ്ഥാപിക്കണം. അതിനുള്ള എല്ലാപരിപാടികളുമായിട്ടാണ് ലെനിൻ വന്നിട്ടുള്ളതു്. ഈ പരിപാടികൾ നടപ്പിൽ വരുത്താനുള്ള പ്രവത്തനങ്ങളും ഉടൻ തുടങ്ങി. ലക്ഷക്കണക്കിനു തൊഴിലാളികളും പട്ടാളക്കാരും തടിച്ചുകൂടിയ മൈതാനങ്ങളിൽ, അദ്ദേഹം പ്രസംഗിച്ചു. പുതിയ ഗവണ്മെൻറ് തൊഴിലാളികളുടെ അവകാശങ്ങളിൽ കൈവയ്ക്കുകയും സാമ്രാജ്യവാദികളുടെ യുദ്ധം തുടരുകയും ചെയ്തു. റഷ്യൻ പട്ടാളത്തിനു് യുദ്ധമുന്നണിയിൽകടുത്ത ആൾനാശമുണ്ടായി. അതറിഞ്ഞു് ജനങ്ങൾ ക്ഷോഭിച്ചിളകി. പെട്രോഗ്രാഡിലെ തെരുവുകളിൽ പ്രതിഷേധപ്രകടനങ്ങൾ നടന്നു. താൽക്കാലിക ഗവണ്മെൻറ് ആയുധ ശക്തി കൊണ്ടുതന്നെ അതിനെനേരിട്ടു.

പുതിയ ഗവണ്മെൻറ് ബോൾഷെവിക്ക പാർട്ടിയെ നശിപ്പിക്കുന്നതിനുവേണ്ടി ലെനിനെ അറസ്ററു ചെയ്യാൻ വാറണ്ടു പുറപ്പെടുവിച്ചു. അതിനു സഹായകമായ വിവരം നൽകുന്നവക്ക്, ഗവണ്മെൻറിൻെറ തലവനായ കെറൻസ്കി കനത്ത പ്രതിഫലം വാഗ്ദാനം ചെയ്തു. പക്ഷെ തൊഴിലാളികൾ അദ്ദേഹത്തെ ഭദ്രമായി കാത്തുസൂക്ഷിച്ചു. എങ്കിലും ഏതുനിമിഷത്തിലും ഗവണ്മെൻറിൻെറ കാവൽനായ്ക്കൾ തന്നെവേട്ടയാടുമെന്നു ഭയപ്പെട്ടുകൊണ്ട് മൂന്നരമാസത്തിലേറെക്കാലം ലെനിൻ ഒളിവിൽ

MUNAVIRUL ISLAM HIGH SCHOOL, Date.................. ERNAKULAM.

കഴിഞ്ഞുകൂടി. പെട്രോഗ്രാഡിലെ തടാകതീരത്തു് ഒരു മിൽ തൊഴിലാളിയുടെ കുടിലിൽ ഒരു ഫിന്നിഷ് പുല്ലുവെട്ടുകാരന്റെ വേഷത്തിൽ, അദ്ദേഹം പാർത്തു. ഒരു വെളിസ്ഥലത്തു രണ്ടുമരത്തടികൾ കൊണ്ടുവന്നിട്ടു. ഒന്നു കസേരയും മറേറതു മേശയുമായി ഉപയോഗിച്ചു. അങ്ങനെയാണു് ലേഖനങ്ങളും കത്തുകളുമെഴുതിയതു്. വിപ്ളവ പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ ഊർജ്ജിതമായി. അതിനതിനു് ഗവണ്മെൻറിന്റെ വേട്ടയാടലും മൂർച്ഛിച്ചു. സംഘടനാപ്രവർത്തനങ്ങൾ ഒന്നിനൊന്നു ലെനിൻ ശക്തിപ്പെടുത്തി. തൊഴിലാളികൾ ഒരു വലിയ വിപ്ളവത്തിനു തയ്യാറെടുത്തു.

1917 ആഗസ്റ്റുമാസത്തിൽ ലെനിൻ ഫിൻലാൻഡിൽ താമസമാക്കി. ഒരു എൻജിൻ ഫയർമാന്റെ വേഷത്തിലാണു് അദ്ദേഹം അവിടെ കഴിഞ്ഞുകൂടിയതു്. ഗ്രാമത്തിലെ ഒരു തൊഴിലാളിയുടെ ഭവനത്തിൽ പാർത്തു. റഷ്യയിലെ സ്ഥിതി അപ്പോഴേക്കും വളരെ മോശമായി കഴിഞ്ഞിരുന്നു. സാമ്പത്തികനിലയാകെ താറുമാറായി. റയിൽവേ ഗതാഗതം മിക്കവാറും നിലച്ചു. ജീവിതച്ചെലവു പെരുകി. ഭക്ഷണക്ഷാമം വർദ്ധിച്ചു. കൊള്ളലാഭക്കാർ തഴച്ചു. ക്ഷാമത്തിന്റെ അസ്ഥിമാത്രമായ കൈകൾ കൊണ്ടു് വിപ്ലവത്തെ ഞെരിച്ചു കൊല്ലാമെന്നു സർക്കാർ വെറുതേ മോഹിച്ചു. ഫാക്ടറികളും മില്ലുകളും അടച്ചുപൂട്ടി. തൊഴിലാളികളെ പട്ടിണിക്കിട്ടു ഞെരുക്കി. അങ്ങനെ അവരുടെ സമരവീര്യം കെടുത്താമെന്നു് ഗവണ്മെൻറു കരുതി. ലെനിന്റെ വാക്കുകളിൽ പറഞ്ഞാൽ ഒരു വിപ്ളവത്തിനു വേണ്ട എല്ലാ ചുററുപാടുകളും അങ്ങനെ ഒത്തുകിട്ടി.

ലെനിൻ പാർട്ടിയുടെ അണികൾ ബലപ്പെടുത്തി. സമരത്തിനുള്ള ഒരുക്കങ്ങളൊക്കെ ശരിയായി. തൊഴിലാളികൾക്കു രഹസ്യമായി സൈനിക പരിശീലനം നൽകി. ലെനിൻ ഫിൻ

ലാൻഡിൽ നിന്നു് ആരുമാരുമറിയാതെ താമസം മാററി. വിപ്ല വമടുക്കാറായപ്പോഴേക്കും അദ്ദേഹം പെട്രോഗ്രാഡിനോടു് വളരെ സമീപിച്ചു. 1917 ഒക്ടോബർ 24-ാം തീയതി രാത്രിയായ തോടെ പെട്രോഗ്രാഡിൽ വലിയ തിരക്കനുഭവപ്പെട്ടു. എല്ലാ വിപ്ളവശക്തികളും അവിടെ കേന്ദ്രീകരിച്ചിരിക്കയാണു്. എ ല്ലാവരും നിർദ്ദേശം കാത്തു നിൽക്കുകയാണു്. ഒററ രാത്രിയിലെ കലാപം കൊണ്ടുതന്നെ സർവവും ശരിപ്പെട്ടു.

ഒക്ടോബർ 25-ാം തീയതിയിലെപ്രഭാതം സ്വാതന്ത്ര്യ ത്തിൻെറ വെളിച്ചം പരത്തിക്കൊണ്ടാണു് ചക്രവാളത്തിൽ വിരി ഞ്ഞതു്. കേന്ദ്ര ടെല്ലഫോൺ എക്സ്ചേയിഞ്ച്, കമ്പിയാഫീസ്. വയർലസ്സ് സ്റ്റേഷൻ, റയിൽവേസ്റ്റേഷൻ, ഗവണ്മെൻറാഫീസു കൾ, എല്ലാം കലാപകാരികളായ തൊഴിലാളികളുടെയും നാവി കരുടെയും പട്ടാളക്കാരുടെയും അധീനത്തിലായിക്കഴിഞ്ഞിരുന്നു. വിവേകശാലിയും നിർഭയനുമായ ഒരു നേതാവായിരുന്നു ലെനിൻ. അദ്ദേഹത്തിൻെറ കണക്കുക്കൂട്ടലുകളൊന്നും തെററിയിരുന്നില്ല. വി പ്ളവദിവസങ്ങളിൽ അദ്ദേഹം പ്രസന്നനും ഉൗർജ്ജസ്വലനുമാ യി കാണപ്പെട്ടു.

1917 ഒക്ടോബർ 25-ാം തീയതി 11 മണിക്കു് പെ ട്രോഗ്രാഡിൽ വച്ചു് ചരിത്ര പ്രസിദ്ധമായ ഒരു യോഗം ചേർന്നു. ആഹ്ളാദത്തിൻേറയും കരഘോഷങ്ങളുടേയും നടുവിൽ ദൃഢവി ശ്വാസം വ്യക്തമാക്കുന്ന സ്വരത്തിൽ ലെനിൻ പ്രഖ്യാപിച്ചു.

"ഇപ്പോഠം മുതൽ റഷ്യയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയാണു്".

അങ്ങനെ ലോക തൊഴിലാളിവർഗ്ഗത്തിൻെറ ആദ്യത്തെ ഗവണ്മെൻറു് ജന്മമെടുത്തു. ലെനിൻ, ആ ഭരണക്കൂടത്തിൻെറ

നേതാവായി തെരഞ്ഞെടുക്കപ്പെട്ടു. മഹത്തായ ഒരു സ്വപ്നത്തി ന്ന രൂപം കൊടുത്ത അതിമഹത്തായ ഒരു സംഭവമായി ചരിത്രം അതു രേഖപ്പെടുത്തി.

അന്നു രാത്രി താൽക്കാലിക ഗവണ്മെൻറിലെ മന്ത്രിമാരിരുന്ന ശൈത്യകാല കൊട്ടാരങ്ങൾ കൈവശപ്പെടുത്താൻ ലെനിൻ ഉത്തരവിട്ടു. വെടിയുണ്ടകളുടെ ഒച്ച ആ കൊട്ടാരങ്ങളുടെ നേൎക്കുള്ള ആക്രമണത്തിനു മുന്നറിയിപ്പു നൽകി. വിപ്ളവയൂണിററുകൾ നിമിഷം കൊണ്ട് അവ കൈവശപ്പെടുത്തി. അങ്ങനെ റഷ്യയുടെ മണ്ണിൽ ബൂർഷ്വാകൾ കെട്ടിപ്പൊക്കിയ ഭരണകൂടത്തിൻെറ അടിത്തറ തകർന്നു.

## ഇരുപതു്

# ജീവിതസായാഹ്നം

ഉന്നതമായ ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു് ലെനിൻ നീണ്ടകാലം പടപൊരുതി. തൊഴിലാളിവർഗ്ഗത്തിന്റെ സർവാധിപത്യമായിരുന്നു ആ ലക്ഷ്യം. അതു് വിജയം വരിക്കുകയും ചെയ്തു. ഇതൊക്കെ ലെനിൻ ഒററയ്ക്കാണു് സാധിച്ചതെന്നു് ആരും ധരിക്കരുതു്. ധീരന്മാരായ അനവധി സമരനേതാക്കന്മാർ ലെനിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നു. ട്രോട്സ്കി, സ്ററാലിൻ, കിറോവു്, കലിനിൻ, മിക്കോയൻ, ഷഡ്നോവു് തുടങ്ങിയ ബോൾഷേവിക്ക പാർട്ടിനായകന്മാരും, ഫ്രൂൺസു്, വൊറോഷിലൊവു്, ബുധനി തുടങ്ങിയ ചുവപ്പു സേനാനായകന്മാരും, ഒററ മനസ്സോടെ നിന്നു പടപൊരുതി. മാർക്സിന്റെ തത്വശാസ്ത്രവും, ലെനിന്റെ ബുദ്ധിവിലാസവും പ്രവർത്തനശേഷിയും, സഹപ്രവർത്തകരുടെ മുന്നേററവും കൂടിച്ചേർന്നപ്പോൾ വിപ്ളവം വിജയിച്ചു. അങ്ങനെ തൊഴിലാളികളുടെ സർവാധിപത്യത്തിൽ അടിയുറച്ച ഒരു സർക്കാർ റഷ്യയിൽ പിറവിയെടുത്തു. ഈ ആശയത്തിനു രൂപംകൊടുത്ത സാഹിത്യനായകന്മാരും പലരുണ്ടു്. ടോൾസ്ററായ് മുതൽ ഗോർക്കിവരെയുള്ള റഷ്യൻ സാഹിത്യകാരന്മാരിൽ നിന്നെല്ലാം ലെനിൻ പ്രചോദനം ഉൾക്കൊണ്ടിരുന്നു. എങ്കിലും ഗോർക്കി പ്രത്യേകം സ്മരണീയനാണു്. ലെനിനും ഗോർക്കിയും ആത്മസുഹൃത്തുക്കളായിരുന്നു. ഗോർക്കിയുടെആശയങ്ങൾ ലെനിനെ വളരെയധികം സ്വാധീനിച്ചിട്ടുമുണ്ടു്. ഇവരെ

യെല്ലാം ഒഴിച്ചു നിറുത്തിക്കൊണ്ടു് റഷ്യൻ വിപ്ളവത്തെയോ അതിൻെറ ആചാര്യനായ ലെനിനെയോ പഠിക്കാൻ എളുപ്പമല്ല. ആ പഠനം ഒരിക്കലും പൂർണ്ണമായിരിക്കുകയുമില്ല.

വിപ്ലവം വിജയിച്ചു. പക്ഷേ അത്രയും കൊണ്ടു തീർന്നില്ല ചുമതലകൾ. ഒരു നല്ല ഭരണം അരക്കിട്ടുറപ്പിക്കുക കൂടി വേണം. അതിനായി പിന്നീടു് അദ്ദേഹത്തിൻെറ പരിശ്രമം മുഴുവനും. വളരെ ഭാരിച്ച ഒരു ജോലിയായിരുന്നു അതു്. അതിനിടയിൽ തൊഴിലാളി വർഗ്ഗത്തെ തുരങ്കം വയ്ക്കുന്ന ഒരു പ്രതി വിപ്ളവവും നടന്നു. അതും ധീരമായി അദ്ദേഹം നേരിട്ടു പരാജയപ്പെടുത്തി.

അഞ്ചു വർഷത്തെ ഭരണം. അതിനിടയിൽ റഷ്യയുടെ സാമ്പത്തിക നില സാരമായി ഉയൎന്നു. തൊഴിലാളികളുടെ സ്ഥിതി വളരെ മെച്ചപ്പെട്ടു. അവരുടെ വേല, വിശ്രമം, വിനോദം, ആരോഗ്യം, വസതി, വിദ്യാഭ്യാസം, മററു ജീവിത സൗകര്യങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും ആശിച്ചിരുന്ന അനവധി മാററങ്ങൾ നിയമം മൂലം വ്യവസ്ഥ ചെയ്തു. ഭൂമിയിൽ കർഷകർക്കു സ്ഥിരാവകാശം നൽകി. സ്ത്രീകളുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉയർച്ചക്കു വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തു. അവർക്കു രാഷ്ട്രീയ കാര്യങ്ങളിലും ഭരണ തലത്തിലും പുരുഷന്മാരോടൊപ്പം സ്വാതന്ത്ര്യം അനുവദിച്ചു. യുദ്ധം മൂലമുണ്ടായ കെടുതികൾ ഒഴിവാക്കാനും കുറേയേറെ പരിശ്രമിച്ചു. ചുരുക്കത്തിൽ ആ അഞ്ചു വർഷവും വാസ്തവത്തിൽ അത്ഭുതങ്ങളുടേയും നേട്ടങ്ങളുടേയും കാലമായിരുന്നു. അത്തരമൊരു കാലഘട്ടം ലോക ചരിത്രത്തിൽ കാണുമോ എന്നു സംശയമാണു്. വിപ്ളവ കാലത്തെന്നപോലെ ഭരണകാലത്തും ലെനിൻ റഷ്യൻ ജനതയ്ക്കു അത്യന്തം പ്രിയപ്പെട്ട നേതാവായിരുന്നു.

ഇതിനിടയിൽ 1918 ആഗസ്ററ് 30–ാം തീയതി ഒരത്യാഹിതം നേരിട്ടു. ഫാന്നി കാപ്ളാൻ എന്ന ഒരു പ്രതി വിപ്ളവ പാർട്ടിക്കാരി ലെനിനെ വെടിവച്ചു. ലെനിനെ വധിക്കാൻ ശത്രുക്കൾ നടത്തിയ നീചമായ ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നു അതു്. ഏതായാലും കഷ്ടിച്ചു് ആ അപകടത്തിൽ നിന്നു് അദ്ദേഹം രക്ഷപ്പെട്ടു. എങ്കിലും അതു മൂലം അദ്ദേഹത്തിനു സാരമായ പരിക്കപററി. ഡോക്ടർമാരുടെ കഠിനപ്രയത്നവും, മരുന്നുകളുടെ അത്ഭുത ശക്തിയും കൂടി അദ്ദേഹത്തെ ഒരുവിധം രക്ഷിച്ചെടുത്തു. പക്ഷേ വെടിയുണ്ടകളിൽ ഒരെണ്ണം പിന്നെയും ശരീരത്തിൽ അവശേഷിച്ചിരുന്നത്രേ. അത്യധ്വാനവും പരിക്കും നിമിത്തം അദ്ദേഹത്തിൻെറ ആരോഗ്യനില അടിയ്ക്കടി മോശപ്പെട്ടു. ഡോക്ടർമാരുടെ നിർബന്ധം നിമിത്തം 1921–ലെ ഹേമന്തകാലം മുതൽ, ചികിത്സക്കും വിശ്രമത്തിനുമായി ലെനിൻ ജോലികൾ നിറുത്തിവച്ചു. എങ്കിലും അദ്ദേഹത്തിൻെറ രോഗം അനിശ്ചിതമായി ഏറിയും കുറഞ്ഞുമിരുന്നു. അല്പം ആശ്വാസം തോന്നിയാൽ ഉടൻ ഭരണ ചുമതലകളിൽ മുഴുകും. അങ്ങനെ വേലയും വിശ്രമവുമായി മാസങ്ങൾ കടന്നുപോയി. 1922–ലെ ഗ്രീഷ്മകാലം മുഴുവൻ അദ്ദേഹം മോസ്കോക്കു പുറത്തുള്ള ഗോർക്കിയിൽ കഴിച്ചു കൂട്ടി. മേയ് അവസാനം ആരോഗ്യം മൊത്തത്തിൽ മോശമായിരുന്നു. എങ്കിലും ജൂലായ് മാസത്തിൽ അല്പം ആശ്വാസം തോന്നി. ഉടനേ അദ്ദേഹം നിറുത്തി വച്ചിരുന്ന കത്തിടപാടുകൾ ആരംഭിച്ചു. അക്കാലത്തു ലെനിൻ പല ഭാഷകളിലായി 32 വർത്തമാനപത്രങ്ങളും 187 മാസികകളും അനേകം പുസ്തകങ്ങളും വായിക്കുകയുണ്ടായി. അവയെല്ലാം ഗോർക്കിയിലെ ലെനിൻ മ്യൂസിയത്തിൽ ഇന്നു സൂക്ഷിച്ചിരിക്കുന്നു.

തുടർന്നുള്ള മാസങ്ങഠം മിക്കവാറും അദ്ദേഹം രോഗശയ്യയിൽത്തന്നെ കഴിഞ്ഞു. എങ്കിലും ഡോക്ടർമാരുടെ ഒരു വിദഗ്ദ്ധസംഘം കരുതലോടെ അദ്ദേഹത്തെ ശുശ്രൂഷിച്ചു. 1923 നവംബർ ആദ്യവാരത്തിലാണ് അദ്ദേഹം അവസാനമായി തൊഴിലാളി പ്രതിനിധികളെ സ്വീകരിച്ചതു്. അവർ യാത്രപറഞ്ഞു പിരിയുമ്പോഠം അദ്ദേഹം വിശ്രമമുറിയുടെ വാതിൽവരെ അവരൊപ്പം വന്നു. ഓരോരുത്തൎക്കും അദ്ദേഹം പ്രത്യേകം പ്രത്യേകം കൈകൊടുത്തു വിടവാങ്ങി. അതു ഗോക്കിയിൽ വച്ചായിരുന്നു. അതിനുശേഷം അദ്ദേഹം തീർത്തും കിടപ്പിലായി. 1924 ജനുവരി 21—ാം തീയതി രോഗനില പെട്ടെന്നു വഷളായി. തലച്ചോറിൽ രക്തസ്രാവമുണ്ടായി. ആ വാർത്ത നിമിഷം കൊണ്ടു നാടാകെ പരന്നു. റഷ്യ വീർപ്പടക്കിനിന്നു ശ്രദ്ധിച്ചു. കമ്പികളും ഫോൺസന്ദേശങ്ങളും ഗോക്കിയിൽ വന്നു കുന്നുകൂടി. എല്ലാം റഷ്യയ്ക്കു പ്രിയങ്കരനായ ലെനിന്റെ സുഖവിവരം അന്വേഷിച്ചുകൊണ്ടുള്ളവ; അദ്ദേഹത്തിനു ദീർഘായുസ്സും ആരോഗ്യവും നേന്നുകൊണ്ടുള്ളവ.

പ്രതീക്ഷയ്ക്കു വകയില്ലായിരുന്നുവെങ്കിലും ഡോക്ടർമാർ ആശ കൈവിട്ടില്ല. ഗോക്കിയിലെ ലെനിൻ ഭവനത്തിനുചുററും മനുഷ്യരുടെ ഒരു മഹാസമുദ്രം തന്നെ കെട്ടിനിന്നു. ഇരമ്പലില്ല. ചലനവുമില്ല.

ആശങ്കയും വിഷാദവും നിറഞ്ഞ നിമിഷങ്ങഠം വീർപ്പടക്കി ഇഴഞ്ഞിഴഞ്ഞു നീങ്ങി. ആ പ്രസന്നമായ സായാഹ്നം ഗോക്കിയിലെ ലെനിൻ മന്ദിരത്തെ നോക്കി നിന്നു നിശ്ശബ്ദമായി വേദനിച്ചു. സമയം 6—50 ആയി. അപ്പോഠം മോസ്കോ റേഡിയോ ഇങ്ങനെ ഒരു വാർത്ത പ്രക്ഷേപണം ചെയ്തു.

"ലോകതൊഴിലാളിവർഗ്ഗത്തിന്ന് അത്യന്തം പ്രിയപ്പെട്ട സഖാവ് ലെനിൻ എന്നെന്നേക്കുമായി നമ്മോട് വിട വാങ്ങിയിരിക്കുന്നു."

ആ വാർത്ത നിമിഷങ്ങൾക്കുള്ളിൽ ലോകത്തെങ്ങും പരന്നു. കനത്തശോകം എവിടെയും തങ്ങിനിന്നു.

നാട്ടിലാകെ കണ്ണീരും പൊട്ടിക്കരച്ചിലും മാത്രം.

അന്നും അതിനടുത്ത ദിവസവും, അദ്ദേഹത്തിന്റെ മൃതദേഹം ഗോർക്കിയിൽ സൂക്ഷിച്ചു. ജനുവരി 23–ാം തീയതി അതു മോസ്ക്കായിൽ കൊണ്ടുവന്നു. അവിടെ ട്രേഡ് യൂണിയൻ മന്ദിരത്തിന്റെ വിശാലമായ ഹാളിൽ ആ ശവശരീരം കിടത്തി. നാലുപകലും നാലുരാത്രിയും! ലക്ഷക്കണക്കിനാളുകൾ തങ്ങളുടെ മഹാനായ നേതാവിന്ന് അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട് അശ്രുപൂർണ്ണമായ മിഴികളുമായി അതിന്നടുത്തുകൂടെ കടന്നുപോയി.

ജനുവരി 27–ാം തീയതി 4 മണിക്ക് ശവസംസ്കാരം നടന്നു. മോസ്ക്കായിലെ റെഡ്സ്ക്വയറിൽ പ്രത്യേകം ഒരു ശവകുടീരം നിർമ്മിച്ചു. അതിനുള്ളിൽ ലെനിന്റെ ശവമഞ്ചം സ്ഥാപിക്കപ്പെട്ടു. മൃതദേഹത്തിനു യാതൊരു കേടും സംഭവിക്കാത്ത മട്ടിൽ അതൊരു വലിയ പേടകത്തിനുള്ളിൽ അടക്കം ചെയ്തു സൂക്ഷിച്ചിരിക്കുകയാണ്. റഷ്യൻ ജനതയ്ക്ക് എന്നെന്നും അഭിവാദനങ്ങളർപ്പിക്കുവാൻ തരപ്പെടണം. അങ്ങനെ അവർ ആശിച്ചു.

റഷ്യ മാത്രമല്ല, ലോകമാകമാനം ലെനിന്റെ ചരമ വാർത്തയറിഞ്ഞു ദുഃഖിച്ചു. ലോക തൊഴിലാളികൾ അദ്ദേഹത്തിന്റെ ശവസംസ്കാര വേളയിൽ അഞ്ചു മിനിട്ടുനേരം വേല നിറുത്തി വച്ചു. അപ്പോൾ മോട്ടോർ കാറുകളും വാഹനങ്ങളും തീവണ്ടി

കളും ഓടിയില്ല   ഫാക്ടറികളും മില്ലുകളും ചലിച്ചില്ല.   എല്ലാം മൂകം.   എല്ലാം നിശ്ചലം.

അധ്വാന ശീലം, ബുദ്ധിവിലാസം, മനുഷ്യസ്നേഹം, ഇവ മൂന്നും ഒത്തിണങ്ങിയ ഒരു വിപ്ളവകാരി. കരുത്തും ലാളിത്യവും ഉൾക്കൊള്ളുന്ന ശരീരഘടന. തിളക്കമുള്ള കണ്ണുകൾ. തുളച്ചുകയറുന്ന നോട്ടം. ഇടത്തരത്തിൽ അല്പം താണ ഉയരം. റോമൻ ഛായ കലന്ന മുഖം. ആർക്കും കൗതുകം തോന്നിക്കുന്ന ആകൃതി. ഒരിക്കൽ കണ്ടാൽ പിന്നൊരിക്കലും മറക്കുകയില്ല.

വി. ഐ. ലെനിൻ,
വ്ളാദിമീർ ഇലിയാച്ച് ലെനിൻ,
വിപ്ളവ കാലത്ത് അദ്ദേഹം ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചു.
ഭരണകാലത്ത് അദ്ദേഹം സുഖത്തിന്റെയും സംതൃപ്തിയുടെയും വസന്തമായിരുന്നു.

# ഇരുപത്തൊന്ന്

# സ്മാരകങ്ങൾ

അനശ്വരനായ ഒരു നേതാവാണ് ലെനിൻ. അദ്ദേഹത്തിനു സ്മാരകങ്ങൾ വാസ്തവത്തിൽ ആവശ്യമില്ല. സോവിയറ്റ് റഷ്യ തന്നെ അദ്ദേഹത്തിന്റെ സ്മാരകമാണ്. എങ്കിലും റഷ്യയിൽ അദ്ദേഹത്തിനു വേണ്ടി അനവധി സ്മാരകങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വിപ്ളവകാരികളായ നിക്കോലായേവിച്ചിന്റെ മക്കൾ ജനിച്ചു വളർന്ന സിംബിർസ്ക് ഇന്നു ഉല്യാനോവ് എന്ന പേരിലാണ് അറിയപ്പെടുന്നതു്. അവരുടെ കുടുംബനാമമാണ് അതു്. ലെനിൻ തന്റെ ശൈശവ കൗമാരങ്ങൾ കഴിച്ചു കൂട്ടിയ ഭവനത്തിൽ ഒരു ലെനിൻ സ്മാരകമുണ്ടു്. സൈബീരിയയിലെ ഷൂഷൻസ്കോയേ ഗ്രാമത്തിൽ, ലെനിൻ തടവിൽ പാൎത്ത ഭവനവും, ഗോർക്കിയിൽ തന്റെ അവസാന ദിവസങ്ങൾ അദ്ദേഹം കഴിച്ചു കൂട്ടിയ മന്ദിരവും മററു രണ്ടു ലെനിൻ മ്യൂസിയങ്ങളാണ്. ലെനിന്റെ എല്ലാ വിപ്ളവ പ്രവൎത്തനങ്ങൾക്കും കേന്ദ്രമായിരുന്ന പെട്രോഗ്രാഡിനു് അവിടത്തെ തൊഴിലാളികളുടെ അഭ്യൎത്ഥനയനുസരിച്ചു്, അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി "ലെനിൻ ഗ്രാഡ്" എന്നു പേരിട്ടിരിക്കുന്നു.

മോസ്കോയിൽ ലെനിനെ സംസ്കരിച്ചിരിക്കുന്നിടത്തു് അതിമനോഹരമായ ഒരു സ്മാരകം പണിതുയർത്തിയിട്ടുണ്ടു്.

വിശാലമായ ഒരു മൈതാനത്തിന്റെ ഒരു വശത്തു് ആ നേതാവിനെപ്പോലെ തന്നെ തലയുയർത്തിപ്പിടിച്ച് അതു നിൽക്കുകയാണ്. മനോഹരമായ ശരത് കാലത്തു് തെളിഞ്ഞ നീലാകാശത്തിനു താഴെ നെറുകയിൽ വെള്ളി മേഘങ്ങൾ ഉമ്മവച്ചു കളിക്കുന്ന ആ സ്മാരക സൗധം അകലെ നിന്നു നോക്കിക്കാണേണ്ടതാണ്. റഷ്യ സന്ദർശിക്കുന്ന സഞ്ചാരികൾ ലെനിൻ സ്മാരകങ്ങളൊന്നും വിട്ടുകളയാറില്ല.

Printed at Subash Printing Works, Palayam Trivandrum-1

MUNAVIRVL ISLAM HIGH SCHOOL
Date....................
ERNAKULAM.

MUNAVIRUL ISLAM HIGH SCHOOL.
Date..................
ERNAKULAM.